ACHARYA
An influential mentor

www.acharyainfo.com

# Hot Topics

**SPECIAL EDITION 2021 – 2022**

**MALAYALAM**

# അദൃശ്യമായ ഭൂഗർഭ ജലസ്രോതസുകൾ

ഈ വർഷത്തെ അന്താരാഷ്ട്ര ജലദിനം മുന്നോട്ടു വെച്ച ആശയം എന്നത് "ഗ്രൗണ്ട് വാട്ടർ: മേക്കിങ് ദി ഇൻവിസിബിൾ, വിസിബിൾ " എന്നതായിരുന്നു.

## എന്തുകൊണ്ട് ഭൂഗർഭ ജലസ്രോതസിനെ ഒരു അദൃശ്യ സ്രോതസ് എന്ന് വിളിക്കുന്നത്?

ഭൂതല ജലസ്രോതസുകളായ നദിയും കുളങ്ങളും തടാകങ്ങളുമെല്ലാം ദൃശ്യമായവയാണ്. കാലങ്ങളായുള്ള മാനുഷിക ചൂഷണം കാരണം അവയ്ക്കുണ്ടായിട്ടുള്ള നാശങ്ങളും ദൃശ്യമാണ്. അതുകൊണ്ടുതന്നെ ഭൂതല ജലസ്രോതസുകളുടെ സംരക്ഷണത്തിനായി സർക്കാരിന്റെ ഭാഗത്തുനിന്നും മറ്റു സംഘടനകളുടെ ഭാഗത്തു നിന്നുമെല്ലാം വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഭൂഗർഭ ജലസ്രോതസുകൾ അദൃശ്യമായവയാണ്. മനുഷ്യന്റെ വിവിധ പ്രവർത്തികൾ ഭൂഗർഭ ജലസ്രോതസുകളെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ജലസ്രോതസുകൾ അദൃശ്യമായതുകൊണ്ടുതന്നെ അവയ്ക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശം ശ്രദ്ധിക്കപ്പെടാതെ പോവുകയാണ്. അതുകൊണ്ടുതന്നെ ജലസംരക്ഷണത്തിനായുള്ള നടപടികൾ പലതും ഭൂതല ജലസ്രോതസുകളെ മാത്രം ലക്ഷ്യമാക്കി ഒതുങ്ങുകയാണ്.

ACHARYA
An influential mentor

## ഇന്ത്യയിലെ ഭൂഗർഭ ജലസ്രോതസുകളുടെ അവസ്ഥ

- ലോകജനസംഖ്യയുടെ 16 % ഉൾക്കൊള്ളുന്നത് ഇന്ത്യയാണ് . എന്നാൽ ഭൂമിയിലെ മൊത്തം ശുദ്ധജലസ്രോതസുകളുടെ 4 % ആണ് ഇന്ത്യയിലുള്ളത്. നിലവിലെ ഇന്ത്യയിലെ ജലോപയോഗത്തിന്റെ പ്രവണത കണക്കിലെടുത്താൽ 2030 ആകുമ്പോഴേക്കും ഇന്ത്യയ്ക്ക് ആവശ്യമുള്ള ശുദ്ധജലത്തിന്റെ പകുതിമാത്രമേ രാജ്യത്തുണ്ടാകു.

- ലോകത്തിലേറ്റവും കൂടുതൽ ഭൂഗർഭ ജലം ഉപയോഗിക്കപ്പെടുന്ന രാജ്യമാണ് ഇന്ത്യ. സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിൻറെ കണക്കുകൾ പ്രകാരം രാജ്യത്തെ മൊത്തം ഭൂഗർഭജലസ്രോതസുകളുടെ 17 % വും അമിത ചൂഷണം നേരിടുകയാണ്. എന്നുവെച്ചാൽ അവ പുനർനിർമിക്കപ്പെടുന്നതിനേക്കാൾ വേഗത്തിൽ ഉപയോഗിച്ച് തീരുകയാണെന്നർത്ഥം. ഓരോ വർഷവും രാജ്യത്തെ കൃഷിഭൂമിക്കാവശ്യമായ ജലസേചനത്തിനായി 230 ബില്യൺ ക്യൂബിക് മീറ്റർ ഭൂഗർഭ ജലമാണ് പുറത്തെടുക്കുന്നത്.

- രാജ്യത്തിന്റെ മൊത്തം ഭൂഗർഭ ജലോപയോഗത്തിന്റെ 89 % വും കാർഷിക മേഖലയിലാണ്. പഞ്ചാബ് , ഹരിയാന രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഭൂഗർഭ ജലചൂഷണം 100 % നു മേലെയാണ്.

## ഭൂഗർഭ ജലസ്രോതസുകളുടെ സംരക്ഷണത്തിനായുള്ള നടപടികൾ.

**നാഷണൽ പ്രൊജക്റ്റ് ഓൺ അക്വിഫെർ മാനേജ്മെന്റ് (NAQUIM)** : രാജ്യത്തെ വിവിധ മേഖലകളിലെ ഭൂഗർഭ ജലസ്രോതസുകളുടെ സമഗ്രമായ യഥാസമയ വിവരം ലഭ്യമാക്കുകയാണ് പ്രോജെക്റ്റുകൊണ്ടു ഉദ്ദേശിക്കുന്നത്. ഭൂഗർഭ ജലസ്രോതസുകൾ സംരക്ഷിക്കാൻ ലക്ഷ്യം വെയ്ക്കുന്ന വിവിധ പദ്ധതികളുടെ ആസൂത്രണത്തെയും നടപ്പാക്കലിനെയും ഇത് ഏറെ സഹായിക്കും.

**മാസ്റ്റർ പ്ലാൻ ഫോർ ആർട്ടിഫിഷ്യൽ റീചാർജ് ടു ഗ്രൗണ്ട് വാട്ടർ 2020** : സംസ്ഥാനങ്ങളുമായി ആലോചിച്ചുകൊണ്ടു സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് ആണ് 'ദി മാസ്റ്റർപ്ലാൻ - 2020' തയ്യാറാക്കിയത്. രാജ്യത്തു വിവിധ ഇടങ്ങളിലായി 1.42 കോടി മഴവെള്ള സംരക്ഷണവും ആർട്ടിഫിഷ്യൽ റീചാർജ് സ്ട്രക്ചേഴ്സും രൂപീകരിക്കുകയാണ് പ്രൊജക്റ്റ് ചെയ്യുന്നത്.

ACHARYA
An influential mentor

# ഇ-കൊമേഴ്സും സൂക്ഷ്മ- ചെറുകിട- ഇടത്തരം-(MSME)സംരംഭങ്ങളും

കോവിഡ് 19 മഹാമാരി ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലയിലും തന്നെ ബാധിച്ചിട്ടുണ്ട്. ബിസിനസ്സുകൾക്കും മറ്റു വ്യാപാരങ്ങൾക്കും കൂടുതലായി സാങ്കേതിക വിദ്യയെ ആശ്രയിക്കേണ്ടിവന്നു എന്നതും ശ്രദ്ധേയമായ കാര്യമാണ്. ഈ സാഹചര്യത്തിൽ MSME മേഖല ചില വെല്ലുവിളികൾ നേരിടുകയാണ്. അതുകൊണ്ടുതന്നെ ഇ-കൊമേഴ്സിന്റെ സാധ്യതകൾ MSME മേഖലയിലും ഉപയോഗപ്പെടുത്തേണ്ടത് ആവശ്യമാണ്.

## MSME യും ഇന്ത്യൻ സമ്പദ്വ്യവസ്ഥയും.

- രാജ്യത്തു ഏതാണ്ട് 36.1 മില്യൺ MSME യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

- രാജ്യത്തിന്റെ ജി.ഡി.പി യിലേക്കുള്ള ദ്വിദീയ മേഖലയുടെ സംഭവാനയിൽ

- 6 .11 % സംഭാവന ചെയ്യുന്നത് MSME മേഖലയാണ്.

- സേവന മേഖലയിൽ നിന്നും ജിഡിപി യിലേക്കുള്ള സംഭാവനയിൽ 24.63 % MSME മേഖലയുടേതാണ്.

- രാജ്യത്തിന്റെ മൊത്തം കയറ്റുമതിയുടെ 45 % വും സംഭാവന ചെയ്യുന്നത് MSME മേഖലയാണ്.

- രാജ്യത്തിന്റെ ഗ്രാമീണ മേഖലയിൽ പോലും തൊഴിൽ സൃഷ്ടിക്കു MSME വഴിയൊരുക്കുന്നു.

- നിലവിൽ MSME മേഖലയിൽ നിന്നുള്ള 10 % ൽ താഴെ മാത്രമാണ് ഓൺലൈൻ വഴി വിൽക്കപ്പെടുന്നത്.

ACHARYA
An influential mentor

## ഈ- കൊമേഴ്‌സ് വേദികൾ ഉപയോഗിക്കപ്പെടുമ്പോഴുള്ള ഗുണങ്ങൾ.

- MSME മേഖലയിൽ നിന്നുള്ള ചെറുകിട ഉത്പന്നങ്ങൾ പോലും രാജ്യത്തിന്റെ മുക്കിലും മൂലയിലും വില്പന നടത്താൻ ഓൺലൈൻ പ്ലാറ്റുഫോമുകൾ സാഹചര്യം ഒരുക്കും.

- "വോക്കൽ ഫോർ ലോക്കൽ", അറ്മാനിർബർ ഭാരത് എന്നീ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ഈ-കൊമേഴ്‌സ് വ്യാപാരം സഹായിക്കും.

- ചില പഠനങ്ങൾ പ്രകാരം രാജ്യത്തെ 10 ശതമാനത്തോളം ജനറൽ സ്റ്റോറുകൾ ഡിജിറ്റലിസ്റ് ചെയ്തു കഴിഞ്ഞാൽ അത് 3 .2 മില്യൺ അധികം തൊഴിൽ സൃഷ്ടിക്കു വഴിയൊരുക്കും.

## വെല്ലുവിളികൾ.

- പശ്ചാത്തല സൗകര്യങ്ങളുടെയും സാങ്കേതിക വിദ്യയുടെയും അഭാവം.

- ബോധവൽക്കരണത്തിന്റെ അഭാവം.

- പ്രതികൂലമായ ചരക്കു-സേവന നികുതി.

5 ട്രില്യൺ അമേരിക്കൻ ഡോളറിന്റെ സമ്പദ് വ്യവസ്ഥ എന്ന ലക്ഷ്യം നേടിയെടുക്കണമെങ്കിൽ രാജ്യം ആഭ്യന്ദ്ര ഉത്പാദന മേഖലയുടെയും കയറ്റുമതിയുടെയും സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതിനായി ഡിജിറ്റലൈസേഷൻ പ്രോത്സാഹിപ്പിക്കുകയും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും അനുകൂലമായ ജി.എസ്.ടി വ്യവസ്ഥ സൃഷ്ടിക്കുകയും വേണം.

# നഗരവികസനം അനിവാര്യം.

ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ. 2047 ആകുമ്പോഴേക്കും ലോകത്തിലെ ഏറ്റവും വലിയ മൂന്ന് സാമ്പത്തികശക്തികളിൽ ഒന്ന് ഇന്ത്യ ആണെന്നാണ് കണക്കുകൂട്ടപ്പെടുന്നത്.

ACHARYA
An Influential mentor

സാമ്പത്തികവളർച്ച ഈ രീതിയിൽ മുന്നോട്ടു പോകണമെന്നുണ്ടെങ്കിൽ അവിടെ നഗരങ്ങളുടെ പങ്ക് നിർണായകമാണ്. രാജ്യത്തിന്റെ സാമ്പത്തിക ശക്തികേന്ദ്രങ്ങളാണ് നഗരങ്ങൾ. അതുകൊണ്ടുതന്നെ ഈ അടുത്തകാലത്തായി നഗരവികസനവുമായി ബന്ധപെട്ടു പല പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. എന്നാൽ അവയുടെ ഒന്നും ഗുണം കാര്യമായി പ്രകടമാകുന്നില്ല. ദുർബലമായ ആസൂത്രണം, പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, ദുർബലമായ അർബൻ-ലോക്കൽ ബോഡികൾ എന്നിവ ഇതിന്റെ പ്രധാന കാരണമായി കാണാം.

## <u>ഇന്ത്യയിലെ നഗരവികസനവുമായി ബന്ധപ്പെട്ട ചില വസ്തുതകൾ</u>.

2011 മുതൽ 2036 വരെയുള്ള കാലയളവിൽ ഇന്ത്യയുടെ ജന സംഖ്യ 1211 മില്യണിൽ നിന്നും 1518 മില്യണായി ഉയരുമെന്നാണ് നാഷണൽ കമ്മീഷൻ ഓൺ പോപുലേഷൻ വിലയിരുത്തുന്നത്. ഈ ജനസംഖ്യ വളർച്ചയുടെ 73 % സംഭാവന ചെയ്യുക നഗരങ്ങൾ ആയിരിക്കും.

ഐക്യരാഷ്ട്ര സഭയുടെ കണക്കു കൂട്ടൽ പ്രകാരം 2050 ആകുമ്പോഴേക്കും ഇന്ത്യൻ ജനസംഖ്യയുടെ 50 %വും നഗരങ്ങളിൽ ആയിരിക്കും.

രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 3 % മാത്രമാണ് നഗര പ്രദേശം. എന്നാൽ രാജ്യത്തിന്റെ മൊത്തം ജി.ഡി.പി യിലേക്ക് 70 % വും സംഭാവന ചെയ്യുന്നത് നഗരങ്ങളാണ്. നഗരങ്ങളുടെ ഉയർന്ന ഉത്പാദന ശേഷി ഇത് ചൂണ്ടിക്കാണിക്കുന്നു.

## നഗരവികസനത്തിനായുള്ള സർക്കാർ പദ്ധതികൾ.

നഗരങ്ങൾക്കും നഗര വാസികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്താനായി സർക്കാർ വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട് :

- സ്മാർട് സിറ്റീസ്
- അമൃത് മിഷൻ.
- സ്വച്ച് ഭാരത് മിഷൻ - അർബൻ
- ഹൃദയ്
- പ്രധാന മന്ത്രി ആവാസ് യോജന.

ACHARYA
An influential mentor

## നഗരവികസനത്തിന്റെ വെല്ലുവിളികൾ.

- വായുമലിനീകരണം.
- വെള്ളപ്പൊക്കം
- നഗര-ഗ്രാമ വേർതിരിവിലെ വ്യക്തതയില്ലായ്മ
- ആസൂത്രണമില്ലായ്മ.
- അർബൻ-ലോക്കൽ ബോഡികൾ നേരിടുന്ന പ്രശ്നങ്ങൾ.

# കാലാവസ്ഥ വ്യതിയാനവും ഭക്ഷ്യസുരക്ഷയും.

2030 ആകുമ്പോഴേക്കും ലോകത്തെ വിശപ്പ് രഹിതമാക്കാനുള്ള ശ്രമത്തിലാണ് ലോകരാജ്യങ്ങൾ. ഇത് 'സുസ്ഥിര വികസന ലക്ഷ്യത്തിന്റെ (SDG ഗോൾ) ഭാഗവുമാണ്. യു. എൻ. എഫ്. സി. സി. സി (UNFCCC), സി ഒ പി 26 (COP 26) ഉച്ചകോടിയിൽവെച്ചു ദുർബല വിഭാഗങ്ങളെ സംരക്ഷിക്കാനുള്ള ലോകരാജ്യങ്ങളിലെ സർക്കാരുകളുടെ ശ്രമത്തെ സഹായിക്കാനായി 356 മില്യൺ അമേരിക്കൻ ഡോളർ നീക്കിവെയ്ക്കാൻ ഉച്ചകോടിയിൽ പങ്കെടുത്ത രാജ്യങ്ങൾ തയ്യാറായി. എങ്കിലും ലോകത്തെ വിശപ്പുരഹിതമാകാനുള്ള ശ്രമങ്ങൾ പര്യാപ്തമാകുന്നില്ല, പ്രത്യേകിച്ചു കോവിഡ് മഹാമാരിയുണ്ടാക്കിയ ആഘാതത്തിന്റെ പശ്ചാത്തലത്തിൽ.

കാലാവസ്ഥ വ്യതിയാനം തടഞ്ഞുകൊണ്ട് സുസ്ഥിര വികസനത്തിലൂന്നി ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തണമെങ്കിൽ ആഗോളതലത്തിൽ തന്നെ ഭക്ഷ്യ-ഉത്പാദന-വിതരണ-സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

## കാലാവസ്ഥ പ്രതിസന്ധയും പട്ടിണിയും.

കാലാവസ്ഥ വ്യതിയാനവും ഭക്ഷ്യോത്പാദനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥ വ്യതിയാനം ആഗോളതലത്തിൽ തന്നെ ഭക്ഷ്യോത്പാദനം മുതൽ ഉപഭോഗം വരെയുള്ള സംവിധാനത്തെ ബാധിക്കുന്നുണ്ട്.

കാലാവസ്ഥ വ്യതിയാനം വിളകൾ നശിപ്പിക്കുകയും വിതരണശൃംഖല തടസപ്പെടുത്തുകയും അത് ഭക്ഷ്യലഭ്യതയിൽ കുറവുണ്ടാക്കുകയും ചെയ്യുന്നു.

അതേസമയം കൃഷി കാലാവസ്ഥ വ്യതിയാനത്തിനും കാരണമാകുന്നുണ്ട്. പഠനങ്ങൾ പ്രകാരം ലോകത്തു പുറംതള്ളപ്പെടുന്ന ഹരിതഗൃഹവാതകങ്ങളിൽ 30 % വും പുറംതള്ളുന്നത് കാർഷികമേഖലയിൽ നിന്നാണ്.

## നിലവിലെ സാഹചര്യം.

2030 ആകുമ്പോഴേക്കും പട്ടിണിയും പോഷകാഹാരകുറവും പരിഹരിക്കുമെന്ന ലക്ഷ്യം പലതരത്തിലുള്ള വെല്ലുവിളികൾ നേരിടുകയാണ്. അവ :

- ലോകത്തു രൂക്ഷമായ പട്ടിണിയിൽ കഴിയുന്നവരുടെ എണ്ണം കോവിഡ് മഹാമാരി ഇരട്ടിയാക്കുകയുണ്ടായി.

- ഐക്യരാഷ്ട്ര സഭയുടെ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ കണക്കുകൾ പ്രകാരം ആഗോളതാപനത്തിൽ പ്രീ ഇൻഡസ്ട്രിയൽ ലെവെലിനെക്കാൾ 2 ഡിഗ്രി സെൽഷ്യസ് വർദ്ധനവുണ്ടായാൽ അത് 189 മില്യൺ ജനങ്ങളെ അധികമായി പട്ടിണിയിലേക്ക് തള്ളിയിടും.

- ഏറ്റവും പുതിയ ഐപിസിസി റിപ്പോർട്ട് പ്രകാരം കാലാവസ്ഥ വ്യതിയാനം ജീവിതോപാധിയെയും ഭക്ഷ്യ ഉത്പാദനത്തിനെയും മാത്രമല്ല പോഷകാഹാര ലഭ്യതയെയും ദോഷകരമായി ബാധിക്കുന്നു.

- ലോകത്തിലെ ദുർബല വിഭാഗത്തെയാണ് കാലാവസ്ഥ വ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്നത് . ലോകത്തിൽ ഭക്ഷ്യ സുരക്ഷ ഏറ്റവും കുറഞ്ഞ പത്തു രാജ്യങ്ങൾ ആഗോളതലത്തിലുള്ള കാർബൺ പുറംതള്ളലിന്റെ 0.08 % മാത്രമാണ് സംഭാവന ചെയ്യുന്നത്.

ACHARYA

# മാനുവൽ സ്കാവെഞ്ചിങ്ങും ജാതിവ്യവസ്ഥയും.

സ്വാതന്ത്ര്യത്തിനു ശേഷം രാജ്യം പുരോഗമനപരമായ പല നേട്ടങ്ങളും കൈവരിച്ചെങ്കിലും അത്തരം പുരോഗമനപരമായ നേട്ടങ്ങൾ പലതും പക്ഷപാദപരമായിരുന്നെന്ന് കരുതേണ്ടിവരും. നേട്ടങ്ങൾ രാജ്യത്ത് എല്ലാവരിലേക്കും ഒരേപോലെ എത്താതായതു പിന്നിലെ ഒരു കാരണം രാജ്യത്തിപ്പോഴും നിലനിൽക്കുന്ന ജാതി വ്യവസ്ഥയാണ്.

## എന്താണ് മാനുവൽ സ്കാവെഞ്ചിങ്?

യാതൊരു തരത്തിലുമുള്ള സുരക്ഷാസംവിധാനങ്ങളുമില്ലാതെ നഗ്നമായ കൈകൾ കൊണ്ട് മനുഷ്യ വിസർജ്യം നീക്കം ചെയ്യുന്നതിനെയാണ് മാനുവൽ സ്കാവെഞ്ചിങ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഭരണഘടനയിലെ ആർട്ടിക്കിൾ 21 പ്രകാരമുള്ള മൗലിക അവകാശത്തിന്റെ ലംഘനമാണ് ഇത്.

## മാനുവൽ സ്കാവഞ്ചിങ് എങ്ങനെ ജാതിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

ഇന്ത്യയിൽ തൊഴിലും തൊഴിലാളികളും പലപ്പോഴും ജാതി അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിട്ടുണ്ട്. ജോലിയുടെ കാര്യത്തിൽ ദളിത് വിഭാഗത്തിൽ പെട്ടവർ പലപ്പോഴും വേർതിരിവ് നേരിടുകയാണ്.

മാനുവൽ സ്കാവെഞ്ചിങ് രാജ്യത്തിന്റെ പല ഭാഗത്തും ദളിത് വിഭാഗത്തിൽ പെട്ടവരുടെ ജോലിയാണെന്ന് മുദ്രകുത്തപ്പെട്ടിരിക്കുന്നു. കുറഞ്ഞ വേദനത്തിനു ഈ ജോലി ചെയ്യാൻ ജാതിപരമായ കരണങ്ങൾകൊണ്ടുതന്നെ അവർ നിർബന്ധിക്കപ്പെടുകയും അത് അവരെ സ്ഥിരമായ ദാരിദ്ര്യത്തിലേക്കും സാമൂഹികമായ അവഗണന നേരിടുന്നതിലെക്കും നയിക്കുന്നു. സർക്കാർ വിവരങ്ങൾ പ്രകാരം രാജ്യത്തെ മാനുവൽ സ്കാവെഞ്ചേഴ്സിൽ 97% വും ദളിത് വിഭാഗത്തിൽ പെട്ടവരാണ്.

## മാനുവൽ സ്കാവെഞ്ചിങ് തടയാനുള്ള ശ്രമങ്ങൾ

- പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആസ് മാനുവൽ സ്കാവെഞ്ചേർസ് ആൻഡ് ദെയ്ർ റീഹാബിലിറ്റേഷൻ ആക്ട്, 2013
- പ്രിവൻഷൻ ഓഫ് അട്രോസിറ്റി ആക്ട് 1989
- സഫായി മിത്ര സുരക്ഷാ ചാലഞ്ച്

## മാനുവൽ സ്കാവെഞ്ചിങ് തടയാൻ എന്തൊക്കെ ചെയ്യാം.

- ദളിത് വിഭാഗക്കാർക്കായുള്ള നിലവിലെ ക്ഷേമപദ്ധതികൾ കൃത്യമായി നടപ്പിലാക്കുക.
- മാനുവൽ സ്കാവെഞ്ചിങ് തടയാനാവശ്യമായ നിലവിലെ നിയമങ്ങൾ ശക്തമായി നടപ്പാക്കുക.
- ശക്തമായ ബോധവത്കരണം.

ACHARYA
An influential mentor

# നവീകരിക്കപ്പെടുന്ന ഫെഡറലിസം.

ഒരു രാജ്യത്തു രണ്ടു ഭരണ സംവിധാനം നിലനിൽക്കുന്നതിനെ ഫെഡറലിസം എന്ന് പറയാം. കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ഇവിടെ സർക്കാരുകൾ ഉണ്ടാകും. കേന്ദ്രവും സംസ്ഥാങ്ങളും തമ്മിൽ അധികാരം വിഭജിച്ചെടുക്കുന്നു. ഇന്ത്യൻ ഭരണഘടനയും ഫെഡറലിസം എന്ന ആശയത്തെ ഉൾക്കൊണ്ടിട്ടുണ്ട്. ഫെഡറലിസം ഇന്ത്യൻ ഭരണഘടനയുടെ ബേസിക് സ്ട്രക്ച്ചർ ആണ്.

## ഇന്ത്യൻ ഫെഡറലിസം.

- ഇന്ത്യൻ ഭരണഘടന ഒരു ക്വാസി-ഫെഡറൽ ആണ്.

- ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 245 -254 വരെ വരുന്ന ഭാഗത്ത് കേന്ദ്രത്തിന്റെയും സംസ്ഥാനത്തിൻറെയും നിയമനിർമാണാധികാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രതിപാദിക്കുന്നു.

- ആർട്ടിക്കിൾ 246 ഭരിക്കാനുള്ള വിഷയങ്ങളെ കേന്ദ്ര പട്ടിക, സംസ്ഥാന പട്ടിക, കൺകറന്റ് പട്ടിക എന്നിങ്ങനെ മൂന്നായി ക്രമീകരിച്ചിരിക്കുന്നു.

ACHARYA
An influential mentor

## രാജ്യത്തു ഫെഡറലിസവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന പ്രശ്നങ്ങൾ.

### ഫിസ്കൽ നയങ്ങളിൽ വർധിച്ചുവരുന്ന കേന്ദ്ര സർക്കാറിന്റെ മേൽക്കോയ്മ:

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടു കൂടി നടപ്പാക്കേണ്ട പദ്ധതികളിൽ സംസ്ഥാനസർക്കാരുകളുടെ വിഹിതം ഉയർത്തിയ നടപടി ഇതിന് ഉദാഹരണമാണ്. സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ നോട്ട് നിരോധനം നടപ്പാക്കിയത് മറ്റൊരു ഉദാഹരണമാണ്.

### കോവിഡ് - 19 ആഘാതം

മഹാമാരി പടർന്നതോടെ അത് നിയന്ത്രിക്കാനാവശ്യമായ നടപടികളുടെ ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്ക് വലിയതോതിൽ വന്നപ്പോൾ അതുമായി ബന്ധപ്പെട്ട വാക്സിനേഷൻ, ടെസ്റ്റിംഗ് കിറ്റ് വാങ്ങിക്കൽ, അടച്ചിടലിന്റെ നിയന്ത്രണം എന്നിവ കേന്ദ്രം നിയന്ത്രിക്കുന്ന സാഹചര്യമായിരുന്നു.

### സംസ്ഥാനങ്ങളുടെ അധികാരത്തിൽ കയ്യേറുന്ന നിയമനിർമ്മാണശ്രമങ്ങൾ

കേന്ദ്രസർക്കാർ ഈയ്യിടെ അവതരിപ്പിച്ച പല ബില്ലുകളും സംസ്ഥാനങ്ങളുടെ അധികാരത്തെ കുറക്കുന്നവയായിരുന്നു. കാർഷിക നിയമങ്ങൾ, ബാങ്കിങ് റെഗുലേഷൻ (ഭേദഗതി) ബിൽ, 2020, ഇന്ത്യൻ മറൈൻ ഫിഷറീസ് ബിൽ 2021 തുടങ്ങിയവ ഉദാഹരണങ്ങൾ ആണ്.

### ചരക്ക്-സേവന നികുതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ

മഹാമാരിയുടെ സമയത്ത് സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകേണ്ടതായ ജി.എസ്.ടി നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്രം പരാജയപ്പെട്ടു. ഇത് പല സംസ്ഥാനങ്ങളുടെയും സാമ്പത്തികസ്ഥിതി മോശമാക്കുന്ന സാഹചര്യം ഉണ്ടായി.

## എ.യു.കെ.യു.എസ് (ഓക്കസ്) - ഭൂ-രാഷ്ട്രതന്ത്രപരമായ പ്രാധാന്യം

ASHAKYA
An influential mentor

### എന്താണ് എ.യു.കെ.യു.എസ് (ഓക്കസ്) ?

അമേരിക്കയും ഓസ്ട്രേലിയയും ബ്രിട്ടനും ചേർന്ന് രൂപീകരിച്ച പുതിയ കൂട്ടുകെട്ടാണ് 'ഓക്കസ്' എന്ന പേരിൽ അറിയപ്പെടുന്നത്. ഇൻഡോ-പസഫിക് മേഖലയിൽ വളർന്നുവരുന്ന വെല്ലുവിളികളെ നേരിടുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ കൂട്ടുകെട്ട് രൂപംകൊണ്ടത്. ചൈനയുടെ പേര് എടുത്തു പറഞ്ഞില്ലെങ്കിലും മേഖലയിലെ ചൈനയുടെ വളർന്നുവരുന്ന ഭീഷണി തടയുകയാണ് ലക്ഷ്യമെന്നത് വ്യക്തമാണ്.

### ഓക്കസിന്റെ ആവശ്യകത

- തെക്കൻ ചൈന കടലിലെ പല തർക്ക മേഖലയിലും നടക്കുന്ന ചൈനയുടെ ആധിപത്യശ്രമം പലപ്പോഴും മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- ഇൻഡോ-പസഫിക് മേഖലയിലെ ദ്വീപുകളിൽ വർധിച്ചുവരുന്ന നിർമ്മാണപ്രക്രിയകൾ ഉയർത്തുന്ന ഭീഷണി.

- ആസ്ത്രേലിയക്ക് മേലുള്ള ചൈനയുടെ വ്യാപാര-ഉപരോധം

## ഒക്കസ് കൂട്ടുകെട്ടിന്റെ പ്രധാന ഘടകങ്ങൾ

പുതിയ കൂട്ടുകെട്ടിന്റെ ഭാഗമായി മൂന്ന് രാജ്യങ്ങളും സുരക്ഷാ-പ്രതിരോധ മേഖലയിലെ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് കൂടുതൽ ശക്തമായ സഹകരണവും ഒപ്പം സംയുക്ത ശേഷി വർദ്ധിപ്പിക്കലും ലക്ഷ്യം വെക്കുന്നു,

അമേരിക്കയുടെയും യു.കെ;യുടെയും സഹായത്തോടെ ആസ്ത്രേലിയ ആണവ-ഇന്ധനത്തിൽ പ്രവർത്തിക്കുന്ന മുങ്ങിക്കപ്പൽ നിർമ്മിക്കും. ഇതോടെ ഇത്തരം കപ്പൽ കൈവശമുള്ള ഏഴാമത്തെ രാജ്യമായി ആസ് ത്രേലിയ മാറും.

## യൂറോപ്യൻ മേഖലയിലെ പ്രതികരണം

- പുതിയ കൂട്ടുകെട്ടിന്റെ കാര്യത്തിൽ യൂറോപ്യൻ മേഖല പൂർണ്ണമായും അനുകൂലമല്ല.

- ആസ്ത്രേലിയയിൽ നിന്നും അമേരിക്കയിൽ നിന്നും ഫ്രാൻസ് തങ്ങളുടെ അംബാസിഡർമാരെ തിരിച്ചു വിളിച്ചു.

- ഇൻഡോ-പസഫിക് മേഖലയിലെ രാഷ്ട്രീയപരവും പ്രതിരോധപരവുമായ സഹകരണവുമായി ബന്ധപ്പെട്ട് യൂറോപ്യൻ യൂണിയൻ വേറിട്ട സ്ട്രാറ്റജി പ്രഖ്യാപിച്ചിട്ടുണ്ട്.

- ഇന്ത്യയുടേയും ആസ്ത്രേലിയയുടെയും ഫ്രാൻസിന്റെയും വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ നിന്നും ഫ്രാൻസ് പിന്മാറുകയുണ്ടായി.

## ഇൻഡോ-പസഫിക് സഹകരണങ്ങളിലെ ആഘാതം

- പുതിയ കൂട്ടുകെട്ട് ഇൻഡോ-പസഫിക് മേഖലയിലെ നിലവിലെ സഹകരണങ്ങളിൽ വിള്ളലുണ്ടാക്കുമോ എന്ന ആശങ്ക നിലനിൽക്കുന്നു.

- മേഖലയിലെ മറ്റൊരു പ്രധാന കൂട്ടുകെട്ടായ 'ക്വാഡ്' പുതിയ 'ഓക്കസ്' കൂട്ടുകെട്ടുമായി ചേർന്ന് പ്രവർത്തിക്കുമോ അതോ രണ്ടും

വ്യത്യസ്തമായ രീതിയിൽ മുന്നോട്ടു പോകുമോ എന്നതും ആശങ്ക സൃഷ്ടിക്കുന്നു.

## ഇന്ത്യയുടെ ആശങ്ക

- 'ഓക്കസ്'ൽ നിന്നും ഇന്ത്യയെയും ജപ്പാനെയും മാറ്റിനിർത്തി.

- ഇൻഡോ-പസഫിക് മേഖലയിലെ ഇന്ത്യയുടെ പ്രധാന കാൽവെപ്പാണ് 'ക്വാഡ്'. പുതിയ കൂട്ടുകെട്ടായ 'ഓക്കസ്' 'ക്വാഡ്'നെ ദുർബലമാക്കുമോ എന്നതും ഇന്ത്യയുടെ പ്രധാന ആശങ്കയാണ്.

# ഇന്ത്യ-ഓസ്ട്രേലിയ ബന്ധം

- 1941 ൽ തന്നെ ഓസ്ട്രേലിയയിൽ ഒരു വ്യാപാര ഓഫീസ് ഇന്ത്യ സ്ഥാപിച്ചിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷവും ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം തുടർന്നു.

ACHARYA
An influential mentor

- 2009 ൽ ഇരു രാജ്യങ്ങളും തമ്മിൽ ഒരു സ്ട്രാറ്റജിക് പാർട്ണർഷിപ് സ്ഥാപിച്ചു. അതിനു ശേഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായി.

- ഓസ്ട്രേലിയൻ ജനസംഖ്യയുടെ പകുതിയോളം ഇന്ത്യൻ വംശജരാണ്.

- 2017 ലെ കണക്കു പ്രകാരം ഏകദേശം 60 ,000 നു മുകളിൽ ഇന്ത്യൻ വിദ്യാർത്ഥികൾ ഓസ്ട്രേലിയയിൽ പഠിക്കുന്നുണ്ട്.

- ഓസ്ട്രേലിയയിൽ വേഗത്തിൽ വളരുന്ന ഒരു ഭാഷ പഞ്ചാബിയാണ്.

## സാമ്പത്തിക ബന്ധം.

- ഇന്ത്യയുമായിട്ടുള്ള സാമ്പത്തിക ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2018 ൽ "ഇന്ത്യ ഇക്കണോമിക് സ്ട്രാറ്റജി ടു 2035 " എന്ന പേരിൽ ഓസ്ട്രേലിയ ഒരു പേപ്പർ പ്രസിദ്ധീകരിക്കുകയുണ്ടായി.

- ഓസ്ട്രേലിയയുടെ എട്ടാമത്തെ ഏറ്റവും വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യ.

- ഓസ്ട്രേലിയയ്ക്കുള്ള ഇന്ത്യയുടെ പ്രധാന കയറ്റുമതി സംസ്കൃത എണ്ണയാണ്.

- ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യ പ്രധാനമായും ഇറക്കുമതി ചെയ്യുന്നത് കൽക്കരി, പ്രകൃതിക്കു വാതകം തുടങ്ങിയവയാണ്.

- 2014 ൽ ഇരു രാജ്യങ്ങളും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം 2017 മുതൽ ഓസ്ട്രേലിയ ഇന്ത്യയ്ക്ക് യുറേനിയം വിതരണം ചെയ്യുന്നുണ്ട്. ആണവ നിർവ്യാപനകരാറിൽ ഒപ്പുവെയ്ക്കാത്ത രാജ്യമായിട്ടും ഓസ്ട്രേലിയ ഇന്ത്യയ്ക്ക് യുറേനിയം നൽകാൻ തയ്യാറായി.

- ഇന്ത്യയും ഫ്രാൻസും നേതൃത്ത്വം നൽകുന്ന ഇന്റർനാഷണൽ സോളാർ അലയൻസിൽ അംഗമാകാനുള്ള കരാർ 2017 ൽ ഓസ്ട്രേലിയ ഒപ്പുവെച്ചു.

ACHARYA
An influential mentor

## തന്ത്രപ്രധാനവും പ്രധിരോധപരവുമായ സഹകരണം.

- ഇരു രാജ്യങ്ങളും ക്വാഡ് കൂട്ടായ്മയിലെ അംഗങ്ങളാണ്.

- 2014 ൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രധിരോധ സഹകരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി പ്രധിരോധ മേഖലയിലെ ഗവേഷണം, വ്യവസായം എന്നിവയും സഹകരണത്തിന്റെ ഭാഗമായി. കൂടാതെ ഇരു രാജ്യങ്ങളുടെയും പ്രധിരോധ മന്ത്രിമാരുടെ സ്ഥിരമായ യോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

# രാജ്യത്തെ ആരോഗ്യ മേഖലയുടെ അവസ്ഥ.

- രാജ്യത്തെ ആശുപത്രികളിൽ ആയിരംപേർക്കു 1.3 കട്ടിലുകൾ മാത്രമാണുള്ളത്. അതുപോലെ ആയിരം പേർക്ക് 0 .8

ഡോക്ടർമാരാണുള്ളത്. ഇതെല്ലാം ആഗോള ശരാശരിയുടെ പകുതിയിൽ താഴെയാണ്.

- ആരോഗ്യമേഖലയ്ക്കു ബജറ്റിൽ മുൻഗണന നൽകുന്ന രാജ്യങ്ങളുടെ 189 പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 179 ആണെന്ന് 2020 -21 ലെ സാമ്പത്തിക സർവ്വേ പറയുന്നു.

- ആഗോള ജനസംഖ്യയുടെ 17 % ഉൾക്കൊള്ളുന്ന ഇന്ത്യ ആഗോള തലത്തിലുള്ള മൊത്തം അസുഖഭാരത്തിന്റെ 20 % ഉൾക്കൊള്ളുന്നു.

- 1000 പേർക്ക് ഒരു ഡോക്ടർ എന്ന അനുപാതത്തിൽ എത്തണമെങ്കിൽ തന്നെ 2030 ആകുമ്പോഴേക്കും ഇന്ത്യക്ക് 2 മില്യൺ അധികം ഡോക്ടർമാർ ആവശ്യമാണ്.

- ലോകത്തിൽ ഏറ്റവും കൂടുതൽ ഔട്ട്-ഓഫ്-പോക്കറ്റ് ചെലവ് ഉള്ള രാജ്യമാണ് ഇന്ത്യ.

## ആരോഗ്യമേഖലയുടെ നില മെച്ചപ്പെടുത്തായുള്ള സർക്കാർ പദ്ധതികൾ

**ദേശീയ ആരോഗ്യ മിഷൻ**: ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, ദേശീയ നഗര ആരോഗ്യ മിഷൻ എന്നീ രണ്ട് ഘടകങ്ങൾ ചേരുന്നതാണ് ദേശീയ ആരോഗ്യ മിഷൻ. രാജ്യത്തെ നഗരപ്രദേശത്തെയും ഗ്രാമീണമേഖലയിലെയും ആരോഗ്യസംവിധാനങ്ങൾ ശക്തിപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം.

**ആയുഷ്മാൻ ഭാരത്**: ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ നാഷണൽ ഹെൽത്ത് പ്രൊട്ടക്ഷൻ മിഷൻ എന്നീ രണ്ടു പദ്ധതികൾ ചേരുന്നതാണ് പ്രധാനമായും ആയുഷ്മാൻ ഭാരത്  പദ്ധതി. ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ വഴി ആരോഗ്യസേവനങ്ങളും ഒപ്പം സൗജന്യമായി ആവശ്യമരുന്നുകളും ലഭ്യമാക്കുകയാണ് ചെയ്യുന്നത്. നാഷണൽ ഹെൽത്ത് പ്രൊട്ടക്ഷൻ മിഷൻ വഴി ആരോഗ്യ ഇൻഷുറൻസും പദ്ധതിവഴി ലഭ്യമാക്കുന്നു.

**ജൻ ഔഷധി**: ജനറിക് മരുന്നുകൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ, ഈ പദ്ധതി വഴി 'പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി പരിയോജന കേന്ദ്രങ്ങൾ സ്ഥാപിച്ചു. ആരോഗ്യ സംരക്ഷണത്തിനായുള്ള

ജനങ്ങളുടെ ഔട്ട്-ഓഫ്-പോക്കറ്റ് ചെലവുകൾ കുറക്കാൻ ഇത് സഹായകരമായി.

**സംസ്ഥാനങ്ങൾക്കുള്ള സഹായം**: ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഉള്ളവ വിപുലീകരിക്കുന്നതിനുമായി സംസ്ഥാനങ്ങൾക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി സഹായം ലഭ്യമാക്കുന്നു.

# നീല നീലസമ്പത്ത് വ്യവസ്ഥ (സമുദ്രാധിഷ്ഠിത സമ്പത്ത് വ്യവസ്ഥ)

2010 ൽ ഗുണ്ടർ പൗലിയാണ് ഈ ആശയം മുന്നോട്ട് വെച്ചത് . സമുദ്രത്തിന്റെ അല്ലെങ്കിൽ "നീല വിഭവങ്ങളെ " പ്രോത്സാഹിപ്പിക്കുന്നതിനും ഉയർത്തുന്നതിനുമാണിത് . സമുദ്ര വിഭവങ്ങളെ സുസ്ഥിരമായി ഉപയോഗിച്ചുകൊണ്ടു വളരുന്ന സമ്പത്ത് വ്യവസ്ഥയാണ് നീല സമ്പത്ത് വ്യവസ്ഥ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്.

## നീല സമ്പത്ത് വ്യവസ്ഥയുടെ ആവശ്യം:-

ആഗോള മഹാസമുദ്ര കമ്മീഷന്റെ കണക്ക് അനുസരിച് സമുദ്ര വിഭവങ്ങൾ ലോക ജി.ഡി.പി.യുടെ 5 ശതമാനം സംഭാവന ചെയ്യുന്നു. 350 ദശലക്ഷം ആളുകളുടെ ഉപജീവനമാർഗം സമുദ്രവുമായി ബന്ധപ്പെട്ടതാണ്. എണ്ണ ,വാതക വിഭവങ്ങളുടെ 30 ശതമാനം സമുദ്രത്തിൽ നിന്നാണ് ലഭിക്കുന്നത് . നീലസമ്പത്ത് വ്യവസ്ഥയെ അടിസ്ഥാനമാക്കിയ സാമ്പത്തിക വളർച്ച വെള്ളപൊക്കം കൊടുംകാറ്റ് തുടങ്ങിയ ദുരന്തങ്ങളിൽ നിന്ന് തീരദേശ സമൂഹങ്ങളുടെ സംരക്ഷണം ഉറപ്പാക്കും

## വെല്ലുവിളികൾ: -

- സമുദ്രത്തിലുണ്ടാകുന്ന എണ്ണ ചോർച്ച
- കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം
- പ്ലാസ്റ്റിക് മാലിന്യം, കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനി പോലുള്ളവ സമുദ്രത്തിൽ അടിഞ്ഞുകൂടുന്നത്.
- വര്ഷം തോറും ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ

ACHARYA

- ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവ്

- അമിത ചൂഷണം.

## ഇന്ത്യയും നീല സാമ്പത്തികവ്യവസ്ഥയും

- ഏഷ്യയിലെ തീരദേശ വിനോദസഞ്ചാരമേഖലക്കു ഓരോ വർഷവും ഏകദേശം 10 ശതമാനം ആണ് വർദ്ധനവുണ്ടാകുന്നുണ്ട്. തീരദേശ വിനോദസഞ്ചാരം ഇന്ത്യക്കു വലിയ സാധ്യതകൾനൽകുന്നു.

- തുറമുഖങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസനത്തിന് ഇന്ത്യ ശ്രദ്ധ നൽകുമ്പോൾ നീലസമ്പത്ത് വ്യവസ്ഥയുടെ പ്രാധാന്യം വർദ്ധിക്കുന്നു.

- 7500 കിലോമീറ്റർ വരുന്ന വലിയ തീരപ്രദേശം ഉള്ളതുകൊണ്ടുതന്നെ നീലസമ്പത്ത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള വളർച്ച രാജ്യ സുരക്ഷക്കും പങ്കു വഹിക്കുന്നു.

ACHARYA
An influential mentor

## നീലസാമ്പത്തീക വ്യവസ്ഥയുടെ വളർച്ചയിൽ ഇന്ത്യയുടെ വെല്ലുവിളികൾ: -

- സുസ്ഥിരമല്ലാത്തതും പഴകിയസാങ്കേതിക വിദ്യ ഉപയോഗിച്ചും ഉള്ള അശാസ്ത്രീയമായ മൽസ്യബന്ധനം.

- തീരദേശങ്ങളിലെ കൈയേറ്റവും അനധികൃതനിർമ്മാണങ്ങളും.

- മലിനീകരണവും, കണ്ടൽ കാടുകളുടെ നശീകരണവും.

- കാലാവസ്ഥ വ്യതിയാനം

- അന്താരാഷ്ട്ര നിയമങ്ങൾ ലംഘിച്ചു കൊണ്ടുള്ള മൽസ്യബന്ധനം

- കടൽക്കൊള്ളയും തീവ്രവാദവും

## നീലസമ്പത്ത് വ്യവസ്ഥയുടെ വളർച്ച ഇന്ത്യയിൽ: -

- സാഗരമാല പദ്ധതി നീലസമ്പത് വ്യവസ്ഥയുടെ സാധ്യതാക്കൾ ഉപയോഗിക്കാൻ തക്കതായതാണ്.

- ഇന്ത്യ വികസിപ്പിക്കുന്ന തീരദേശ സാമ്പത്തീക മേഘലകൾ നീല സാമ്പത്തവ്യവസ്ഥയുടെ വളർച്ചക്ക് സഹായിക്കും.

- ഇന്ത്യൻ മഹാസമുദ്രത്തിലെ സുരക്ഷ വർധിപ്പിക്കുന്നതിനായി മേഖലയിലെ രാജ്യങ്ങളുമായി ഇന്ത്യ സഹകരിച്ചു പ്രവർത്തിക്കുന്നു.

- 7500 കിലോമീറ്ററോളം തീരപ്രദേശം ഉള്ള ഇന്ത്യയുടെ വളർച്ചക്ക് നീലസമ്പത്ത് വ്യവസ്ഥ  വലിയ സംഭാവനകൾ നൽകും .

## ഇന്ത്യയുടെ ഇലക്ട്രോണിക് മേഖല

- രാജ്യത്തെ വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന മേഖലകളിൽ ഒന്നാണ് ഇലക്ട്രോണിക് മേഖല.

ACHARYA
An influential mentor

- ഇലക്ട്രോണിക് മേഖലയിലെ ആഭ്യന്തര ഉല്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 25 % ആണ്.

- മേഖലക്കാവശ്യമായ ചിപ്പുകൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ പ്രധാനമായും ഇറക്കുമതി ചെയ്യുകയാണ്. ഇത് സൈബർ-സുരക്ഷാ പ്രശ്നം സൃഷ്ടിക്കുകയും രാജ്യത്തിന്റെ പരമാധികാരത്തെയും സുരക്ഷയെയും ബാധിക്കുകയും ചെയ്യുന്നു.

- മഹാമാരിയെ തുടർന്ന് ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ നിരവധി ചിപ്പ് നിർമ്മാണ യൂണിറ്റുകൾ അടച്ചുപൂട്ടിയതോടെ ഇത്തരം ഇലക്ട്രോണിക് വസ്തുക്കളുടെ ആവശ്യകത വർദ്ധിച്ചു നിൽക്കുന്ന സാഹചര്യമാണ്.

- ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് ആവശ്യമായ ഘടകങ്ങൾ ഭൂരിഭാഗവും ഇറക്കുമതി ചെയ്യുന്നതുകൊണ്ടുതന്നെ രാജ്യത്ത് ഇലക്ട്രോണിക് ഉല്പാദനം വർദ്ധിക്കുമ്പോഴും നെറ്റ് വാല്യൂ അഡിഷൻ കാര്യമായി സംഭവിക്കുന്നില്ല.

## ഇന്ത്യ ചെയ്യേണ്ടത്

- സെമികണ്ടക്ടറുകൾ ആധുനിക ഇലക്ട്രോണിക് മേഖലയിലെ പ്രധാന ഘടകമാണ്. ചിപ്പുകൾ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ ഉത്പാദനത്തിനാവശ്യമായ ആഭ്യന്തര സാഹചര്യം സൃഷ്ടിക്കണം.

- രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിനും ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സിനും മേഖലയിൽ വലിയ രീതിയിൽ സംഭാവന നൽകാനാകും.

- ചിപ്പ് നിർമ്മാണ യൂണിറ്റുകൾ ഉൾപ്പെടെയുള്ളവ വലിയ രീതിയിൽ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നവയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ സർക്കാരിന്റെ സാമ്പത്തിക സഹായം വലിയരീതിയിൽ ലഭ്യമാകേണ്ടതുണ്ട്.

# സിൽവർ സമ്പത്ത് വ്യവസ്ഥയുടെ വെല്ലുവിളികൾ

## എന്താണ് സിൽവർ സമ്പത്ത് വ്യവസ്ഥ?

ഉത്പാദനവും വിതരണവും ഒരു സമ്പത്ത് വ്യവസ്ഥയിലെ മുതിർന്ന പൗരന്മാർക്കായി നടക്കുമ്പോൾ, മറ്റൊരു തരത്തിൽ പറഞ്ഞാൽ ഉല്പാദനവും വിതരണവും മുതിർന്ന പൗരന്മാരുടെ വാങ്ങൽ ശേഷിയെ അടിസ്ഥാനമാക്കി നടക്കുമ്പോൾ അതിനെ സിൽവർ സമ്പത്ത് വ്യവസ്ഥ എന്ന് പറയാം.

യു.എൻ.ഡി.ഇ.എസ്.എ യുടെ റിപ്പോർട്ട് പ്രകാരം 2010-15 കാലഘട്ടത്തിൽ ഇന്ത്യയുടെ ലൈഫ് എക്സ്പെറ്റൻസി എന്നത് 67.5 വർഷമാണ്. ഇതിന്റെ ആഗോള ശരാശരി എന്നത് 70 വർഷമാണ്. ഈ കാര്യത്തിൽ കൈവരിച്ച നേട്ടം രാജ്യത്ത് മുതിർന്ന പൗരന്മാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകാൻ കാരണമായി മാറി. 2050 ആകുമ്പോഴേക്കും രാജ്യത്തെ മുതിർന്ന പൗരന്മാരുടെ എണ്ണം 300 മില്യൺ ആയി ഉയരും എന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിലും രാജ്യത്ത് മുതിർന്ന പൗരന്മാർ പലതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുകയാണ്.

## മുതിർന്ന പൗരന്മാരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വെല്ലുവിളികൾ

- ഏറ്റവും പ്രധാന വെല്ലുവിളി എന്നത് നിലവാരമുള്ള ആരോഗ്യ സേവനം മുതിർന്ന പൗരന്മാർക്ക് യഥാ സമയം ലഭ്യമാക്കുക എന്നതാണ്. ഫിസിയോതെറാപ്പി പോലുള്ള സ്പെഷ്യലൈസ്ഡ് മെഡിക്കൽ സേവനങ്ങൾ വീട്ടിൽ യഥാസമയം ലഭ്യമാക്കാൻ കഴിയേണ്ടതുണ്ട്.

- കുടുംബത്തിൽ നിന്നുള്ള അവഗണന, കുറഞ്ഞ വിദ്യാഭ്യാസ നിലവാരം, സാമൂഹികവും സാംസ്കാരികവുമായ വിശ്വാസങ്ങൾ, തുടങ്ങിയ സാമൂഹിക സാഹചര്യങ്ങൾ മുതിർന്ന പൗരന്മാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ആണ്.

- നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ 400 മില്യൺ പേർക്കും തങ്ങളുടെ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ചെലവുകൾ നിറവേറ്റാൻ ആവശ്യമായ ഇൻഷുറൻസ് സഹായം ലഭിക്കുന്നില്ല.

ACHARYA

# പ്രതിരോധ മേഖലയുടെ സ്വദേശിവൽക്കരണം

An influential mentor

പ്രതിരോധ മേഖലയുടെ സ്വദേശിവൽക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആയുധങ്ങളും മറ്റു പ്രതിരോധ ഉൽപ്പന്നങ്ങളും രാജ്യത്തിനകത്തുതന്നെ വികസിപ്പിക്കാനും നിർമ്മിക്കാനുമുള്ള ശേഷി കൈവരിക്കുകയും അതുവഴി ഇത്തരം വസ്തുക്കളുടെ ഇറക്കുമതി കുറക്കുകയുമാണ്.

## പശ്ചാത്തലം

1980 കളിൽ തന്നെ പ്രതിരോധ മേഖലയിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡി.ആർ.ഡി.ഓ ക്ക് സർക്കാർ വലിയ ധനസഹായം നൽകി വരുന്നുണ്ട്. ഈ മേഖലയിൽ ഒരു വലിയ തുടക്കമായി 1983 ൽ സർക്കാർ അംഗീകാരം നൽകിയ ഇന്റഗ്രേറ്റഡ് ഗൈഡഡ് മിസൈൽ ഡെവലപ്മെന്റ് പ്രോഗ്രാമിനെ കാണാം. 4 തരത്തിലുള്ള മിസൈൽ സംവിധാനങ്ങൾ വികസിപ്പിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. അവ:

- പ്രിഥ്വി
- ആകാശ്
- ത്രിശൂൽ

- നാഗ

പ്രതിരോധ ഉല്പന്നങ്ങൾക്കാവശ്യമായ, ഇന്ത്യക്കകത്ത് ഉൽപ്പാദിപ്പിക്കുന്ന ഘടകങ്ങൾ രാജ്യത്തിൻറെ മൊത്തം പ്രതിരോധ ഉൽപ്പന്നങ്ങൾ വാങ്ങിക്കാനാവശ്യമായ ചെലവിന്റെ എത്ര ശതമാനം വരും എന്ന് കാണിക്കുന്ന സൂചികയാണ് സെൽഫ്-റിലയൻസ് ഇൻഡക്സ്. 1990 ൽ ആരംഭിച്ച 10-ഇയർ-സെൽഫ്-റിലയൻസ് പദ്ധതിയുടെ ഫലമായി സെൽഫ് റിലയൻസ് ഇൻഡക്സ് 1992-93 ലെ 30 ശതമാനത്തിൽ നിന്നും 2005 ആയപ്പോഴേക്കും 70 ശതമാനമായി ഉയർന്നു.

എന്നാൽ സ്വദേശീയമായ ഇത്തരം ശ്രമങ്ങൾ നമ്മുടെ പ്രതിരോധ ആവശ്യങ്ങൾ നികത്താൻ പര്യാപ്തമായിരുന്നില്ല. അതുകൊണ്ടുതന്നെ വിദേശരാജ്യങ്ങളുമായി ചേർന്നുകൊണ്ട് സംയുക്തമായി ആയുധങ്ങൾ വികസിപ്പിക്കാനും നിർമ്മിക്കാനുമുള്ള ശ്രമങ്ങൾ ഇന്ത്യ ആരംഭിച്ചു. അതിന്റെ ഭാഗമായി 1998 ൽ ഇന്ത്യ 'ബ്രഹ്മോസ് സൂപ്പർസോണിക് മിസൈൽ ഉണ്ടാക്കാനുള്ള കരാർ റഷ്യയുമായി ഒപ്പിട്ടു. പിന്നീട് ഫ്രാൻസ്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളുമായും ഇത്തരത്തിലുള്ള കരാറുകൾ ഇന്ത്യ ഒപ്പുവെക്കുകയുണ്ടായി.

ACHARYA
An influential mentor

## എന്തിനാണ് പ്രതിരോധ മേഖലയിലെ സ്വദേശിവൽക്കരണം?

- ഇന്ത്യയുടെ അതിർത്തികൾ പലതും കൃത്യമായി അടക്കപ്പെടാത്തതാണ്. അതുകൊണ്ടുതന്നെ വലിയ രീതിയിലുള്ള സുരക്ഷാ ഭീഷണി നിലവിൽ ഇന്ത്യക്ക് ഉണ്ട്. ഈ സാഹചര്യത്തിൽ ആയുധ നിർമ്മാണ മേഖലയിലെ ആശ്രിതത്വം സുരക്ഷാ ഭീഷണി വർദ്ധിപ്പിക്കുന്നു.

- ലോകത്തിൽ ഏറ്റവും കൂടുതൽ ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. വലിയ തുകക്കുള്ള ഈ ഇറക്കുമതി രാജ്യത്തിൻറെ ഫിസ്കൽ ഡെഫിസിറ്റ് വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

- പ്രതിരോധ മേഖലയിലെ സ്വദേശി വൽക്കരണം വലിയ തോതിലുള്ള തൊഴിൽസൃഷ്ടിക്ക് ഇടവരുത്തും. കണക്കുകൾ പ്രകാരം ആയുധ ഇറക്കുമതിയിൽ 20 മുതൽ 25 ശതമാനം വരെയുള്ള കുറവ് ഏകദേശം ഒരു ലക്ഷത്തിൽ അധികം നേരിട്ടുള്ള തൊഴിൽസൃഷ്ടിക്ക് കാരണമാകും.

- ആയുധ നിർമ്മാണ മേഖലയിൽ സ്വയംപര്യാപ്തത നേടുന്നത് ഇന്ത്യയെ ഒരു ആഗോള ശക്തിയാക്കാൻ സഹായിക്കും.

## പ്രതിരോധമേഖലയിലെ സ്വയംപര്യാപ്തത - ഇപ്പോഴത്തെ സാഹചര്യം

**ഐ. എൻ. എസ് വിക്രാന്ത്** - ഇന്ത്യയിൽ നിർമ്മിക്കുന്ന ആദ്യത്തെ വിമാനവാഹിനി കപ്പൽ ആണിത്.

**അരിഹന്ത്** - ഇന്ത്യ തദ്ദേശീയമായി നിർമ്മിക്കുന്ന ആദ്യത്തെ ന്യൂക്ലിയർ സബ് മറൈൻ ആണിത്.

**അർജുൻ ടാങ്ക്** - ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച മൂന്നാം തലമുറയിൽപ്പെട്ട യുദ്ധ ടാങ്ക് ആണിത്.

# ജഡ്ജിമാരുടെ നിയമനം വൈകുന്നതുമായി ബന്ധപ്പെട്ട നോട്ട്

രാജ്യത്തെ ഹൈകോടതികളിലെ ജഡ്ജിമാരുടെ തസ്തികകളിൽ 38 ശതമാനവും ഒഴിഞ്ഞു കിടക്കുകയാണ്. അതിൽ തന്നെ രാജസ്ഥാനിലേയും ആന്ധ്രാപ്രദേശിലെയും ഹൈകോടതികളിൽ 50 ശതമാനം ജഡ്ജിമാരുടെ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്. 2017 ന് ശേഷം ജഡ്ജിമാരെ നിയമിക്കുന്നത് പകുതിയോളമായി കുറഞ്ഞു. 2019 ൽ 65 ജഡ്ജിമാരെയാണ് നിയമിച്ചത്. 2018 ൽ 108 ആയിരുന്നു നിയമനം. 213 പേരുടെ പട്ടിക സുപ്രീം കോടതി കൊളീജിയം കേന്ദ്ര സർക്കാരിന് അയച്ചെങ്കിലും നിയമനം നടന്നിട്ടില്ല .

## ഹൈകോടതി ജഡ്ജിമാരെ നിയമക്കുന്നതിലെ നടപടിക്രമം

ഒഴിവുകൾ വരുന്നതിന് 6 മാസം മുൻപേ നിയമന നടപടികൾ ആരംഭിക്കണം. നിയമിക്കേണ്ട ജഡ്ജിമാരുടെ പട്ടിക സംസ്ഥാന സർക്കാർ 6 ആഴ്ചക്കകം കേന്ദ്ര നിയമ മന്ദ്രാലയത്തിനയക്കണം. കേന്ദ്ര നിയമ മന്ത്രാലയം ഈ പട്ടിക 4 ആഴ്ചക്കകം സുപ്രീം കോടതി കൊളീജിയത്തിന് അയക്കണം. കൊളീജിയം അംഗീകരിച്ചു കഴിഞ്ഞാൽ 3 ആഴ്ചക്കകം പട്ടിക പ്രധാന മന്ത്രിയുടെ ഓഫീസിലേക്ക് അയക്കണം. തുടർന്ന് പ്രധാനമന്ത്രി ഇവരെ നിയമിക്കാൻ

പ്രസിഡന്ററിന് ഉപദേശം നൽകുകയും പ്രസിഡന്റ് നിയമിക്കുകയും ചെയ്യും . വിഷയത്തിൽ പ്രസിഡന്ററിനെ ഉപദേശിക്കുന്നതിൽ പ്രധാനമന്ത്രിക്കോ നിയമിക്കുന്നതിൽ പ്രസിഡന്ററിനോ സമയ പരിധി പറഞ്ഞിട്ടില്ല .

## നിയമനം വൈകുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ

**രാജ്യത്ത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കുന്നു:**

വിചാരണ വൈകുകയും ശിക്ഷ ലഭിക്കുന്നത് വൈകുകയും ചെയ്യുന്നത് കുറ്റകൃത്യങ്ങൾ പെരുകാൻ ഇടയാക്കുന്നു.

**ജയിലുകൾ നിറയുന്ന അവസ്ഥ:**

രാജ്യത്തെ ജയിലുകളിൽ അവക്ക് താങ്ങാവുന്നതിനേക്കാൾ അധികം തടവ്പുള്ളികൾ ഉണ്ട് .രാജ്യത്തെ ജയിൽ വാസികളിൽ 68 ശതമാനവും വിചാരണ തടവുകാരാണ് . വിചാരണ വൈകുന്നതാണ് ഇവരിൽ പലരും ജയിലിൽ കഴിയേണ്ടിവരുന്നതിന് കാരണം .

# നദീജല സംയോജനം

കൂടുതൽ ജലം ഉൾകൊള്ളുന്ന നദിയിൽ നിന്നും വെള്ളം കുറഞ്ഞ നദികളിലേക്ക് എത്തിക്കുകയാണ് നദീജല സംയോജനം കൊണ്ട് ഉദ്ദേശിക്കുന്നത്. നദീജല സംയോജനം നടപ്പിലാക്കാനായി ദേശീയ വീക്ഷണ പദ്ധതി (നാഷണൽ പെർസെപ്റ്റീവ് പ്ലാൻ) ആവിഷ്കരിച്ചു. ദേശീയ ജലവികസന അതോറിറ്റി ആണ് പദ്ധതി നടപ്പാക്കേണ്ടത്. മുപ്പതോളം നദികളുടെ സംയോജനം ആണ് ഉദ്ദേശിക്കുന്നത്.

3 പതിറ്റാണ്ട് കഴിഞ്ഞിട്ടും നദീജലസേചനം  നടപ്പാക്കാത്തതിനെ തുടർന്ന് സുപ്രീം കോടതി നദീജലസംയോജനം വിലയിരുത്തുന്നതിനായി പ്രത്യേക കമ്മിറ്റി രൂപവൽക്കരിക്കാൻ ആവശ്യപ്പെട്ടു.

## പ്രധാനപ്പെട്ട 2 നദീജല സംയോജന പദ്ധതി

**1. കെൻ - ബെത്തവ**

കെൻ നദിയിലെ അധികം ജലം ബെത്തവ നദിയിലേക്ക് ഒഴിക്കും .മധ്യപ്രദേശിലും ഉത്തരപ്രദേശിലുമായി ഒഴുകുന്നതാണ് ഈ നദികൾ .ജല ദൗർലഭ്യം നേരിടുന്ന സൗരാഷ്ട്ര, കച്ച് മേഖലകളിലേക്ക് ജലമെത്തിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കും .

**2. ദംഗംഗം - പിൻചൽ**

ഗ്രെയ്റ്റർ മുംബൈയുടെ ജല ദൗർലഭ്യം പഹരിക്കാൻ പിൻചൽ നദിജല പദ്ധതി ഉപകാരപ്പെടും.

## ഗുണം

- ജല പുനർ വിതരണം - നദികളുടെ ശൃംഖല സ്ഥാപിക്കപ്പെടുന്നതിലൂടെ ജലം അധികമുള്ള നദികളിൽ നിന്നും ജല ദൗർലഭ്യം നേരിടുന്ന നദികളിലേക്ക് വെള്ളം പുനർവിതരണം നടത്താം.

- പദ്ധതി നിലവിൽ വന്നാൽ ഏകദേശം 25 ദശലക്ഷം ഹെക്ടർ ഭൂമിയിലേക്ക് ജലസേചനം വ്യാപിപ്പിക്കപ്പെടും.

- ജല പുനർവിതരണം വെള്ളപ്പൊക്കവും വരൾച്ചയും തടയുന്നു. ജല ദൗർലഭ്യം നേരിടുന്ന ഉത്തർപ്രദേശ്, മധ്യപ്രദേശ് പോലുള്ള സംസ്ഥാനങ്ങൾക്ക് പദ്ധതി ഏറെ ഗുണം ചെയ്യും.

- മലിനീകരണ നിയന്ത്രണം.

- അടിസ്ഥാന സൗകര്യ വികസനം.

ACHARYA
An influential mentor

- മൽസ്യബന്ധനവും ഉൾനാടൻ ജലഗതാഗതവും മെച്ചപ്പെടും.

## ദോഷം

- നിരവധി പേരെ പദ്ധതിയുടെ ഭാഗമായി മാറ്റി പാർപ്പിക്കേണ്ടിവരുന്നു.

- നദിയുടെ പ്രകൃതിദത്തമായുള്ള ഒഴുക്കിനെ ഇത് ബാധിക്കും.

- ഇതിനായി വൻതുക ചിലവഴിക്കേണ്ടി വരു അതുകൊണ്ട് തന്നെ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയെ പദ്ധതി നടപ്പാക്കാൻ സാധിക്കു. അതുകൊണ്ടുതന്നെ കാലതാമസം വരുകയും ചെയ്യും.

- മാറിക്കൊണ്ടിരിക്കുന്ന മൺസൂണിന്റെ സ്വഭാവവും പദ്ധതിയുടെ കാര്യക്ഷമതയിൽ സംശയമുണർത്തുന്നു.

# ഇന്ത്യയുടെ ഊർജ്ജ സുരക്ഷിതത്ത്വവും അമേരിക്കയും

## ഇന്ത്യയുടെ ഊർജ്ജ ഉപഭോഗവും ലഭ്യതയും

- ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ ഊർജ്ജ ഉപഭോഗരാജ്യമാണ് ഇന്ത്യ. ഓരോ വർഷവും ഇന്ത്യയുടെ ഊർജ്ജ ഉപഭോഗം 4.5 % വർദ്ധിക്കുന്നു.

- ഇന്ത്യയുടെ മൊത്തം ഊർജ്ജ ആവശ്യത്തിന്റെ 80 ശതമാനത്തിൽ കൂടുതൽ ഇറക്കുമതി ചെയ്യുകയാണ്. ഇറക്കുമതിക്കായി ഇന്ത്യ കൂടുതൽ ആശ്രയിക്കുന്നത് ഒപെക് രാജ്യങ്ങളെയാണ്. എണ്ണയുടെ 85 ശതമാനത്തിൽ കുടുതലും ദ്രവീകൃത പ്രകൃതി വാതകത്തിന്റെ കാര്യത്തിൽ 75 ശതമാനത്തിൽ കുടുതലും ഇന്ത്യ ഇറക്കുമതി ചെയ്യുന്നത് ഒപെക് രാജ്യങ്ങളിൽ നിന്നാണ്.

## എന്തുകൊണ്ട് അമേരിക്കയിൽ നിന്നുള്ള എണ്ണ ഇറക്കുമതി?

- ഒപെക് രാജ്യങ്ങളിൽ നിന്നുള്ള എണ്ണവിലയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന വിലവർദ്ധനവ് കാരണം എണ്ണ ഇറക്കുമതിക്ക് മറ്റു രാജ്യങ്ങളെക്കുടി ആശ്രയിക്കേണ്ടത് ആവശ്യമാകുന്നു.

- ഗൾഫ് മേഖലയിലെ രാഷ്ട്രീയ അനിശ്ചിതത്വം ഇന്ത്യയുടെ ഊർജ്ജ സുരക്ഷിതത്ത്വത്തിനു ഭീഷണി ആകുന്നു.

- 5 ട്രില്യൺ സമ്പത്ത് വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കാൻ വലിയതോതിൽ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനു വലിയതോതിൽ ഊർജ്ജ ലഭ്യത ഉറപ്പു വരുത്തണം.

- ഒപെക് രാജ്യങ്ങളെ മാറ്റിനിർത്തിയാൽ പകരം എണ്ണ വാങ്ങുന്നതിനു ലാഭകരമായ രാജ്യം അമേരിക്ക ആണ്. അമേരിക്കയിൽ നിന്നും എണ്ണ ഇന്ത്യയിൽ എത്തിക്കാനുള്ള ചെലവ് ഉൾപ്പെടുത്തിയാലും അമേരിക്കയിൽ നിന്നും എണ്ണ ഇറക്കുമതി ചെയുന്നത് ലാഭകരമാണ്.

ACHARYA
An influential mentor

- ഇന്ത്യയുമായുള്ള വ്യാപാര കമ്മി അമേരിക്കക്കു ഇന്ത്യയുമായുള്ള വ്യാപാരബന്ധത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുമ്പോൾ അമേരിക്കയിൽ നിന്നും കൂടുതൽ എണ്ണ വാങ്ങുന്നത് ഇന്ത്യ- അമേരിക്ക വ്യാപാരബന്ധത്തിന്റെ വളർച്ചക്ക് മുതൽക്കൂട്ടാകും.

- ഇപ്പോഴും എണ്ണ ഇറക്കുമതിക്കായി ഒപെക് രാജ്യങ്ങളെ ആശ്രയിക്കുമ്പോൾ അമേരിക്കയിൽ നിന്ന് കുറഞ്ഞ ചെലവിൽ എണ്ണ ലഭിക്കുന്നത് ഒപെക് രാജ്യങ്ങളുമായി ശക്തമായി വിലപേശാൻ സഹായിക്കും.

## അമേരിക്കയിൽ നിന്നുള്ള എണ്ണ ഇറക്കുമതിയുടെ നിലവിലെ അവസ്ഥ.

- 2018 -2019 വർഷ കാലയളവിൽ അമേരിക്കയിൽ നിന്നും 6.4 മില്യൺ ടൺ എണ്ണയാണ് ഇന്ത്യ ഇറക്കുമതി ചെയ്തത്.

- 2017 ൽ നിന്ന് നാല് മടങ്ങിൽ കൂടുതൽ വർദ്ധനവുണ്ടായി.

- വർഷത്തിൽ 9 മില്യൺ മെട്രിക് ടൺ ദ്രവീകൃത പ്രകൃതി വാതകം അമേരിക്കയിൽ നിന്നും ഇന്ത്യൻ കമ്പനികൾ വാങ്ങിക്കും.

ACHARYA
An influential mentor

എണ്ണ ഇറക്കുമതിക്കായുള്ള സ്രോതസ്സുകൾ വർദ്ധിപ്പിച്ചുകൊണ്ടു കുറഞ്ഞ ചെലവിൽ എണ്ണ ലഭ്യത ഉറപ്പു വരുത്തേണ്ടത് രാജ്യത്തിൻറെ സാമ്പത്തിക വളർച്ചക്ക് ആവശ്യമാണ്.

# ലോക വ്യാപാര സംഘടനയും ഇന്ത്യയുടെ കരിമ്പ് സബ്സിഡിയും

കരിമ്പ് കർഷകർക്കുള്ള സബ്സിഡിയുമായി ബന്ധപ്പെട്ട് ലോക വ്യാപാര സംഘടനയുടെ ഭാഗത്ത് നിന്ന് ഇന്ത്യക്കെതിരെയുണ്ടായ വിധിക്കെതിരെ ഇന്ത്യ സംഘടനയുടെ അപ്പാലറ്റ് ബോഡിയിൽ അപ്പീൽ നൽകിയിരിക്കുകയാണ്. കരിമ്പ് കർഷകർക്ക് ഇന്ത്യ നല്കുകുന്ന സബ്സിഡി 'ഗാട്ട്' കരാറിന് വിരുദ്ധമാണെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്.

## എന്താണ് വിഷയം?

'ഗാട്ട്' കരാർ പ്രകാരം ഇന്ത്യ കരിമ്പ് കർഷകർക്ക് നൽകുന്ന സബ്സിഡി രാജ്യത്തിൻറെ മൊത്തം കരിമ്പുത്പാദനത്തിന്റെ മൂല്യത്തിന്റെ പത്ത് ശതമാനത്തിൽ കൂടാൻ പാടില്ല. എന്നാൽ ഇപ്പോൾ ഇന്ത്യ കരിമ്പ് കർഷകർക്കായി നൽകുന്ന ആഭ്യന്തര സബ്സിഡിയും കയറ്റുമതി-സബ് സിഡിയും ഈ പരിധി കടക്കുന്നതാണ് എന്നാണ് ആരോപിക്കപ്പെടുന്നത്. 2019 ൽ ബ്രസീലും ആസ്ത്രേലിയയും ഗ്വാട്ടിമാലയുമാണ് ഇന്ത്യക്കെതിരെ പരാതിയുമായി ലോക വ്യാപാര സംഘടനയെ സമീപിച്ചത്. തുടർന്ന് 120 ദിവസത്തിനകം സബ്സിഡി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലോക വ്യാപാര സംഘടനയുടെ തീരുമാനം വന്നു.

## ഇന്ത്യയുടെ നിലപാട്

ബ്രസീൽ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ പഞ്ചസാര ഉല്പാദന രാജ്യമാണ് ഇന്ത്യ. ഇന്ത്യ ഒരിക്കലും കരിമ്പ് കർഷകർക്ക് നേരിട്ട് സബ്സിഡി നൽകുന്നില്ല എന്നും അതുകൊണ്ടുതന്നെ ലോക വ്യാപാര സംഘടനയുടെ നിബന്ധനകൾ അവിടെ ലംഘിക്കപ്പെടുന്നില്ല എന്നുമാണ് ഇന്ത്യ പറയുന്നത്.

## എങ്ങനെയാണ് ഇന്ത്യയുടെ കരിമ്പ് സബ്സിഡി?

'ഫെയർ ആൻഡ് റെമ്യൂണറേറ്റിവ് പ്രൈസ്' എന്ന പേരിലാണ് ഇന്ത്യ കരിമ്പ് കർഷകരെ സഹായിക്കാനായി സബ്സിഡി നൽകുന്നത്. ഇത് നേരിട്ട് കരിമ്പ് കർഷകർക്ക് നൽകുന്നതല്ല. കരിമ്പ് കർഷകർക്ക് മില്ലുടമകൾ നൽകേണ്ട കുറഞ്ഞ പ്രതിഫലമായാണ് ഇത് കരിമ്പ് കർഷകരിൽ എത്തുന്നത്.

## കരിമ്പ് കൃഷി മേഖലയിലെ പ്രശ്നം

രാജ്യത്ത് പഞ്ചസാരയുടെ ആവശ്യകത കുറഞ്ഞു നിൽക്കുന്നത് മേഖല നേരിടുന്ന പ്രശ്നമായി നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ മില്ലുടമകൾ നഷ്ടത്തിലാകുകയും അവർക്ക് കൃത്യമായി പ്രതിഫലം കർഷകർക്ക് നൽകാൻ സാധിക്കാതെ പോകുകയും ചെയ്യുന്നു.

ഈ സാഹചര്യത്തിൽ പെട്രോളിലും ഡീസലിലും എഥനോൾ ചേർക്കുന്നത് സർക്കാർ നിര്ബന്ധമാക്കിയിരിക്കുകയാണ്. അങ്ങനെവരുമ്പോൾ ഉല്പാദിപ്പിക്കുന്ന കരിമ്പ് വലിയ ശതമാനം എഥനോൾ നിർമ്മാണത്തിലേക്ക് മാറ്റപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും പഞ്ചസാര ഉല്പാദനം വർദ്ധിക്കാതെ നോക്കാൻ സാധിക്കുകയും അതുവഴി പഞ്ചസാരയുടെ വില ഇടിയുന്നത് പിടിച്ചു നിർത്താനും സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

ACHARYA
An influential mentor

# ബെയ്ജിങ് ഒളിമ്പിക്സ് - ഇന്ത്യയുടെ നയതന്ത്ര ബഹിഷ്കരണം

ബെയ്ജിങ് ഒളിമ്പിക്സുമായി ബന്ധപ്പെട്ട ഇന്ത്യ നയതന്ത്ര-ബഹിഷ്ക്കരണം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതോടെ ഈ ഒളിമ്പിക്സ് നയതന്ത്ര-ബഹിഷ്ക്കരണം നടത്തുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ഉൾപ്പെടുന്ന സാഹചര്യമുണ്ടായി. അമേരിക്ക,യുണൈറ്റഡ് കിങ്ഡം, ന്യൂ സിലൻഡ്, ജപ്പാൻ, കാനഡ തുടങ്ങിയ രാജ്യങ്ങളും ഈ ഒളിമ്പിക്സ് ബഹിഷ്കരണം പ്രഖ്യാപിച്ച രാജ്യങ്ങളാണ്.

ഗാൽവാൻ താഴ്‌വരയിൽ ഇന്ത്യൻ സൈനികർക്ക് നേരെ ആക്രമണം നടത്തിയ സൈനികരിൽ ഒരാളെ ഒളിമ്പിക്സിന്റെ ദീപശിഖയേന്താൻ ഏൽപ്പിച്ചതിൽ പ്രതിഷേധിച്ചാണ് ഇന്ത്യ ബഹിഷ്ക്കരണം നടത്തുന്നത്. എന്നാൽ ഉയ്ഗുർ മുസ്ലിം വിഭാഗങ്ങൾക്ക് നേരെയുള്ള അക്രമങ്ങളിൽ പ്രതിഷേധിച്ചാണ് അമേരിക്ക ബഹിഷ്കരിക്കുന്നത്. കോവിഡ് ഭീഷണി കാരണം മറ്റു രാജ്യങ്ങളും ബഹിഷ്കരണം നടത്തുന്നു.

## എന്താണ് നയതന്ത്ര-ബഹിഷ്കരണം?

സർക്കാരിന്റെ ഔദ്യാഗിക പ്രതിനിധികൾ ആരും പങ്കെടുക്കാതിരിക്കുന്നതിനെയാണ് നയതന്ത്ര-ബഹിഷ്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു രാജ്യത്ത് ഒളിമ്പിക്സ് നടക്കുമ്പോൾ മറ്റു രാജ്യങ്ങളിലെ സർക്കാരുകളുടെ ഔദ്യോഗിക പ്രതിനിധികൾ ആ രാജ്യത്ത് എത്താറുണ്ട്. ടോക്കിയോ ഒളിമ്പിക്സിൽ അമേരിക്കയിൽ നിന്നും അമേരിക്കയുടെ പ്രഥമ വനിത പങ്കെടുത്തിരുന്നു.

## നയതന്ത്ര ബഹിഷ്കരണം കായികതാരങ്ങളുടെ പങ്കാളിത്തത്തെ ബാധിക്കുമോ?

നയതന്ത്ര ബഹിഷ്കരണം കായികതാരങ്ങളുടെ പങ്കാളിത്തത്തെ ബാധിക്കില്ല. ഒളിമ്പിക്സ് ഇന്ന് കോടികൾ ചെലവിടുന്ന ഒന്നാണ്. മുഴുവനായുള്ള ബഹിഷ്കരണം നിരവധി കായികതാരങ്ങളെയും സംഘടകരെയും ഏറെ ദോഷകരമായി ബാധിക്കും. അതുകൊണ്ടുതന്നെ നയതന്ത്ര-ബഹിഷ്കരണം എന്നത് ഒളിമ്പിക്സിനെ ബാധിക്കാതെയുള്ള പ്രതിഷേധമായി കാണാം.

# ഇന്ത്യയുടെ പുതിയ മധ്യേഷ്യൻ നയങ്ങൾ

ഇന്ത്യ-മദ്ധ്യേഷ്യ ഉച്ചകോടി, ന്യൂ ഡൽഹിയിൽ വെച്ച് നടന്ന റീജിണൽ സെക്യൂരിറ്റി ഡയലോഗ് തുടങ്ങിയവ ചൂണ്ടിക്കാണിക്കുന്നത് മദ്ധ്യേഷ്യൻ

മേഖലയിൽ കൂടുതൽ ഇടപെടാനുള്ള ഇന്ത്യയുടെ വർദ്ധിച്ച താല്പര്യത്തെയാണ്. പ്രധാനമായും ഭൂമിശാസ്ത്രപരമായുള്ള ബുദ്ധിമുട്ടുകൾ കാരണം ഈ മേഖലയുമായി ഇന്ത്യക്ക് സാമ്പത്തികപരമായും മറ്റു തരത്തിലും വലിയ സ്വാധീനം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ഈ മേഖല വർഷങ്ങളായി പ്രത്യേകിച്ച് ഈ അടുത്തകാലത്തായി ഇന്ത്യയെ സംബന്ധിച്ചിടത്തോളം തന്ത്രപരമായി ഏറെ പ്രാധാന്യമർഹിക്കുന്ന മേഖലയായി മാറിയിരിക്കുകയാണ്.

അഫ്ഗാനിസ്ഥാനിൽ നിന്നും അമേരിക്ക സൈന്യത്തെ പിൻവലിച്ചതോടെ മേഖലയിൽ അമേരിക്കയുടെ സാന്നിധ്യം കുറയുകയും അത് അവിടെ റഷ്യയുടെയും ചൈനയുടെയും സ്വാധീനം വർദ്ധിക്കാൻ കാരണമാകുകയും ചെയ്യുന്നതാണ് മേഖലയുമായി കൂടുതൽ ഇടപെടാനുള്ള ഇന്ത്യയുടെ ഇപ്പോഴത്തെ വർദ്ധിച്ച താൽപര്യത്തിന് ഒരു പ്രധാന കാരണം. പക്ഷെ റഷ്യയുടെ മേഖലയിലെ ഇടപെടൽ ഇന്ത്യക്ക് ഗുണം ചെയ്യുന്ന സാഹചര്യം ഉണ്ടായേക്കാം. അതായത് മേഖലയിൽ തങ്ങൾക്ക് ആവശ്യമുള്ള പങ്കാളിയായി റഷ്യ ഇന്ത്യയെ കണ്ടേക്കാം. അങ്ങനെ വരുമ്പോൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളം മേഖലയിൽ സ്വാധീനം വർദ്ധിപ്പിക്കാം എന്ന് മാത്രമല്ല ചൈനയുടെ വർധിച്ചുവരുന്ന സ്വാധീനത്തെ തടയാനും സാഹചര്യം ഒരുങ്ങും.

അമേരിക്കയെ സംബന്ധിച്ചിടത്തോളം ഇന്ത്യ-റഷ്യ ബന്ധം വളരുന്നത് താല്പര്യമുള്ള ഒന്നല്ലെങ്കിലും മേഖലയിൽ ചൈനയുടെ വർധിച്ചു വരുന്ന സ്വാധീനം തടയാൻ ഇന്ത്യ-റഷ്യ ബന്ധത്തിന്റെ ആവശ്യകത അമേരിക്ക തിരിച്ചറിയുന്നുണ്ട്.

ACHARYA
An influential mentor

ചൈനയെ സംബന്ധിച്ചിടത്തോളം മേഖലയിൽ ഇന്ത്യയുടെ ഇടപെടൽ വർദ്ധിക്കുന്നതോ ഇന്ത്യ-റഷ്യ ബന്ധം വളരുന്നതോ നിലവിൽ പ്രശ്നമുണ്ടാക്കുന്ന ഒന്നല്ല. എങ്കിലും ഭാവിയിൽ അത് അവർക്ക് ഒരു പ്രശ്നമായി മാറിയേക്കാം.

അഫ്ഗാനിസ്ഥാനിൽ നിന്നും അമേരിക്കൻ സൈന്യം പിൻവാങ്ങിയതിന് ശേഷം സാധാരണയായി അതിർത്തിയിൽ ഇന്ത്യ നേരിടുന്ന ഭീഷണിയെക്കാൾ കൂടുതൽ ഭീഷണി നേരിടുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. മധേഷ്യൻ മേഖലയിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ഇടപെടൽ അമേരിക്ക പിൻവാങ്ങിയതിന് ശേഷമുള്ള അഫ്ഗാനിസ്ഥാൻ-നയത്തെ സഹായിക്കും.

അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണത്തിൽ നിന്നും പുറത്താക്കപ്പെടുകയും അമേരിക്കൻ സൈന്യത്തിന്റെ സാന്നിധ്യം ഉണ്ടാകുകയും ചെയ്തിരുന്ന കാലത്ത് അഫ്ഗാനിസ്ഥാനുമായി ഇടപഴകാൻ ഇന്ത്യക്ക് വലിയ

ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്നാൽ താലിബാൻ ഭരണത്തിൽ എത്തിയതോടെ ഇന്ത്യക്ക് അഫ്ഗാനിസ്ഥാനുമായി ഇടപെടാൻ പുതിയ വഴികൾ തേടേണ്ടതായുണ്ട്. ഈ സാഹചര്യത്തിലാണ് റഷ്യയുമായും മധ്യേഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്.

റഷ്യയുമായുള്ള ബന്ധം വളർത്തുന്നത് മധ്യേഷ്യൻ മേഖലകയിലെ ഇന്ത്യയുടെ ലക്ഷ്യങ്ങൾക്ക് സഹായകരമാകും എന്ന് മാത്രമല്ല ചൈനയുമായുള്ള റഷ്യയുടെ വളർന്നുവരുന്ന ബന്ധത്തെ തടയാനും സഹായകരമാകും.

## വെല്ലുവിളികൾ

- മധ്യേഷ്യയുമായി ബന്ധം വളർത്തുന്നതിന് പല വെല്ലുവിളികളും ഇന്ത്യൻ നേരിടുന്നുണ്ട്. അതിൽ ഏറ്റവും വലുത് മേഖലയിൽ നിലവിൽ ചൈനക്കുള്ള സ്വാധീനമാണ്. മേഖലയിലെ ഏറ്റവും വലിയ നിക്ഷേപകർ ആണ് ഇന്ന് ചൈന.

- മറ്റൊരു ഭീഷണി ഇറാനുമായുള്ള ബന്ധം ആണ്. മധ്യേഷ്യൻ രാജ്യങ്ങളിലേക്ക് ഇന്ത്യക്ക് എത്തിപ്പെടാനുള്ള എളുപ്പവഴി എന്നത് ഇറാനിലെ ചബാഹർ തുറമുഖം വഴി ഉള്ളതാണ്. ഇറാൻ-ആണവകരാറുമായുള്ള വിഷയവുമായി ബന്ധപ്പെട്ട് ഇറാൻ നേരിടുന്ന അമേരിക്കൻ ഉപരോധം ചബാഹർ തുറമുഖത്തിന്റെ വികസനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

ACHARYA
An influential mentor

# കാർഷികമേഖലക്കായുള്ള സർക്കാരിന്റെ ചെലവിടൽ വർദ്ധിപ്പിക്കേണ്ടതുണ്ട്.

2022 -23 കേന്ദ്ര ബജറ്റിൽ കാർഷിക മേഖലയ്ക്കായുള്ള വകയിരുത്തൽ 4 .4 % വർദ്ധിച്ചെങ്കിലും അത് നിലവിലെ വിലക്കയറ്റ നിരക്കിനേക്കാൾ കുറവാണ്. ഫുഡ് ആൻഡ് അഗ്രിക്കള്ച്ചർ ഓർഗനൈസേഷന്റെ(FAO) 2001 മുതൽ 2019 കാലയളവിലെ റിപ്പോർട്ട് പ്രകാരം കാർഷിക മേഖലയ്ക്കായി ഏറ്റവും കൂടുതൽ തുക ചെലവിടുന്ന ആദ്യത്തെ പത്തു രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. സർക്കാരിന്റെ മൊത്തം ചെലവിന്റെ 7.3 % കാർഷിക മേഖലയ്ക്കായി ചെലവിടുന്നുണ്ട്. എങ്കിലും ഇത് മാലി, ഭൂട്ടാൻ, നേപ്പാൾ തുടങ്ങിയ വരുമാനം കുറഞ്ഞ പല രാജ്യങ്ങളെക്കാളും കുറഞ്ഞ അളവിലുള്ള ചിലവിടലാണ്.

മൊത്തം ചിലവിന്റെ 12.4 %മാലിയും,12 % ഭൂട്ടാനും,8 % നേപ്പാളും കാർഷിക മേഖലയ്ക്കായി ചെലവിടുന്നുണ്ട്.

അഗ്രിക്കൾച്ചർ ഓറിയന്റേഷൻ ഇൻഡക്സ് (AOI) പ്രകാരം നോക്കുമ്പോൾ വിഷയത്തിൽ ഇന്ത്യയുടെ അവസ്ഥ കൂടുതൽ പരിതാപകരമാണെന്നു കാണാം. ഒരു രാജ്യത്തിന്റെ ജിഡിപി'യിലേക്ക് കാർഷിക മേഖല സംഭാവന ചെയ്യുന്നതിന്റെ എത്രത്തോളം കാർഷിക മേഖലയ്ക്കായി സർക്കാർ ചെലവിടുന്നുണ്ട് എന്ന് കാണിക്കുന്ന ഇൻഡക്സ് ആണിത്. ഇൻഡക്സിൽ ഇന്ത്യയുടെ റാങ്ക് 38 ആണ്. ഇത് കാണിക്കുന്നത് രാജ്യത്തിന്റെ ഉയർന്ന ജി.ഡി.പിയുമായി താരതമ്മ്യം ചെയ്യുമ്പോൾ അതനുസരിച്ചുള്ള ചെലവിടൽ കാർഷിക മേഖലയ്ക്കായി സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല എന്നതാണ്.

## ഏഷ്യയുമായുള്ള താരതമ്യം .

രാജ്യത്തെ വലിയ ശതമാനം ആളുകളുടെയും ജീവിതോപാധി കൃഷിയായിരിക്കുമ്പോഴും ഇന്ഡക്സിൽ ഏഷ്യയിലെ താഴ്ന്ന റാങ്കിങ്ങുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. കിഴക്കൻ-ഏഷ്യൻ രാജ്യങ്ങൾ ഇന്ഡക്സിൽ വലിയ മുന്നേറ്റം നടത്തുന്നുണ്ട്. ചൈന അതിനുദാഹരണമാണ്. കിഴക്കൻ - ഏഷ്യൻ രാജ്യങ്ങൾ കാർഷിക മേഖലയ്ക്കായി ഉയർന്ന ചെലവിടൽ നടത്തുന്നതുകൊണ്ടുതന്നെ ഉയർന്ന ഉത്പാദനവും ലഭിക്കുന്നു. ഇന്ത്യയിൽ ഓരോ കര്ഷകന്റെയും കൈവശമുള്ള ശരാശരി കാർഷിക ഭൂമിയെക്കാൾ വളരെ കുറവാണ് ചൈനയിലെ ഓരോ വ്യക്തിയിലൂടെയും കൈവശമുള്ള ശരാശരി ഭൂമിയുടെ അളവ്. എങ്കിലും ഇന്ത്യയേക്കാൾ കൂടുതൽ കാര്ഷികോത്പാദനം നടത്തുന്ന രാജ്യമാണ് ചൈന.

കാർഷിക ഉത്പാദന വളർച്ചയ്ക്കും കർഷകന്റെ വരുമാനം വർദ്ധിക്കുന്നതിനും കാർഷിക മേഖലയ്ക്കായുള്ള സർക്കാരിന്റെ ചെലവിടൽ ഉയർത്തേണ്ടത് അത്യാവശ്യമാണ്. ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കുക,പശ്ചാത്തല സൗകര്യ വികസനം,ദേശീയ പാതകളുടെ വികസനം,വിപണിയുടെ എണ്ണം കൂട്ടുക തുടങ്ങിയവയിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

# സംസ്ഥാനസർക്കാരുകളും ഗവര്ണര്മാരും- 'ഇന്ത്യൻ എക്സ്പ്രസ്സ്'

# പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

സംസ്ഥാനസർക്കാറുകളും ഗവർണ്ണർമാരും തമ്മിലുള്ള പ്രശ്നങ്ങൾ വർഷങ്ങളായി തുടരുന്ന ഒന്നാണ്. ഈയ്യിടെ പശ്ചിമ ബംഗാൾ ഗവർണറെ മുഖ്യമന്ത്രി ട്വിറ്ററിൽ ബ്ലോക്ക് ചെയ്യുകയുണ്ടായി. അദ്ദേഹം ഭരണഘടനാ വിരുദ്ധമായി പെരുമാറുന്നു എന്നും സർക്കാർ ജീവനക്കാരെ തന്റെ ജീവനക്കാരായി കണ്ടുകൊണ്ടാണ് പെരുമാറുന്നത് എന്നുമാണ് മുഖ്യമന്ത്രി ആരോപിക്കുന്നത്. അതുപോലെ തമിഴ്നാടിനെ എൻ.ഇ.ഇ.ടി പരീക്ഷയിൽ നിന്നും മാറ്റി നിർത്തുന്ന ബിൽ തമിഴ്നാട് ഗവർണ്ണർ തിരിച്ചയക്കുകയുണ്ടായി.

## ഗവർണറും സംസ്ഥാനവും തമ്മിലുള്ള ബന്ധം

ഓരോ സംസ്ഥാനത്തെയും ഗവർണ്ണർ പ്രവർത്തിക്കേണ്ടത് സംസ്ഥന സർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് എങ്കിലും ചില സ്വയംനിർണ്ണയാവകാശങ്ങളും ഗവർണ്ണർമാർക്കുണ്ട്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ബില്ലിൽ ഒപ്പുവെക്കണോ അത് തിരിച്ചയക്കണോ എന്ന് തീരുമാനിക്കുന്നതിലും തെരഞ്ഞെടുപ്പിന് ശേഷം ആർക്കും ഭൂരിപക്ഷം ഇല്ലെങ്കിൽ ഏതു പാർട്ടിയെ ഭൂരിപക്ഷം തെളിയിക്കാൻ അഥവാ ഭരിക്കാൻ വിളിക്കണം എന്ന് തീരുമാനിക്കുന്നതിലും ഗവർണ്ണർക്കുള്ള സ്വയംനിർണ്ണയാവകാശം ഇതിന് ഉദാഹരണങ്ങൾ ആണ്.

ACHARYA
An influential mentor

സംസ്ഥാനസർക്കാരും ഗവർണറും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുമ്പോൾ എങ്ങനെ അത് പരിഹരിക്കണം എന്നതിൽ ഭരണഘടനാ കൃത്യമായി ഒന്നും പറയുന്നില്ല.

### എന്തുകൊണ്ട് പ്രശ്നങ്ങൾ ഉണ്ടാകുന്നു?

- ഗവർണ്ണർ എന്ന പോസ്റ്റ് ഒരു അരാഷ്ട്രീയ പോസ്റ്റ് ആണെങ്കിലും പലപ്പോഴും രാഷ്ട്രീയമാണ് ഇവിടെ പ്രശ്നമാകുന്നത്. ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രി ആ സംസ്ഥാനത്തെ ജനങ്ങളോട് ഉത്തരവാദിത്തപ്പെട്ടിരിക്കുമ്പോൾ ആ സംസ്ഥാനത്തിന്റെ ഗവർണ്ണർ കേന്ദ്ര സർക്കാരിനോട് മാത്രമാണ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നത്.

- കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം മാത്രം പ്രവർത്തിക്കാൻ സാധിക്കുന്ന പ്രസിഡന്റ ആണ് ഗവർണറെ നിയമിക്കുന്നതും പിരിച്ചുവിടുന്നതും.

- മുഖ്യമന്ത്രിയെ നിയമിക്കുന്ന വിഷയത്തിലായാലും, നിയമസഭാ പിരിച്ചുവിടുന്നു വിഷയത്തിലായാലും ഗവർണ്ണർ എപ്രകാരം സ്വന്തം അധികാരം വിനിയോഗിക്കണം എന്നത് ഭരണഘടന പറയുന്നില്ല. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ബില്ലിൽ ഒപ്പുവെക്കാണോ മറ്റു നടപടികൾ സ്വീകരിക്കാണോ എന്ന് തീരുമാനിക്കാൻ ഗവർണ്ണർക്ക് ഒരു സമയപരിധിയും ഭരണഘടന പറയുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1968 ലെ ഭരണപരിഷ്കാര കമ്മീഷൻ മുതൽ സർക്കാരിയ കമ്മീഷൻ ഉൾപ്പെടെ നിരവധി കമ്മീഷനുകൾ പരിഹാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയും കേന്ദ്ര-ആഭ്യന്തരമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടുന്ന ഒരു സമിതി ആയിരിക്കണം ഗവർണറെ തെരഞ്ഞെടുക്കേണ്ടത് എന്നതും കാലാവധി അഞ്ചു വർഷമാക്കി നിജപ്പെടുത്തണമെന്നതും ഇത്തരം നിർദ്ദേശങ്ങൾക്ക് ഉദാഹരണമാണ്.

# ജനസംഖ്യാനുപാതിക വിഹിതം

ACHARYA
An influential mentor

## എന്താണ് ജനസംഖ്യാനുപാതിക വിഹിതം?

രാജ്യത്തെ ജനതയെ ക്രിയാത്മകമായി ഉപയോഗിക്കാൻ സാധിക്കുന്നതിലൂടെ ലഭിക്കുന്ന വളർച്ചയെ ആണ് ജനസംഘ്യാനുപാധിക വിഹിതം എന്ന് പറയുന്നത്.

## ജനസംഖ്യയെ എങ്ങനെ ക്രിയാത്മകമായി ഉപയോഗിക്കാം?

രാജ്യത്തെ ജനസംഖ്യയെ 2 ആയി തിരിക്കാം

1. തൊഴിൽ ചെയ്യാൻ സാധിക്കുന്ന പ്രായപരിധിയിൽ ഉള്ളവർ (വർക്കിംങ് ഏജ് പോപുലേഷൻ): - 15 വയസ്സിനും 64 നും ഇടയിൽ ഉള്ളവരാണ് ഇത്തരക്കാർ.

2. ആശ്രിത വിഭാഗം (ഡിപെന്ററന്റ് ഏജ് പോപ്പുലേഷൻ): - 65 വയസിനും 15 നും താഴെ പ്രായം ഉള്ളവർ ഇതിൽ പെടും. തൊഴിൽ ചെയ്യാൻ സാധിക്കുന്ന വിഭാഗത്തെ ആശ്രയിച്ചു ജീവിക്കുന്നവരാണിവർ.

ജനസംഖ്യാനുപാതിക വിഹിതം ഉയർന്ന നിലയിൽ ലഭിക്കാൻ തൊഴിൽ ചെയ്യാൻ സാധിക്കുന്ന പ്രായപരിധിയിൽ ഉള്ളവർ (വർക്കിങ് ഏജ് പോപുലേഷൻ) വർദ്ധിക്കണം.

തൊഴിൽ ചെയ്യാൻ സാധിക്കുന്ന പ്രായപരിധിയിൽപെടുന്നവരിലേക്കു ഒരു രാജ്യത്തിൻറെ ജനസംഖ്യയുടെ ഘടനയിൽ മാറ്റം വരുമ്പോൾ ആ രാജ്യത്തിന് ലഭിക്കുന്ന വളർച്ചയെയാണ് ജനസംഖ്യാനുപാതിക വിഹിതം എന്ന് യുണൈറ്റഡ് നേഷൻ പോപുലേഷൻ ഫണ്ട് (യു .എൻ.പി .എഫ് )നിർവചിക്കുന്നത്.

## ഇന്ത്യയിലെ ജനസംഖ്യാനുപാതിക വിഹിതം

- ലോക ജനസംഖ്യയിൽ ഇന്ത്യയുടെ സ്ഥാനം രണ്ടാമതാണ്. ഇന്ത്യയിൽ 62.5 ശതമാനം ജനങ്ങളും തൊഴിൽ ചെയ്യാൻ സാധിക്കുന്ന പ്രായപരിധിയിൽ വരുന്നവരാണ്.

- 2018 മുതൽ തൊഴിൽ ചെയ്യാൻ സാധിക്കുന്ന പ്രായപരിധിയിൽ പെട്ടവർക്ക് ആശ്രിത വിഭാഗത്തിൽപെട്ടവരേക്കാൾ വേഗത്തിലുള്ള വർധനവാണ് ഉള്ളത്.

- 2005 മുതൽ 2055 വരെയുള്ള കാലഘട്ടം ഇന്ത്യക്ക് ജനസംഖ്യാനുപാതിക വിഹിതംവർധിക്കാൻ അനുയോജ്യമാണെന്ന് യു. എൻ. എഫ്. പി എ പറയുന്നു .

- ഇന്ത്യയിലെ ജനസംഖ്യയവർദ്ധനവ് ഓരോ മേഖലയിലും വ്യത്യസ്ത അളവിലും ഘടനയിലും ആയതു കൊണ്ട് തന്നെ ജനസംഖ്യാനുപാതിക വിഹിതം ഓരോ മേഖലയിലും വ്യത്യസ്ത കാലയളവിൽ ആയിരിക്കും ലഭിക്കുക എന്നതാണ് യു. എൻ. എഫ്. പി എ യുടെ അഭിപ്രായം.

## നേട്ടങ്ങൾ

- ഉയർന്ന സാമ്പത്തീക വളർച്ച.

- നിക്ഷേപം വർധിക്കുന്നു.

- ജോലി സാധ്യത കൂടുന്നു.

- വ്യാവസായിക വൽക്കരണം തരിതപ്പെടുത്തും

## ഇന്ത്യ നേരിടുന്ന പ്രശ്നങ്ങൾ: -

ACHARYA
An influential mentor

- രാജ്യത്ത് തൊഴിൽ ചെയ്യാൻ സാധിക്കുന്ന പ്രായപരിധിയിൽ ഉള്ളവർ വർധിക്കുന്നത് വളർച്ച കുറഞ്ഞ സംസ്ഥാനങ്ങളിലാണ്.

- വിദ്യാഭ്യാസത്തിന്റെയും സാങ്കേതിക മികവിന്റെയും നിപുണതയുടെയും കുറവ്.

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചാൽ അത് ഇന്ത്യയെ വലിയ സാമ്പത്തിക ശക്തിയാക്കി മാറ്റാൻ സഹായിക്കും.

# വിളവൈവിധ്യവൽക്കരണം

രാജ്യത്ത് എത്രയും വേഗത്തിൽ വിളവൈവിധ്യം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സാമ്പത്തിക സർവ്വേ പറയുന്നു. ശുദ്ധജല ദൗർലഭ്യം വർദ്ധിക്കുന്നതും ഉയർന്ന ഇറക്കുമതിയുമാണ് ഇതിന് കാരണമായി സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നത്.

ACHARYA
An Influential Mentor

## എന്താണ് വിളവൈവിധ്യവൽക്കരണം?

ഒരു കൃഷിഭൂമിയിൽ നിലവിൽ കൃഷി ചെയ്യുന്ന പ്രധാന വിളകൾ കൂടാതെ മറ്റു വിളകൾകൂടി കൃഷി ചെയ്യുന്നതിനെ വിളവൈവിധ്യവൽക്കരണം എന്ന് വിളിക്കാം. വരുമാനസ്രോതസ്സ് വർദ്ധിപ്പിക്കുക എന്നത് ഇവിടെ പ്രധാന ലക്ഷ്യമാണ്.

## ഗുണങ്ങൾ

- നിലവിൽ രാജ്യത്തെ 70 മുതൽ 80 ശതമാനം വരെ കർഷകർക്കും 2 ഹെക്ടറിൽ താഴെ മാത്രമാണ് കൃഷിഭൂമി ഉള്ളത്. ഈ സാഹചര്യത്തിൽ ഉയർന്ന വിലയുള്ള ഒന്നിലധികം വിളകൾ കൃഷി ചെയ്യുമ്പോഴേ കൃഷി ലാഭകരമാകുന്ന സാഹചര്യമുണ്ടാകു.

- ഒരു വിളയുടെ വിലയിടിയുന്ന സാഹചര്യത്തിൽ മറ്റു വിളകളിൽ നിന്നുള്ള വരുമാനം കർഷകർക്ക് സഹായകരമായി മാറും.

- രാജ്യത്തെ വലിയ വിഭാഗം കുട്ടികൾ പോഷകക്കുറവ് നേരിടുന്നവർ ആണ്. പോഷകസമൃദ്ധമായ വിവിധ വിളകളുടെ ആവശ്യത്തിനുള്ള ഉല്പാദനം പോഷകാഹാരക്കുറവ് പരിഹരിക്കാൻ സഹായകരമാകും.

- അരി,ഗോതമ്പ് പോലുള്ള കൂടുതൽ ജലം ആവശ്യമുള്ള വിളകളിൽ നിന്നും കർഷകർ കൂടുതൽ ജലം ആവശ്യമില്ലാത്ത വിളകളിലേക്ക് മാറുന്നത് രാജ്യത്തെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് സഹായകരമാകും.

## വെല്ലുവിളികൾ

- രാജ്യത്തെ ഭൂരിഭാഗം കൃഷി ഭൂമിയിലും ജലത്തിനായി മഴ മാത്രം ആശ്രയമുള്ള സാഹചര്യമാണ്.

- ആവശ്യത്തിന് നിലവാരമുള്ള വിത്തുകളും മറ്റും ലഭ്യമാകാത്തത്.

- വൈദ്യുതി, ഗതാഗതം, ജലം തുടങ്ങിയ അടിസ്ഥാസൗകര്യങ്ങളുടെ അഭാവം.

- കാർഷികാനുബന്ധ വ്യവസായങ്ങളുടെ കുറവ്.

ACHARYA

## ജാതി സെൻസസ് എന്ന ആവശ്യം

ഒരു രാജ്യത്തെ ജനസംഖ്യ കണക്കാക്കുകയും അതിനെ വിശകലനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിന് എന്തൊക്കെയാണ് ആവശ്യം എന്ന് തിരിച്ചറിയുകയും വേണ്ടത് സാമൂഹികശാസ്ത്രജ്ഞന്മാരുടെ മാത്രം ആവശ്യമല്ല. മറിച്ച് രാജ്യത്തെ നയരൂപികരുടെയും സർക്കാരിന്റെയും കൂടി ആവശ്യമാണ്. അതുകൊണ്ടുതന്നെ രാജ്യത്തെ ജനസംഖ്യാപരവും ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക സാഹചര്യവും കണക്കാക്കുന്ന സെൻസസ് എന്ന പരിപാടിക്ക് ഏറെ പ്രാധാന്യം ഉണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച സെൻസസ് എന്ന പരിപാടി, പിന്നീട് രാജ്യത്ത് സർക്കാറും നയരൂപികരും ഇന്ത്യൻ ജനസംഖ്യയെയും അവർക്ക് എത്രത്തോളം രാജ്യത്തിൻറെ വിഭവങ്ങൾ ലഭ്യമാക്കുന്നുണ്ട് എന്നും ഒപ്പം രാജ്യത്ത് ഉണ്ടാകുന്ന സാമൂഹിക മാറ്റങ്ങളെയും മനസ്സിലാക്കാൻ ഉപയോഗിച്ചുതുടങ്ങി. എങ്കിലും ഈ നിലയിൽ സെൻസസ് ഉപകാരപ്രദമാകുമ്പോഴും പ്രത്യേക വിഭാഗങ്ങളുടെ അവസ്ഥകളെ വേർതിരിച്ച് മനസിലാക്കാൻ സെൻസസ് അപര്യാപ്തമാണെന്ന് വിദഗ്ദർ അഭിപ്രായപ്പെടുന്നു.

ഈ ഒരു സാഹചര്യത്തിലാണ് ജാതി സെൻസസ് നടത്തണമെന്ന ആവശ്യം ഉയർന്നു വരുന്നത്. വിദ്യാഭ്യാസം തുടങ്ങിയ ഏതെങ്കിലും പ്രത്യേകം വിഷയങ്ങളെ അടിസ്ഥാനമാക്കി രാജ്യത്ത് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. എന്നാൽ ഒരു സമഗ്രമായ ജാതി സെൻസസ് നടത്തണമെന്ന ആവശ്യം ഇപ്പോൾ ശക്തമാകുകയാണ്. രാജ്യത്തിൻറെ നിലവിലെ സാമൂഹിക സാഹചര്യം എന്താണെന്ന് മനസ്സിലാക്കാനും അതനുസരിച്ച് സർക്കാർ ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും അത് ആവശ്യമാണ് എന്നതാണ് വാദം. 2011 രാജ്യത്ത് ആദ്യമായി സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് നടപ്പിലാക്കിയിരുന്നു..

## ജാതി സെൻസസിലെ പ്രശ്നങ്ങൾ

- ജാതി അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് സമൂഹത്തിൽ ജാതി ചിന്ത കൂടുതൽ ദൃഢമാകാൻ കാരണമായേക്കും.

- രാജ്യത്ത് ജാതി എന്നത് പലപ്പോഴും ആശയപരമാണ് എന്ന സാഹചര്യം ഉണ്ട്. ഇത് ജാതി സെൻസസ് നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടാക്കും.

- സാമൂഹിക-സാമ്പത്തിക ജാതി സെൻസസിന് ജാതി സമ്പ്രദായം രാജ്യത്ത് ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഉണ്ടാക്കുന്ന സ്വാധീനം അളക്കാൻ സാധിക്കുമോ എന്നത് സംശയാസ്പദമാണ്.

- സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് തയ്യാറാക്കുന്നത് സർക്കാർ ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ ആണ് എന്നതുകൊണ്ടുതന്നെ അത് ഇവ ശേഖരിക്കുന്ന രീതിയെയും അവ ഉപയോഗിക്കുന്ന രീതിയെയും ഒപ്പം വിവരങ്ങളുടെ ദുരുപയോഗം തടയുന്നതിനെയും സ്വാധീനിക്കും.

നിലവിൽ സർക്കാരിന്റെ കയ്യിലുള്ള വിവരങ്ങൾ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിലും ഒഴിവാക്കുന്നതിലും എങ്ങനെ ഉപയോഗിക്കാം എന്ന വിഷയത്തിൽ ചർച്ചകൾ സർക്കാർ തലത്തിൽ നടക്കേണ്ടതുണ്ട്. കൂടാതെ സാധാരണ സെൻസസിൽ ഉൾപ്പെടാത്ത വിവരങ്ങൾ ശേഖരിക്കുന്ന നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേ പോലുള്ളവയുമായി സാമൂഹിക-സാമ്പത്തിക സെൻസസിലെ വിവരങ്ങൾ ബന്ധിപ്പിക്കണം. അത് നിലവിലെ വിവരങ്ങൾ കൂടുതൽ സമഗ്രമായി വിശകലനം ചെയ്യുന്നതിന് സഹായിക്കും.

# ഇന്ത്യയുടെ ഇൻഡോ-പസിഫിക് നയവും അമേരിക്കയും.

ഓസ്‌ട്രേലിയയുമായുള്ള വ്യാപാര കരാറും ഫിലിപ്പൈൻസിനു ബ്രഹ്മോസ് സൂപ്പർസോണിക് മിസൈൽ നൽകിയതും ഇൻഡോ-പസിഫിക് മേഖലയിലുള്ള ഇന്ത്യയുടെ ഇടപെടലുകൾക്ക് പുതിയ മുഖം നൽകിയിരിക്കുകയാണ്. ഇൻഡോ-പസിഫിക് മേഖലയിൽ ഇന്ത്യയുടെ തന്ത്രങ്ങൾ നടപ്പാക്കുന്നത് രണ്ടു തരത്തിലാണ്. മേഖലയിലെ രാജ്യങ്ങളുമായിട്ടുള്ള ഇന്ത്യയുടെ ഇടപെടലുകൾ ശക്തമാകുകയും ഒപ്പം മേഖലയിലെ ഒരേ കാഴ്ചപ്പാടുള്ള രാജ്യങ്ങളുമായി ചേർന്ന് പ്രവർത്തിക്കുകയുമാണവ.

ഒരു ആദർശത്തെ മുറുകെപ്പിടിച്ചു കൊണ്ട് വിദേശ നയം സ്വീകരിച്ചുപോന്ന ഇന്ത്യയുടെ പഴയ സമീപനത്തിൽ നിന്നും തികച്ചും വ്യത്യസ്തമായി കൂടുതൽ യാഥാർഥ്യബോധത്തെ ഉൾക്കൊള്ളുന്നതാണ് പുതിയ സമീപനം.

## ഇന്ത്യയുടെ ഇൻഡോ-പസിഫിക് നയവും അമേരിക്കയും.

ഇൻഡോ-പസിഫിക് മേഖലയോടുള്ള ഇന്ത്യയുടെ പുതിയ സമീപനം മേഖലയിലെ അമേരിക്കയുടെ തന്ത്രവുമായി യോജിച്ചു പോകുന്നതാണ്. മേഖലയിലെ സുരക്ഷാ വിഷയത്തിലും മറ്റും സംഭാവന ചെയ്യാൻ സാധിക്കുകയും അതിൽ താല്പര്യമുള്ളതുമായ ഒരേ കാഴ്ചപ്പാടുള്ള രാജ്യങ്ങളുമായി ചേർന്നു പ്രവർത്തിക്കാനാണ് അമേരിക്ക ആഗ്രഹിക്കുന്നത്.

ഇൻഡോ-പസിഫിക് മേഖലയിലും ഏഷ്യയിലും ശക്തമായ സ്വാധീനം ചെലുത്താൻ ഇന്ത്യക്കു സാധിക്കുന്ന സാഹചര്യത്തിൽ മേഖലയിലെ അമേരിക്കയുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നു അമേരിക്കൻ ഭരണകൂടം വിശ്വസിക്കുന്നു. ബൈഡൻ ഭരണകൂടത്തിന്റെ, ഇൻഡോ-പസിഫിക് മേഖലയുമായി ബന്ധപ്പെട്ട പുതിയ സ്ട്രാറ്റജിക് ഡോക്യുമെന്റ് പ്രകാരം സുസ്ഥിരവും സുരക്ഷിതവുമായ ദക്ഷിണേഷ്യ എന്ന ആശയത്തെ പ്രോത്സാഹിപ്പിക്കാനായി മേഖലയിലെ പ്രാദേശിക കൂട്ടായ്മകളിലൂടെ ഇന്ത്യയുമായി സഹകരിച്ചു പ്രവർത്തിക്കാൻ അമേരിക്ക ആഗ്രഹിക്കുന്നു. ആരോഗ്യം, സ്പേസ് , സൈബർസ്പേസ് , സാങ്കേതികവും, സാമ്പത്തികവുമായ സഹകരണം എന്നിവയിലൂടെ സ്വതന്ത്രവും, തുറന്നതുമായ ഇൻഡോ-പസിഫിക് സാധ്യമാക്കുകയാണ് ലക്ഷ്യം. ഈ വിഷയത്തിൽ ഇന്ത്യ ഒരേ കാഴ്ചപ്പാടുള്ള പങ്കാളിയാണെന്ന് അമേരിക്ക അംഗീകരിക്കുന്നു.

ACHARYA
an influential mentor

# ഇന്ത്യ-മാലിദ്വീപ് ബന്ധം

ഇന്ത്യയുടെ നിലവിലെ 'അയൽക്കാർ ആദ്യം' എന്ന വിദേശനയത്തിന് ചേരുന്നതാണ് ഇബ്രാഹിം സോലിയുടെ നേതൃത്വത്തിലുള്ള മാലിദ്വീപുമായുള്ള ഇന്ത്യയുടെ ബന്ധം.

ഇന്ത്യയും മാലിദ്വീപും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സാങ്കേതിക വിദ്യയുടെ വളർച്ച ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കാൻ സഹായിച്ചു. നിരവധി മാലിദ്വീപിയൻ വിദ്യാർഥികൾ ഇന്ത്യയിൽ വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. കൂടാതെ നിരവധി പേർ മാലിദ്വീപിൽ നിന്നും ഇന്ത്യയിലേക്ക് ചികിത്സ തേടിവരുന്നുണ്ട്.

മാലിദ്വീപിന്റെ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ല് വിനോദസഞ്ചാരമാണ്. ഇപ്പോൾ നിരവധി ഇന്ത്യക്കാരുടെ വിനോദസഞ്ചാര മേഖലയാണ് മാലിദ്വീപ്. കൂടാതെ നിരവധി ഇന്ത്യക്കാർ മാലിദ്വീപിൽ ജോലി ചെയ്യുന്നുണ്ട്. ഭൂമിശാസ്ത്രപരമായി മാലിദ്വീപിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവശ്യവസ്തുക്കളുടെ കയറ്റുമതിക്ക് ഇന്ത്യ ഏർപ്പെടുത്തിയ കയറ്റുമതി നിരോധനത്തിൽ നിന്നും മാലിദ്വീപിനെ ഒഴിവാക്കിയിട്ടുണ്ട്.

മാലിദ്വീപിനെ പല അത്യാവശ്യഘട്ടങ്ങളിലും സഹായിച്ച ചരിത്രം ഇന്ത്യക്കുണ്ട്. 1988 ൽ ഒരു സായുധ വിഭാഗത്തിന്റെ ആക്രമണത്തിൽ നിന്നും മാലിദ്വീപിയൻ ഭരണകൂടത്തെ ഇന്ത്യ രക്ഷിച്ചിട്ടുണ്ട്. സുനാമി ദുരന്ത സമയത്തും ഈയ്യിടെ ഉണ്ടായ ശുദ്ധജല ദൗർലഭ്യത്തിലും മാലിദ്വീപിനെ തക്കസമയത്ത് സഹായിക്കാൻ ഇന്ത്യക്കായി. ഇപ്പോൾ മഹാമാരിയെ ചെറുക്കുന്നതിനായി 250 മില്യൺ അമേരിക്കൻ ഡോളറിന്റെ സഹായം ഇന്ത്യ മാലിദ്വീപിന് നൽകി.

ഇന്ത്യ-വിരുദ്ധൻ ആയിരുന്ന അബ്ദുല്ല യമീന്റെ ഭരണകാലത്താണ് ഇന്ത്യ ജലദൗർലഭ്യം രൂക്ഷമായ സാഹചര്യത്തിൽ മാലിദ്വീപിലെ സഹായിച്ചത്. എന്നാൽ ഇപ്പോൾ യമീൻ അനുയായികൾ ഇന്ത്യക്കെതിരെയുള്ള പ്രചാരണം ശക്തമാക്കുകയാണ്. മാലിദ്വീപിൽ ഇന്ത്യയുടെ സഹായത്തോടെ നിർമ്മിക്കുന്ന അടിസ്ഥാനസൗകര്യ വികസനത്തെ അവർ എതിർക്കുന്നു. രാജ്യത്തിൻറെ സ്വത്തുക്കൾ വിദേശികൾക്ക് വിൽക്കുന്നു എന്നാണ് ഇന്ത്യയെ ഉദ്ദേശിച്ചുകൊണ്ട് ഇപ്പോഴത്തെ ഭരണത്തെ എതിർത്തുകൊണ്ട് യമീൻ അനുയായികൾ ആരോപിക്കുന്നത്. യമീന്റെ ഭരണം ഇന്ത്യക്ക് എതിരായിരുന്നു എന്ന് മാത്രമല്ല ചൈനക്ക് അനുകൂലമായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ് . എങ്കിലും സോലി സർക്കാരിന്റെ 'ഇന്ത്യ ആദ്യം' എന്ന നയത്തിൽ ഇപ്പോൾ ഇന്ത്യക്ക് ആശ്വസിക്കാം.

ACHARYA
An influential mentor

# രാജ്യത്തെ കാർഷിക നയങ്ങളിൽ പുനർവിചിന്തനം ആവശ്യമാണ്.

ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ കുറക്കേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തിൻറെ വള സബ്സിഡി, കുറഞ്ഞ താങ്ങുവില പോലുള്ള നയങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

## വായുമലിനീകരണവും കാർഷിക മേഖലയും

- രാജ്യത്തെ കാർഷികമേഖല വായുമലിനീകരണത്തിന് വലിയ പങ്കുവഹിക്കുന്നുണ്ട്. യുറിയക്കും വളത്തിനും നൽകുന്ന സബ്സിഡി, കനാൽ വഴിയുള്ള ജലസേചനം, പ്രധാനമായും നെൽകൃഷിയിലും ഗോതമ്പുകൃഷിയിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള കുറഞ്ഞ താങ്ങുവില സംവിധാനം എന്നിവ കാർഷികമേഖലയിൽ നിന്നുള്ള വായുമലിനീകരണം വർദ്ധിക്കുന്നതിന് കാരണമായി മാറിയിട്ടുണ്ട്.

- രാജ്യത്തെ മൊത്തം മീഥേൻ പുറംതള്ളലിന്റെ 73 ശതമാനവും സംഭാവന ചെയ്യുന്നത് കാർഷിക മേഖലയാണ്.

- 2022 ജനുവരി 1 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തെ ഗോതമ്പിന്റെയും അരിയുടെയും കരുതൽ ശേഖരം ആവശ്യമുള്ളതിൻറെ നാലിരട്ടിയാണ്. അരിയുടെ കരുതൽ ശേഖരം ആവശ്യമുളത്തിന്റെ ഏഴ് ഇരട്ടിയാണ്. ഇത്രയും അധികം വരുന്ന ധാന്യ ശേഖരം വലിയ അളവിൽ ഹരിതഗൃഹവാതകങ്ങൾ പുറംതള്ളുന്നു. നാഷണൽ ഗ്രീൻഹൌസ് ഗ്യാസ് ഇൻവെന്ററിയുടെ വിവരങ്ങൾ പ്രകാരം കാർഷിക മേഖലയിൽ നിന്നുള്ള ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളലിൽ മൂന്നാം സ്ഥാനം നെൽക്കൃഷിക്കാണ്.

## അമിത ജലചൂഷണം

- 2021 -2022 സാമ്പത്തിക സർവ്വേ പ്രകാരം രാജ്യത്ത്, പ്രത്യേകിച്ചു വടക്കു കിഴക്കൻ മേഖലയിൽ അമിത തോതിൽ ഭൂഗർഭ ജല ചൂഷണം നടക്കുന്നുണ്ട്. 44 മില്യൺ ഹെക്ടറോളം സ്ഥലത്തു വരുന്ന ഗോതമ്പു കൃഷിയാണ് ഇതിനു പ്രധാന കാരണം. രാജ്യത്തെ ഭക്ഷ്യസുരക്ഷയ്ക്ക് ഇത് വലിയ പങ്കു വഹിക്കുന്നുണ്ടെങ്കിലും ഭൂഗർഭ ജല സ്രോതസ്സിനെയും പരിസ്ഥിതിയെയും ഇത് ദോഷകരമായി ബാധിക്കുകയാണ്. കുറഞ്ഞ താങ്ങുവിലയുടെ ആനുകൂല്യം വലിയതോതിൽ ലഭ്യമാകുന്നത് അരിക്കും ഗോതമ്പിനും ആണെന്നുള്ളത് ഇവിടെ പ്രശ്നമാകുന്നു.

2070 ആകുമ്പോഴേക്കും കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുമെന്ന ഇന്ത്യയുടെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ കാർഷിക മേഖലയിൽ നിന്നുള്ള വായുമലിനീകരണം കുറയ്ക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

# രാജ്യത്തെ വ്യവസായവത്കരണത്തിന് പ്രശ്നം സ്വതന്ത്ര വ്യാപാരമോ?

സ്വതന്ത്ര വ്യാപാരത്തിനും ആഗോളവത്കരണത്തിനും എതിരായി ഇന്ത്യയുടെ വിദേശകാര്യ മന്ത്രി സംസാരിക്കുകയുണ്ടായി. മുൻപത്തെ പല വ്യാപാര കരാറുകളും രാജ്യത്തെ ആഭ്യന്തര ഉത്പാദകരെ ദോഷകരമായി ബാധിക്കുകയും രാജ്യത്തെ വ്യാവസായവത്കരണത്തെ പിറകോട്ടടിപ്പിക്കുകയും ചെയ്തെന്ന് അദ്ദേഹം പറഞ്ഞു.

## സ്വതന്ത്ര വ്യാപാരവും ഇന്ത്യയും

ആർ.സി.ഇ.പി യിൽ നിന്നും വിട്ടു നില്ക്കാൻ തീരുമാനിച്ചത് ഇന്ത്യക്ക് ദോഷം ചെയ്യും. ഇത്തരത്തിലുള്ള സ്വതന്ത്ര വ്യാപാര കരാറുകളിൽ നിന്നും വിട്ടുനിൽക്കുന്നത് ഇന്ത്യയെ ആഗോള വിതരണശൃംഖലയിൽ നിന്നും അകറ്റി നിർത്തും. ആഗോള തലത്തിൽ, പ്രത്യേകിച്ച് തെക്ക്-കിഴക്കൻ ഏഷ്യൻ മേഖലയിലെ ഇന്ത്യയുടെ പ്രധാന മത്സര-എതിരാളികൾ ആർ.സി.ഇ.പി യിലൂടെ ഇന്ത്യയേക്കാൾ മുൻപന്തിയിൽ എത്തുന്ന സാഹചര്യമായി.

ACHARYA
An influential mentor

## ഇന്ത്യൻ വിപണി തുറന്നതായിരുന്നോ?

- 1991 നു ശേഷം ഇന്ത്യൻ വിപണി കൂടുതൽ തുറന്നതാക്കി മാറ്റിയിരുന്നു എങ്കിലും മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഇന്ത്യൻ വിപണി കൂടുതൽ നിയന്ത്രണങ്ങളോട് കൂടിയതുതന്നെ ആയിരുന്നു. ലോക വ്യാപാര സംഘടനയുടെ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ മോസ്റ്റ് ഫെയ് വേർഡ് നേഷൻ ഇറക്കുമതി ചുങ്കം എന്നത് 13.8 % ആണ്. ലോകത്തിലെ ഏറ്റവും ഉയർന്ന ഇത്തരത്തിലുള്ള ചുങ്കമാണിത്.

- ഐക്യരാഷ്ട്ര സഭയുടെ ഇമ്പോർട്ട് റെസ്ട്രിക്ടിവ് ഇൻഡക്സിൽ "വെരി റെസ്ട്രിക്ടിവ്" എന്ന വിഭാഗത്തിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നത്.

- 1995 നും 2019 നും ഇടയിൽ 972 തവണയാണ് ഇന്ത്യ ആന്റി-ഡംപിങ് ഡ്യൂട്ടി ഈടാക്കിയത്.

- ഈ വർഷം പുറത്തിറങ്ങിയ സാമ്പത്തിക സർവ്വേ ഒപ്പുവെച്ച സ്വതന്ത്ര വ്യാപാര കരാറുകൾ ഇന്ത്യക്ക് ഗുണകരമായെന്ന് പറയുന്നു. രാജ്യത്തെ വ്യവസായമേഖലയുടെ വളർച്ചകുറവിന് കാരണം മത്സരക്ഷമതയില്ലായ്മയും ഒപ്പം രാജ്യത്തെ ഘടനാപരമായ വിഷയങ്ങളുമാണെന്നത് മറക്കുന്നു.

- ആഗോളവൽക്കരണത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളിൽ ഒന്നാണ് ഇന്ത്യ. 2004-2005 ൽ 40 % ആയിരുന്ന രാജ്യത്തെ ദാരിദ്ര്യം 2011 -12 ൽ 20 ശതമാനമായി കുറഞ്ഞിട്ടുണ്ട്. രാജ്യത്തിൻറെ ഈ സാമ്പത്തിക വളർച്ചയുടെ പ്രധാന എൻജിൻ ആയി പ്രവർത്തിച്ചത് അന്താരാഷ്ട്ര വ്യാപാരം ആയിരുന്നു.

# 'മ്യാൻമാർ പ്രക്ഷോഭവും ഇന്ത്യയും', 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

മ്യാന്മറിൽ പട്ടാളം ഭരണം ഏറ്റെടുത്തതിനു ശേഷം വലിയ രീതിയിലുള്ള പ്രക്ഷോഭം അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. പട്ടാളം ഇന്ന് മ്യാൻമറിൽ ബഹുമുഖമായ വെല്ലുവിളികളാണ് നേരിടുന്നത്. ജനാധിപത്യത്തിനായി പ്രക്ഷോഭം നയിക്കുന്ന 'പീപ്പിൾസ് ഡിഫൻസ് ഫോഴ്സി'നൊപ്പം രാജ്യത്തിൻറെ വടക്ക്-പടിഞ്ഞാറൻ ഭാഗത്തെ ഗോത്രവിഭാഗത്തിൽപ്പെട്ട സായുധവിഭാഗവും ചേർന്നിരിക്കുകയാണ്. കണക്കുകൾ പ്രകാരം 2021 ൽ ഏകദേശം ഏഴായിരത്തിനടുത്ത് കലാപങ്ങളും അക്രമങ്ങളുമാണ് മ്യാന്മറിൽ ഉണ്ടായത്. കഴിഞ്ഞ മൂന്ന് മാസത്തിനിടെ മാത്രം 2388 കലാപങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു.

## പ്രശ്നത്തിൽ ഇന്ത്യയുടെ ആശങ്ക

ഇന്ത്യയുടെ വടക്ക്-കിഴക്കൻ രാജ്യങ്ങളുമായി അതിർത്തി പങ്കുവെക്കുന്ന മ്യാന്മാർ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഏറെ തന്ത്ര-പ്രാധാന്യമർഹിക്കുന്ന രാജ്യമാണ്. രാജ്യത്തിൻറെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളുമായി ചേർന്ന് നിൽക്കുന്ന മ്യാൻമറിലെ പല മേഖലകളിലും വലിയതോതിൽ കലാപങ്ങൾ നടക്കുന്നുണ്ട്. മിസോറാമിനോടും മണിപ്പൂരിനോടും അതിർത്തി പങ്കുവെക്കുന്ന ചിൻ മേഖലയിൽ പട്ടാളത്തിന്റെ ഭാഗത്തുനിന്ന് ശക്തമായ

അടിച്ചമർത്തൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആയിരക്കണക്കിന് മ്യാന്മാർ പൗരമാർ രാജ്യം വിട്ട് ഇന്ത്യയിലേക്ക് പലായനം ചെയ്യാൻ നിർബന്ധിക്കപ്പെടുന്നു.

പട്ടാള-വിരുദ്ധ പ്രക്ഷോഭം അടിച്ചമർത്താനായി മണിപ്പൂരിലെ ചില സായുധ വിഭാഗത്തെ മ്യാൻമാർ പട്ടാളം ഉപയോഗിക്കുന്നു. പകരമായി അവർക്ക് സുരക്ഷത്താവളം സൈന്യം ഒരുക്കുകയാണ്. ഇത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഭീഷണിയായി മാറുകയാണ്.

## മ്യാൻമറിലെ വിഷയത്തിൽ ഇന്ത്യയുടെ നിലപാട്

- തികച്ചും നയപരമായ സമീപനമാണ് ഈ വിഷയത്തിൽ ഇന്ത്യ എടുത്തുകൊണ്ടിരിക്കുന്നത്. മ്യാൻമാറിൽ ജനാധിപത്യം പുനഃസ്ഥാപിക്കണമെന്നും രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കണമെന്നും ആവശ്യപ്പെടുമ്പോഴും മ്യാൻമർ-പട്ടാളവുമായി ബന്ധം നിലനിർത്തുകയും ചെയ്യുന്നു.

- പട്ടാള ഭരണത്തിനെതിരെ ഉപരോധം പ്രഖ്യാപിക്കണമെന്ന നിലപാടിനോട് ഇന്ത്യ യോജിക്കുന്നില്ല.

## പട്ടാളഭരണത്തെ പിന്തുണക്കുന്നതിൽ ഇന്ത്യക്കുള്ള പ്രശ്നം

- ജനാധിപത്യത്തെ അടിച്ചമർത്തുന്ന പട്ടാളഭരണത്തെ പിന്തുണക്കുന്നത് രാജ്യം പിന്തുടർന്ന് വരുന്ന പരമ്പരാഗത നിലപാടുകൾക്ക് വിരുദ്ധമാകും.

- ഇൻഡോ-പസഫിക്ക് മേഖലയിൽ ഇന്ത്യ-അമേരിക്ക സഹകരണം ശക്തമായി വരുന്ന സാഹചര്യത്തിൽ പട്ടാളഭരണത്തെ പിന്തുണക്കുന്നത് അമേരിക്കൻ നിലപാടുകൾക്ക് വിരുദ്ധമായ ഒന്നാകും.

## ജനാധിപത്യ പ്രക്ഷോഭത്തെ പിന്തുണക്കുന്നതിലെ പ്രശ്നം

മ്യാൻമറിലെ പട്ടാള നേതൃത്വവുമായി ചൈന നിലവിൽ നല്ല ബന്ധം നിലനിർത്തുന്നുണ്ട് . ഇത് മ്യാന്മറിൽ ചൈനയുടെ സ്വാധീനം വർധിക്കാൻ ഇടവരുത്തും. ഈ സാഹചര്യത്തിൽ ജനാധിപത്യ പ്രക്ഷോഭത്തെ

പിന്തുണയ്ക്കുന്നത് മ്യാന്മാറിലുള്ള ഇന്ത്യയുടെ സ്വാധീനം ഗണ്യമായി കുറച്ചേയ്ക്കും.

## ഇന്ത്യ ചെയ്യേണ്ടത്

- മ്യാൻമാരിൽ സുസ്ഥിരമായ ഭരണം കാഴ്ചവെക്കാൻ പട്ടാളത്തിന് സാധിക്കില്ല എന്നത് ഇന്ത്യ തിരിച്ചറിയേണ്ടതുണ്ട്.

- നാഷണൽ യൂണിറ്റി ഗവൺമെന്റിന് മ്യാന്മറിൽ പിന്തുണ വർധിച്ചുവരുന്ന സാഹചര്യമാണ്. കൂടാതെ മ്യാന്മറിൽ സമാധാനപൂർണമായ ഭരണം സ്ഥാപിക്കാൻ പട്ടാളത്തിന് കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ നാഷണൽ യൂണിറ്റി ഗവണ്മെന്റിനെ പിന്തുണക്കാൻ ഇന്ത്യ തയ്യാറാകണം.

# ഇന്ത്യ -യു.എ.ഇ സ്വതന്ത്ര വ്യാപാര കരാറിന്റെ പ്രാധാന്യം - 'ദി ഹിന്ദു ' ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

ഇന്ത്യയിലെ വ്യവസായ സ്ഥാപനങ്ങളെ ആഗോള വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുകയും, കൂടുതൽ വിപണി ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കു ലഭ്യമാക്കുകയും ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് സ്വതന്ത്ര വ്യാപാര കരാറുകളോടുള്ള ഇന്ത്യയുടെ പുതിയ സമീപനം.

പുതിയ സ്വതന്ത്ര വ്യാപരകരാർ നയം അനുസരിച്ചു ലോകത്തിലെ ആറ് രാജ്യങ്ങളെ അല്ലെങ്കിൽ മേഖലകളെ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ യുണൈറ്റഡ് കിങ്ഡം, യൂറോപ്യൻ യൂണിയൻ, ഓസ്ട്രേലിയ, കാനഡ, യു.എ.ഇ, ജി. സി. സി എന്നിവയാണ്. ഇവയിൽ യു. എ. ഇ മുൻപന്തിയിൽ നിൽക്കുന്ന രാജ്യമാണ്.

## എന്തുകൊണ്ട് യു.എ.ഇ ?

മധ്യേഷ്യയിലും പശ്ചിമേഷ്യയിലും മാത്രമല്ല ആഗോള തലത്തിൽ തന്നെ യു.എ. ഇ ഇന്ന് ഒരു പ്രധാന സാമ്പത്തിക മേഖലയായി മാറിയിട്ടുണ്ട്. ഈ അടുത്ത കാലത്തായി യു. എ. ഇ മുന്നോട്ടു വെച്ച 'വിഷൻ 2021 ' പ്രകാരം എണ്ണയെ ആശ്രയിച്ചുകൊണ്ടുള്ള പരമ്പരാഗത രീതിയിൽ നിന്നും മാറി സമ്പത് വ്യവസ്ഥയെ കൂടുതൽ വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലോകവ്യാപാര സംഘടനയുടെ റിപ്പോർട്ട് പ്രകാരം 2012 മുതൽ യു.എ.ഇ യുടെ

വളർച്ചയെ നയിക്കുന്നത് കൂടുതലും നോൺ- ഹൈഡ്രോകാർബൺ മേഖലയാണ്.

ഇന്ത്യയും യു.എ.ഇ യും തമ്മിലുള്ള നയതന്ത്ര ബന്ധം ആരംഭിക്കുന്നത് 1972 'ലാണ്. പിന്നീട് 2015 ൽ ഇന്ത്യൻ പ്രധാന മന്ത്രിയുടെ യു.എ.ഇ സന്ദർശനവും, 2017 ലെ റിപ്പബ്ലിക്ക് ഡേ ആഘോഷത്തിൽ മുഖ്യാതിഥിയായി അബുദാബി രാജാവിനെ ക്ഷണിച്ചത് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാകാൻ സഹായിച്ചു. ഇത് 2021 ൽ ഇന്ത്യ- യു.എ.ഇ കോമ്പ്രെഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ് കരാർ യാഥാർഥ്യമാകുന്നതിലേക്കു നയിക്കുകയും ചെയ്തു.

2021 -22 സാമ്പത്തിക വർഷത്തിൽ 52 .76 ബില്യൺ അമേരിക്കൻ ഡോളറിന്റെ സേവന- ഇതര വ്യാപാരമാണ് ഇന്ത്യയും യു.എ.ഇ 'യും തമ്മിൽ നടന്നത്. ഇത് യു.എ ഇ യെ ഇന്ത്യയുടെ ഏറ്റവും വലിയ മൂന്നാമത്തെ വ്യാപാര പങ്കാളിയാക്കി മാറ്റി. അഞ്ചുവർഷം കൊണ്ട് ഇരു രാജ്യങ്ങളും തമ്മിലുള്ള സേവന - ഇതര വ്യാപാര ബന്ധം 100 ബില്യൺ അമേരിക്കൻ ഡോളറായി ഉയർത്താനാണ് ലക്ഷ്യം വെയ്ക്കുന്നത്. കൂടാതെ 2030 ആകുമ്പോഴേക്കും യു.എ. ഇ ലേക്ക് ഒരു ട്രില്യൺ അമേരിക്കൻ ഡോളറിന്റെ വസ്തു കയറ്റുമതിയും, ഒരു ട്രില്യൺ അമേരിക്കൻ ഡോളറിന്റെ സേവന കയറ്റുമതിയും ഇന്ത്യ ലക്ഷ്യം വെക്കുന്നുണ്ട്. യു.എ.ഇ യുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെയ്ക്കാനായാൽ മേല്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സഹായകരമാകും.

യു.എ.ഇ യുമായി സ്വതന്ത്ര വ്യാപാര കരാർ സാധ്യമായാൽ അത് യു.എ.ഇ യുടെ തന്ത്ര പ്രധാന മേഖലകളിലേക്കും ഒപ്പം, ആഫ്രിക്കൻ വിപണിയിലേക്കും ഇന്ത്യയ്ക്ക് എളുപ്പത്തിൽ പ്രവേശനം ലഭിച്ചേക്കും.

ACHARYA
An influential mentor

# എൽ.പി.ജി. കണക്ഷനുകളും വായുമലിനീകരണവും. ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

രാജ്യത്തെ വീടുകൾക്കകത്തുള്ള വായുമലിനീകരണം കുറക്കുന്നതിനായാണ് എല്ലാ വീടുകളിലും എൽ.പി.ജി. കണക്ഷൻ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചത്. രാജ്യത്തെ എല്ലാ വീടുകളിലും എൽ.പി.ജി കണക്ഷൻ ലഭ്യമാക്കുന്നതിനായി ഏകദേശം 12000 കോടിയിലധികം രൂപ ചെലവിട്ടിട്ടും ഓരോ വർഷവും ഏകദേശം 6 ലക്ഷത്തിലധികം ആളുകളുടെ മരണത്തിന് വീടിനകത്തുള്ള വായുമലിനീകരണം കാരണമാകുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്.

## ഇത് എന്തുകൊണ്ട് സംഭവിക്കുന്നു?

കേവലം എൽ.പി.ജി കണക്ഷനുകൾ ലഭ്യമാക്കിയതുകൊണ്ടുമാത്രം പ്രശ്നപരിഹാരമാകുന്നില്ലെന്ന് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. പാചക-ഇന്ധന ഉപയോഗത്തിൽ ആളുകളുടെ മനോഭാവം മാറ്റാനാവശ്യമായ ഇടപെടലുകളും എൽ.പി.ജി. താങ്ങാനാവുന്ന വിലക്ക് ലഭ്യമാക്കേണ്ടതും ആവശ്യമാണ്.

കോവിഡ് ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയും വിലക്കയറ്റവും പരമ്പരാഗതമായി ഉപയോഗിച്ച് വരുന്ന വിറകുപോലുള്ള ഇന്ധനത്തിൽ നിന്നും എൽ.പി.ജി'യിലേക്ക് മാറാൻ ജനങ്ങളെ വിമുഖരാക്കുന്നു.

## പരിഹാരങ്ങൾ

- എൽ.പി.ജി കണക്ഷനുകൾ താങ്ങാവുന്ന വിലക്ക് ലഭ്യമാക്കാൻ സർക്കാരിന്റെ നിക്ഷേപം വർദ്ധിപ്പിക്കുക.
- ജൈവ-ഇന്ധനം പ്രോത്സാഹിപ്പിക്കുക. ബയോഗ്യാസ് ഉപഭോഗം വർദ്ധിപ്പിക്കാനായി വർഷങ്ങളായി സർക്കാർ ശ്രമിക്കുമ്പോഴും അതിന്റെ ഫലം കാണുന്നില്ല. ബയോഗ്യാസ് പദ്ധതികൾക്കായുള്ള സർക്കാരിന്റെ ചെലവിടൽ വർദ്ധിപ്പിക്കുക.
- എൽ.പി.ജി സബ്സിഡി തുടരുകയും അത് കൂടുതൽ യുക്തമാക്കുകയും ചെയ്യുക.

ACHARYA
An influential mentor

## നഗരവികസനം: നടപ്പാക്കൽ പാളുന്നു. 'ബിസിനസ്സ് ലൈൻ' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

കഴിഞ്ഞ കുറച്ചു വർഷങ്ങളായി നഗരവികസന മന്ത്രാലയത്തിനായുള്ള ബജറ്റ് വിഹിതം വർദ്ധിക്കുന്നുണ്ടെങ്കിലും നഗരപ്രദേശങ്ങളിൽ അതിന്റെ ഗുണം കാര്യമായി കാണാനാവുന്നില്ല. പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചകളും നഗരഭരണ സംവിധാനങ്ങളുടെ സാമ്പത്തിക-സാങ്കേതിക സ്രോതസ്സുകളുടെ കുറവും ഇതിന് പ്രധാന കാരണങ്ങളാണ്.

നഗരവികസന മന്ത്രാലയത്തിനായി ചെലവടിസ്ഥാനത്തിൽ 2022-23 ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 76,549 കോടി രൂപയാണ്. ഇത് 2021 -22 ലെ റിവൈസ്ഡ് എസ്റ്റിമേറ്റിനെക്കാൾ 4 % കൂടുതലാണ്. ഏറ്റവും കൂടുതൽ വകയിരുത്തിയിരിക്കുന്നത് 'പ്രധാനമന്ത്രി ആവാസ് യോജന (നഗരം)'

പദ്ധതിക്കാണ്. വകയിരുത്തലിന്റെ 31 ശതമാനം മെട്രോ റെയിൽ പദ്ധതികൾക്കും 9 ശതമാനം 'സ്മാർട്ട് സിറ്റി' പദ്ധതിക്കും ആണ്.

## 'പ്രധാനമന്ത്രി ആവാസ് യോജന' പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ

- പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടില്ല എന്ന് മാത്രമല്ല പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളിലേക്ക് അതിന്റെ ഗുണം എത്തിക്കാനും സാധിച്ചിട്ടില്ലെന്ന് പാർലിമെന്ററി സ്റ്റാന്റിംഗ് കമ്മറ്റിയുടെ വിവരങ്ങൾ സൂചിപ്പിക്കുന്നു. 2022 ആകുമ്പോഴേക്കും എല്ലാവർക്കും വീട് എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 2012 ൽ നഗരങ്ങളിൽ ഏകദേശം 1.9 കോടി വീടുകളുടെ കുറവാണ് ഉണ്ടായിരുന്നത്. 2022 ഫെബ്രുവരി മാസം വരെ 1.14 കോടി വീടുകളുടെ നിർമ്മാണം പദ്ധതിപ്രകാരം അംഗീകരിക്കപ്പെട്ടെങ്കിലും അതിന്റെ 48 % മാത്രമാണ് പൂർത്തീകരിക്കാനായത്.

- 2012 ലെ കണക്കുകൾ പ്രകാരം 'എക്കണോമിക്കലി വീക്കർ സെക്ഷൻ', 'ലോ ഇൻകം ഗ്രൂപ്പ്' എന്നീ വിഭാഗങ്ങളിൽപെട്ടവരാണ് രാജ്യത്തെ മൊത്തം വീടില്ലാത്തവരിൽ 96 % പേരും. എന്നാൽ പാർലിമെന്ററി സ്റ്റാന്റിംഗ് കമ്മറ്റിയുടെ കണ്ടെത്തൽ പ്രകാരം പദ്ധതിയുടെ ഗുണം ലഭിച്ചവരിൽ ഭൂരിഭാഗം പേരും 'മിഡിൽ ഇൻകം' വിഭാഗത്തിൽപ്പെട്ടവരാണ്. പദ്ധതിയുടെ ഗുണം അതിന്റെ പ്രധാന ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് കുറവാണെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു.

ACHARYA
An influential mentor

## നഗര-ഗതാഗതവുമായി ബന്ധപ്പെട്ട പദ്ധതികളിലെ പ്രശ്നങ്ങൾ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി മെട്രോ-റെയിൽ പദ്ധതികൾക്ക് വലിയ തുകയാണ് വകയിരുത്തപ്പെടുന്നത്. 2020-21 ലെ സി.എ.ജി റിപ്പോർട്ട് പ്രകാരം 2019-20 വർഷത്തിൽ ഡൽഹി മെട്രോയിലെ യാത്രക്കാരുടെ എണ്ണം 53 ലക്ഷമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അതെ വർഷം 28 ലക്ഷം യാത്രക്കാരാണ് യഥാർത്ഥത്തിൽ ഡൽഹി മെട്രോയിൽ യാത്രചെയ്യപ്പെട്ടത്. ഡൽഹി മെട്രോയുടെ പ്രവർത്തനച്ചെലവ് വലിയതോതിൽ വർധിച്ചു വരുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

## സ്മാർട്ട് സിറ്റി പദ്ധതിയിലെ വീഴ്ചകൾ

അഞ്ചു വർഷംകൊണ്ട് മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ 100 നഗരങ്ങൾ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2015 ൽ ആണ് 'സ്മാർട്ട്

സിറ്റി' പദ്ധതി ആരംഭിച്ചത്. 2022-23 ബജറ്റിൽ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത് 6,800 കോടി രൂപയാണ്. 2022 ഫെബ്രുവരി മാസം വരെ 5,151 പ്രൊജെക്ടുകൾക്ക് പദ്ധതിപ്രകാരം അംഗീകാരം ലഭിച്ചെങ്കിലും നടപ്പാക്കാനായത് ഇതിന്റെ 67 ശതമാനം മാത്രമാണ്.

## അർബൻ ലോക്കൽ ബോഡികളുടെ പ്രശ്നം

രാജ്യത്തെ 'അർബൻ ലോക്കൽ ബോഡി'കൾ വലിയതോതിൽ സാമ്പത്തിക-സാങ്കേതിക സ്രോതസുകളുടെ അഭാവം നേരിടുകയാണെന്ന് റിപ്പോർട്ടുകൾ ചൂണ്ടികാണിക്കുന്നു. രാജ്യത്തെ മുൻസിപ്പൽ റവന്യു എന്നത് ജി.ഡി.പി'യുടെ 1 % മാത്രമാണ്.

# എണ്ണവില വർദ്ധനവും ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയും

റഷ്യ-യുക്രൈൻ യുദ്ധം തുടരുന്ന സാഹചര്യം ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥയെ ഏറ്റവും കൂടുതൽ ബാധിക്കുക എണ്ണ വിലവർദ്ധനവിന്റെ രൂപത്തിൽ ആയിരിക്കും. എണ്ണവിലയിൽ ഉണ്ടാകുന്ന വർദ്ധനവ് രാജ്യത്ത് അവശ്യവസ്തുക്കളുടെ വിലകയറ്റത്തിലേക്കും നയിക്കുന്ന സാഹചര്യമുണ്ടാകും. നിലവിലെ ആഗോളസാഹചര്യത്തിൽ എണ്ണവില വില വർദ്ധനവിനെ സ്വാധീനിക്കുക പല ഘടകങ്ങൾ ആയിരിക്കും അവ:

ACHARYA An influential mentor

- യുദ്ധം എത്രത്തോളം നീളുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. യുദ്ധം നീളുംതോറും അത് ആഗോള തലത്തിൽ എണ്ണ വിതരണത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമുണ്ടാകും.

- എണ്ണയുടെ സ്ട്രാറ്റജിക് റിസർവ്വ് എത്രത്തോളം ഉപയോഗിക്കാൻ സാധിക്കും.

- **ഇറാൻ-ആണവകരാർ** - കരാർ ഒപ്പുവെക്കാനായാൽ വിപണിയിലേക്ക് ഇറാനിൽ നിന്നുള്ള എണ്ണ എത്തിയേക്കാം.

- **അമേരിക്കയിൽ നിന്നുള്ള എണ്ണ വിതരണം.** - ലോകത്തിലെ ഏറ്റവും വലിയ എണ്ണ ഉത്പാദന രാജ്യമായി ഇന്ന് അമേരിക്ക മാറുകയാണ്. ഈ സാഹചര്യത്തിൽ അന്താരാഷ്ട്ര വിപണിയിൽ എണ്ണ ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് നികത്താൻ അമേരിക്കക്ക് സാധിക്കും.

- **സൗദിയിൽ നിന്നുള്ള എണ്ണ വിതരണം** - കൂടുതൽ എണ്ണ ഉല്പാദിപ്പിച്ച് വിപണിയിലിറക്കാൻ സൗദിക്ക് മേൽ സമ്മർദ്ദം ചെലുത്താൻ അമേരിക്കക്ക് സാധിച്ചേക്കും.

- **ചൈനയോടുള്ള ആശ്രിതത്വം** - രാജ്യത്ത് ഹരിത ഇന്ധനം ഉപയോഗിക്കാനാവശ്യമായ പല ഘടകങ്ങളും ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യേണ്ട സാഹചര്യമാണ്. വിഷയത്തിൽ ചൈനയുടെ ശക്തമായ പിടി ഹരിത ഇന്ധന ഉല്പാദനത്തെ ബാധിക്കുന്നുണ്ട്.

-

## ഇന്ത്യ ചെയ്യേണ്ടത്

- രാജ്യത്തിൻറെ സ്ട്രാറ്റജിക് റിസർവ്വ് ഉയർത്തുക.

- ഹരിത ഇന്ധന ഉല്പാദനത്തിനാവശ്യമായ ഘടകങ്ങൾക്ക് ചൈനയെ ആശ്രയിക്കുന്നത് കുറക്കണം.

- എണ്ണ ഇറക്കുമതി സ്രോതസ്സുകൾ വിപുലമാക്കുക.

- ട്രാൻസ്-നാഷണൽ വാതകപൈപ്പലൈനുമായി ബന്ധപ്പെട്ട് ഇറാനുമായും തുർക്ക്മെനിസ്ഥാനുമായും ചർച്ചകൾ നടത്തുക.

ACHARYA
An influential mentor

# ഊർജ്ജസുരക്ഷിതത്വത്തിൽ പ്രകൃതിവാതകത്തിന്റെ പങ്ക് വർദ്ധിപ്പിക്കണം, 'ബിസിനസ് ലൈൻ' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

അന്താരാഷ്ട്ര തലത്തിൽ എണ്ണ വിലയിൽ ഉണ്ടാകുന്ന വർദ്ധനവ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം സാമ്പത്തികപരമായി ഏറെ ബുദ്ധിമുട്ടിക്കുന്നു എന്ന് മാത്രമല്ല ജിയോപോളിറ്റിക്കലി രാജ്യത്തിന്റെ ദൗർബല്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. എണ്ണ ഇറക്കുമതിക്കായി ഇന്ത്യ ഒരുപാട് ആശ്രയിക്കാത്ത രാജ്യമാണ് റഷ്യ. എന്നിരുന്നിട്ടും റഷ്യ-യുക്രൈൻ യുദ്ധം അന്താരാഷ്ട്ര വിപണിയിൽ എണ്ണക്കുണ്ടാകുന്ന വിലക്കയറ്റം ഇന്ത്യയെയും ഏറെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമാണുള്ളത്.

## അന്താരാഷ്ട്ര തലത്തിൽ ഉണ്ടാകുന്ന ഇത്തരം അനിശ്ചിതത്വങ്ങളെ ഇന്ത്യ എങ്ങനെ നേരിടണം?

അസംസ്കൃത എണ്ണയുടെ കാര്യത്തിൽ ഇറക്കുമതി പരമാവധി കുറക്കുയും ഒപ്പം ഇറക്കുമതി സ്രോതസ്സുകൾ വിപുലപ്പെടുത്തുകയുമാണ് ഇത്തരം ആഗോള വെല്ലുവിളികളെ നേരിടാൻ ഇന്ത്യ ചെയ്യേണ്ടത്. ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറക്കാൻ ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കേണ്ടതുണ്ട്. എണ്ണ ഇറക്കുമതി പരമാവധി കുറയ്ക്കാനായി പെട്രോളിയം,പ്രകൃതിവാതക മന്ത്രാലയം മറ്റു വിവിധ മന്ത്രാലയങ്ങളുമായും ഡിപ്പാർട്മെന്റുകളുമായും ചേർന്ന് സഹകരിച്ചു പ്രവർത്തിച്ചു വരികയാണ്. ആഭ്യന്തര ഉല്പാദനം വർധിപ്പിക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ വലിയ ശ്രദ്ധ, ഹരിത ഇന്ധനത്തിൽ ആണ്. ഈ സാഹചര്യത്തിൽ പ്രകൃതിവാതകത്തിന്റെ പ്രാധാന്യം തിരിച്ചറിയേണ്ടതുണ്ട്.

പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 2030 ആകുമ്പോഴേക്കും രാജ്യത്തെ മൊത്തം ഇന്ധന ഉപഭോഗത്തിൽ 15 ശതമാനവും പ്രകൃതി വാതകം ആയിരിക്കും. പ്രകൃതിവാതകത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചും ഇറക്കുമതിസ്രോതസ്സുകൾ വർദ്ധിപ്പിച്ചും ഇത് കൈവരിക്കുമെന്നാണ് ലക്ഷ്യം വെക്കുന്നത്.

നിലവിൽ ദ്രവീകൃത-പ്രകൃതിവാതകത്തിന്റെ ഇറക്കുമതി 'ഓപ്പൺ ജനറൽ ലൈസൻസിങ്' വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. കൂടാതെ ദ്രവീകൃത-പ്രകൃതിവാതകത്തിന്റെനിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ നിർമ്മാണത്തിലും ടെർമിനൽ സ്ഥാപിക്കുന്നതിലുമെല്ലാം 100 ശതമാനം നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ഇന്ത്യ ചെയ്യേണ്ടത്

- ക്രോസ്സ്-കൺട്രി പ്രകൃതിവാതക ശ്രിംഖലകൾ സ്ഥാപിക്കണം.
- പ്രകൃതിവാതക നിർമ്മാണവും സംഭരണവും വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
- ഊർജ്ജവുമായി ബന്ധപ്പെട്ട വിവിധ മന്ത്രാലയങ്ങളുടെ പരസ്പര സഹകരണവും കൂട്ടായ പ്രവർത്തനവും ഉറപ്പുവരുത്തണം.

# ഡ്രാഫ്റ്റ് ഇന്ത്യ ഡാറ്റ ആക്സിസിബിലിറ്റി ആൻഡ് യൂസ് പോളിസി 2022

ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം ഈയ്യിടെ "ഡ്രാഫ്റ്റ് ഇന്ത്യ ഡാറ്റ ആക്സിസിബിലിറ്റി ആൻഡ് യൂസ് പോളിസി 2022" പുറത്തിറക്കുകയുണ്ടായി. പബ്ലിക് സെക്ടർ ഡാറ്റയുടെ സാദ്ധ്യതകൾ രാജ്യപുരോഗതിക്കായി ഉപയോഗപ്പെടുത്താനുള്ള ഇന്ത്യയുടെ ശേഷി ഉയർത്തുകയാണ് നയം ഉദ്ദേശിക്കുന്നത്.

## നയത്തിലെ പ്രധാന ഭാഗങ്ങൾ

- നയപ്രകാരം കേന്ദ്ര സർക്കാർ ശേഖരിക്കുന്ന പൊതു ജനങ്ങളുടെ നോൺ-പേർസണൽ വിവരങ്ങൾ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാരുകൾക്കും സർക്കാർ വകുപ്പുകൾക്കും കൈമാറാനും ഒപ്പം സ്വകാര്യ കമ്പനികൾക്ക് വിൽക്കാനും സാധിക്കും.

- ഏകീകൃതമായ രീതിയിൽ ഡാറ്റ ലഭ്യമാക്കാനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഒപ്പം ഡാറ്റ സർക്കാരുകൾക്കും മറ്റു തല്പരകക്ഷികൾക്കും പങ്കുവെക്കുന്നതിനുമായി "ഇന്ത്യ ഡാറ്റ ഓഫീസ് " രൂപികരിക്കും.

- ഡാറ്റ ലഭ്യമാക്കുന്നത് പൂർണ്ണമായും രാജ്യത്തെ നിലവിലെ നിയമങ്ങൾക്ക് അനുസൃതമായിട്ടാകും.

ACHARYA
An influential mentor

## എന്തുകൊണ്ട് ഇത്തരമൊരു നയം?

- പൗരന്മാരുമായി ബന്ധപ്പെട്ട ഡാറ്റ വലിയതോതിൽ വർധിച്ചുവരുന്ന സാഹചര്യമാണ്. 5 ട്രില്യൺ അമേരിക്കൻ ഡോളറിന്റെ ഡിജിറ്റൽ സമ്പത്ത്വ്യവസ്ഥ എന്ന ഇന്ത്യയുടെ സ്വപ്നം യാഥാർഥ്യമാക്കുന്നതിൽ ഇത്തരം ഡാറ്റയുടെ ഫലപ്രദമായ ഉപയോഗം ആവശ്യമായി വരും.
- സർക്കാർ സേവനങ്ങൾ പോതുജനങ്ങളിലേക്ക് കൂടുതൽ ഫലപ്രദമായി എത്തിക്കേണ്ടത് വളർച്ചക്ക് അത്യന്താപേക്ഷിതമാണ്. പൊതുജനങ്ങളുടെ ഡാറ്റ ഇതിനായി ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്.

- സർക്കാരിന്റെ കൈവശമുള്ള നോൺ-പേഴ്സണൽ ഡാറ്റ പങ്കുവെക്കുന്നതിലെ വിപണിസാധ്യതകൾ 2019 ലെ സാമ്പത്തിക സർവ്വേ സൂചിപ്പിക്കുന്നുണ്ട്.

## നയത്തിലെ പ്രശ്നങ്ങൾ

- **സ്വകാര്യത ലംഘനം**: 'ആധാർ' ഉൾപ്പെടെയുള്ളവക്കായി പൊതുജനങ്ങളുടെ വിവരങ്ങൾ സർക്കാർ ശേഖരിച്ചിട്ടുണ്ട്. രാജ്യത്ത് നിലവിൽ ഒരു വിവരസംരക്ഷണ നിയമം ഇല്ലാത്ത സാഹചര്യത്തിൽ ഇത്തരം വിവരങ്ങൾ സർക്കാർ പങ്കുവെക്കാനും വിൽക്കാനും തുടങ്ങുമ്പോൾ അത് വലിയരീതിയിലുള്ള സ്വകാര്യതാലംഘനമായി മാറിയേക്കാം. 'പുട്ടുസ്വാമി കേസി'ലെ സുപ്രീം കോടതി വിധി പ്രകാരം സ്വകാര്യത എന്നത് മൗലികാവകാശമാണ്. അതുകൊണ്ടു തന്നെ നയം മൗലികാവകാശലംഘനവും ആയേക്കാം.

- **നിയമത്തിന്റെ പിൻബലമില്ല**: നയത്തിന് ഒരു നിയമത്തിന്റെ പിൻബലമില്ല. അതുകൊണ്ടുതന്നെ ശേഖരിക്കപ്പെട്ട വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാദ്ധ്യതകൾ കൂടുതലാണ്.

- നയത്തിൽ വിപണിതാല്പര്യങ്ങൾക്കും സാധ്യതകൾക്കും പ്രാധാന്യം നല്കുന്നതുകൊണ്ടുതന്നെ ഭാവിയിൽ നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പോലും വിപണിശക്തികൾക്കായി ബലികഴിക്കപ്പെട്ടാം.

- സ്വതന്ത്രമായ റെഗുലേറ്ററി സംവിധാനത്തിന്റെ അഭാവം നയം നടപ്പാക്കുമ്പോൾ നിയമപരമായ ഉത്തരവാദിത്തക്കുറവും കണിശതയും ഇല്ലാതാക്കും.

- **സുതാര്യതക്കുറവ്**: രാജ്യത്തെ നിലവിലെ നിയമങ്ങൾക്കനുസൃതമായിട്ടാകും നയം നടപ്പാക്കുക എന്ന് പറയുമ്പോഴും അത് എങ്ങനെ സാധ്യമാകുമെന്ന് നയം വ്യക്തമായി പറയുന്നില്ല.

# സ്ത്രീകളുടെ സാമ്പത്തിക-സ്വാശ്രയത്വം യാഥാർഥ്യമാകണം, 'ബിസിനസ്സ് ലൈൻ' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

ലിംഗ-സമത്വം നടപ്പാക്കാനായുള്ള ശ്രമങ്ങൾ ലോകത്ത് നടന്നുകൊണ്ടിരിക്കുമ്പോഴും ലിംഗ-അസമത്വങ്ങൾ പലതരത്തിൽ ഇന്ന്

ലോകത്തിൽ നിലനിൽക്കുകയാണ്. സ്ത്രീശാക്തീകരണം അർത്ഥവത്തായി നടപ്പിലാക്കണമെങ്കിൽ സ്ത്രീകളുടെ സാമ്പത്തിക-സ്വാശ്രയത്വം അനിവാര്യമായ ഒന്നാണ്. ലിംഗ-അസമത്വം കുറക്കുന്നതിന് സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വം വലിയതോതിൽ സഹായിക്കും. പക്ഷെ കണക്കുകൾ പ്രകാരം ലോകത്തെ 35 ശതമാനത്തോളം സ്ത്രീകൾ സാമ്പത്തികമായി ആശ്രിതരാണ് അഥവാ ഔപചാരിക സമ്പദ്‌വ്യവസ്ഥ 'യുടെ ഭാഗമാകാത്തവരാണ്.

## കാരണങ്ങൾ

- **വിദ്യാഭ്യാസത്തിന്റെ കുറവ്**: വിദ്യാഭ്യാസത്തിന്റെ കുറവ് സ്ത്രീകളെ ഔപചാരിക സമ്പദ്‌വ്യവസ്ഥയുടെ ഭാഗമാകുന്നതിന് പ്രധാന തടസമായി നിൽക്കുന്നു. ഔപചാരിക സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായുള്ള ബാങ്കിങ് ഉൾപ്പെടെയുള്ള സേവനങ്ങൾ മനസിലാക്കാനും ഉപയോഗിക്കാനും അടിസ്ഥാനവിദ്യാഭ്യാസം ആവശ്യമാണ്.

- **നേരത്തെയുള്ള വിവാഹം:** സാമ്പത്തികമായി സ്വാശ്രയത്വം നേടുന്നതിന് മുൻപേ വിവാഹിതരാകുന്നത് സ്ത്രീകളെ ഔപചാരിക സമ്പത്ത്‌വ്യവസ്ഥയുടെ ഭാഗമാക്കുന്നതിന് മറ്റൊരു പ്രധാന തടസ്സമാണ്. വിവാഹത്തിന് ശേഷം അമ്മയാകുകയുംകൂടി ചെയ്യുന്നതോടെ സാമ്പത്തികമായി പൂർണ്ണമായും ഭർത്താവിനെ ആശ്രയിക്കേണ്ടതായി വരുന്നു.

ACHARYA
An influential mentor

- ഇന്ത്യ ഉൾപ്പെടെയുള്ള പല വികസ്വര രാജ്യങ്ങളിലും സ്ത്രീകൾക്ക് ആവശ്യമായ തിരിച്ചറിയൽ രേഖകൾ ഇല്ലാത്ത സാഹചര്യം ഉണ്ട്. ഔപചാരിക സാമ്പത്തിക സേവനങ്ങൾ ലഭ്യമാകുന്നതിന് ഇത് സ്ത്രീകൾക്ക് പ്രധാന തടസ്സമായി മാറുന്നു.

- ഇന്ത്യ ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലും പുരുഷകേന്ദ്രീകൃത വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ടുതന്നെ സ്ത്രീകളുടെ പേരിൽ പലപ്പോഴും സ്വത്തുക്കൾ ഇല്ലാതാകുന്നു.

# റഷ്യ-യുക്രൈൻ യുദ്ധവും ഇന്ത്യൻ കർഷകരും, 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

ഇന്ത്യയിൽ റാബി വിളകളുടെ വിളവെടുപ്പ് ആരംഭിക്കുന്ന സമയത്താണ് റഷ്യ-യുക്രൈൻ യുദ്ധം നടക്കുന്നത്. ഇത് ഇന്ത്യൻ കർഷകർക്ക് ഒരു തരത്തിൽ ഗുണകരമായി മാറുന്ന സാഹചര്യമാണ്.

## റഷ്യ-യുക്രൈൻ യുദ്ധം ഇന്ത്യൻ കർഷകർക്ക് എങ്ങനെ ഗുണകരമാകുന്നു?

- 2020 -21 വർഷത്തിൽത്തന്നെ ഇന്ത്യയിൽ നിന്നുമുള്ള അരിയുടെ കയറ്റുമതി വർദ്ധിച്ചു വരുന്നുണ്ട്. ഇതിന് പ്രധാനമായ കാരണം തായ് ലൻഡിലെ വരൾച്ച ആയിരുന്നു. എന്നാൽ ഇപ്പോഴത്തെ റഷ്യ-യുക്രയ്ൻ യുദ്ധം അതിനേക്കാൾ കൂടുതൽ ഇന്ത്യൻ കർഷകർക്ക് ഗുണകരമായി മാറുന്ന സാഹചര്യമാണ്. യു.എസ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചറിന്റെ റിപ്പോർട്ട് പ്രകാരം ലോകത്തിലെ മൊത്തം ഗോതമ്പ് കയറ്റുമതിയുടെ 28.3 ശതമാനം സംഭാവന ചെയ്യുന്നത് റഷ്യയും യുക്രൈനും ചേർന്നാണ്. കൂടാതെ ബാർലി കയറ്റുമതിയുടെ 30 ശതമാനവും സൺഫ്ളവർ ഓയിൽ കയറ്റുമതിയുടെ 78.3 ശതമാനവും സംഭാവന ചെയ്യുന്നതും റഷ്യയും യുക്രൈനും ചേർന്നാണ്.

- റഷ്യ-യുക്രൈൻ യുദ്ധം ആരംഭിച്ചതോടെ കരിങ്കടൽ (ബ്ലാക് സീ) വഴിയുള്ള റഷ്യയുടെ ചരക്ക് കടത്ത് തടസ്സപ്പെടുകയും റഷ്യയിൽ നിന്നുമുള്ള ഇത്തരം കാർഷിക വിളകളുടെ വരവ് കുറയുകയും ചെയ്തു. ഇത് ഇന്ത്യൻ കർഷകർക്ക് ഗുണകരമായി മാറും. അന്താരാഷ്ട്ര വിപണിയിൽ ഇത്തരം വിളകളുടെ ലഭ്യതക്കുറവ് ഇന്ത്യൻ കർഷകർക്ക് അവസരമാക്കിമാറ്റാം.

- 2021-22 വർഷത്തിൽ (ഏപ്രിൽ-ജനുവരി) 6 മില്യൺ ടൺ ഗോതമ്പ് ഇന്ത്യ കയറ്റി അയച്ചിട്ടുണ്ട്. ഈ വർഷത്തെ കയറ്റുമതി 7 മില്യൺ ടണ്ണിൽ അധികമാകുമെന്നാണ് കണക്കുകൂട്ടുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അന്താരാഷ്ട്ര വിപണിയിൽ ഉയർന്ന വിലയും ലഭ്യമാകും.

- അരിയുടെ കയറ്റുമതിയിലും ഈ വർഷം വലിയ വർദ്ധനവ് കാണിക്കുന്നുണ്ട്.

- നിലവിൽ വിളവെടുപ്പ് നടക്കുന്ന റാബി വിളകളുടെ വില സർക്കാർ പ്രഖ്യാപിച്ച കുറഞ്ഞ താങ്ങുവിലയേക്കാൾ അധികമായി നിൽക്കുന്നതുകൊണ്ടുതന്നെ സർക്കാരിന്റെ സംഭരണച്ചെലവ് കുറക്കാം.

ACHARYA
An influential mentor

- കൂടുതൽ വില ലഭ്യമാകുന്ന സാഹചര്യം വന്നതോടെ പല കർഷകരും ചോളം, സോയാബീൻ സൺഫ്ലവർ തുടങ്ങിയവയുടെ കൃഷി കൂടുതലായി ചെയ്യാൻ തുടങ്ങി. ഇത് രാജ്യത്തിന്റെവിള- വൈവിധ്യവത്കരണത്തെ സഹായിക്കും.

## പ്രശ്നങ്ങൾ

- കയറ്റുമതിയുടെ ആവശ്യകത വർദ്ധിച്ചതോടെ രാജ്യത്തെ ഉത്പാദകർ പരമാവധി തങ്ങളുടെ ഉല്പാദനം കയറ്റി അയക്കാൻ മത്സരിക്കുന്ന സാഹചര്യം ഉണ്ടാകും. ഇത് വലിയതോതിൽ ലോജിസ്റ്റിക് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

- സർക്കാരിന്റെ സംഭരണം കുറയുന്നത് പൊതുവിതരണ സംമ്പ്രദായത്തെ ബാധിച്ചേക്കാം.

- വളങ്ങളുടെ ആവശ്യകത വർധിക്കുന്നതോടെ അവയുടെ ലഭ്യത കുറയുകയും വലിയതോതിൽ വില ഉയരാൻ ഇടയാക്കുകയും ചെയ്തേക്കാം.

ACHARYA
An influential mentor

## സൗരോർജ്ജത്തിനപ്പുറം ഇന്ത്യ ലക്ഷ്യം വെക്കേണ്ടതുണ്ട്. ' ബിസിനസ്സ് ലൈൻ പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്'

ഇന്റർ ഗവണ്മെന്റല് പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്'ന്റെ പുതിയ റിപ്പോർട്ട് പ്രകാരം കാലാവസ്ഥാവ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. അതുകൊണ്ടുതന്നെ അടിയന്തരമായ നടപടികൾ ആവശ്യമാണെന്ന് ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

2030 ആകുമ്പോഴേക്കും ഫോസിൽ-ഇതര ഇന്ധനങ്ങളിൽ നിന്നും 500 ജിഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശേഷി കൈവരിക്കും എന്നത് ഇന്ത്യയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. നിലവിൽ ഇന്ത്യയുടെ ഫോസിൽ-ഇതര വൈദ്യുതി നിർമ്മാണ ശേഷി എന്നത് 152 ജിഗാവാട്ട് ആണ്. 8 വർഷംകൊണ്ട് ഇത് മൂന്നിരട്ടി ആയി ഉയർത്തണമെങ്കിൽ സൗരോർജ്ജത്തിനപ്പുറം

ജലവൈദ്യുതിയിലും ആണവ-വൈദ്യുതിയിലും കാറ്റിൽ നിന്നുള്ള ഊർജ്ജ നിർമ്മാണത്തിലും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത് ആവശ്യമായി വരും.

## കാറ്റിൽ നിന്നുള്ള വൈദ്യുതി നിർമ്മാണം

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ഈ ഘട്ടത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട ഒന്നാണ്. 700 ജിഗാവാട്ടിന്റെ ശേഷി കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനത്തിന് രാജ്യത്തിനുണ്ട്. പക്ഷെ ഓരോ വർഷവും കേവലം 3 ജിഗാവാട്ട് പോലും ഉല്പാദിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. സ്ഥലമേറ്റെടുപ്പും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം സംസ്ഥാനങ്ങൾക്ക് സ്ഥലം ഏറ്റെടുത്തു നല്കാൻ സാധിക്കാത്തതാണ് ഇവിടെ പ്രധാന പ്രശ്നം.

## ജലവൈദ്യുതി നിർമ്മാണം

45 ജിഗാവാട്ട് വരെ ശേഷിയുള്ള ജലവൈദ്യുതി നിലയങ്ങൾ രാജ്യത്ത് സ്ഥാപിക്കാനാകും. എന്നാൽ പ്രധാനമായും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളും പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങളും ഇവിടെ തടസ്സമായി മാറുകയാണ്. നാഷണൽ രെജിസ്റ്റർ ഓഫ് ലാർജ് ഡാമി'ന്റെ കണക്കുകൾ പ്രകാരം 1971 നും 1991 നും ഇടയിൽ 1,592 വലിയ ഡാമുകൾ രാജ്യത്ത് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇത് കാരണം പ്രകൃതിക്ക് ഗൗരവമേറിയ പ്രശ്നങ്ങൾ ഉണ്ടായതായി തെളിവുകൾ ഇല്ല.

ACHARYA
An influential mentor

## ആണവോർജ്ജം

ആണവ ഇന്ധനത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള രാജ്യത്തിൻറെനിലവിലെ ശേഷി എന്നത് 6780 മെഗാവാട്ട് ആണ്. ഇവിടെ പ്രധാന പ്രശ്നമായി മാറുന്നത് 'ലിയബിലിറ്റി ക്ളോസുകൾ' ആണ്.

# ഡി-ഡോളറിസേഷൻ

## എന്താണ് ഡി-ഡോളറിസേഷൻ?

അന്താരാഷ്ട്ര വ്യാപാരങ്ങൾക്കും മറ്റു അന്താരാഷ്ട്ര തലത്തിലുള്ള ഇടപെടലുകൾക്കും ഒപ്പം സ്വന്തം ഫോറിൻ എക്സ്ചേഞ്ച് റിസർവിനും ഡോളറിനെ ആശ്രയിക്കുന്നത് കുറച്ചുവരുന്നതിനെയാണ് ഡി-ഡോളറിസേഷൻ എന്ന് പറയുന്നത്.

## എന്തുകൊണ്ട് ഡി-ഡോളറിസേഷൻ ആവശ്യമാണ്.

അന്താരാഷ്ട്ര തലത്തിലുള്ള സാമ്പത്തിക ഇടപാടുകൾ വലിയതോതിൽ അമേരിക്കൻ ഡോളറിൽ നടക്കുന്നത് രാജ്യങ്ങൾക്ക് ജിയോ-പൊളിറ്റിക്കൽ റിസ്ക് വർദ്ധിപ്പിക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും അവരുടെ റിസേർവ്ഡ് കറൻസി ഡോളറിൽ ആണ് ശേഖരിക്കുന്നത്. ലോകത്തിലെ 60 ശതമാനം രാജ്യങ്ങളുടെയും ഫോറിൻ എക്സ്ചേഞ്ച് റിസർവ്വ് അമേരിക്കൻ ഡോളർ രൂപത്തിൽ ആണ്. അതുപോലെ ആഗോള വ്യാപാരത്തിന്റെ 70 ശതമാനവും നടക്കുന്നത് അമേരിക്കൻ ഡോളറിൽ ആണ്. ഇതെല്ലം അമേരിക്കൻ ഡോളറിനെ ഒരു ആയുധമായി ഉപയോഗിക്കപ്പെടാനുള്ള സാധ്യത വർധിപ്പിക്കുകയാണ്.

## പകരം സംവിധാനം

ഈ സാഹചര്യത്തിൽ പല രാജ്യങ്ങളും 'ഡി-ഡോളറിസേഷൻ' ആരംഭിച്ചു കഴിഞ്ഞു. 2014ൽ ക്രിമിയയിൽ അധിനിവേശം നടത്തിയതിനെ തുടർന്ന് റഷ്യക്ക് മേൽ ഉപരോധം പ്രഖ്യാപിക്കപ്പെട്ടതുമുതൽ തന്നെ റഷ്യ ഡി-ഡോളറിസേഷൻ ആരംഭിച്ചിട്ടുണ്ട്. റഷ്യയിലെ ഡോളർ-ഡിനോമിനേറ്റഡ് ആയ ഓഹരികൾ 2021ൽ 16 ശതമാനത്തിലേക്ക് കുറക്കുകയുണ്ടായി. തങ്ങളുടെ അന്താരാഷ്ട്ര വ്യാപാരം ഡോളറിനെ ആശ്രയിക്കുന്നത് കുറച്ചുവരികയാണെന്ന് റഷ്യ പ്രഖ്യാപിച്ചിട്ടുണ്ട്. ബ്രിക്സ് രാജ്യങ്ങളിലേക്ക് റഷ്യയുടെ ഡോളറിൽ ഉള്ള കയറ്റുമതി 2013 ൽ 95 ശതമാനം ആയിരുന്നെങ്കിൽ 2020 ൽ അത് 10 ശതമാനത്തിൽ താഴെയായി കുറഞ്ഞിരിക്കുകയാണ്.

ചൈനയും ഇത്തരത്തിൽ അന്താരാഷ്ട്ര വ്യാപാരം ഉൾപ്പെടെയുള്ള ഇടപാടുകൾക്ക് അമേരിക്കൻ ഡോളറിനെ ആശ്രയിക്കുന്നത് കുറച്ചു വരികയാണ്. അന്താരാഷ്ട്ര ധനകാര്യ ഇടപാടുകൾക്കായി എസ്.ഡബ്ള്യു.ഐ.എഫ്.ടി. (SWIFT) നെ മറികടക്കാൻ റഷ്യയും ചൈനയും സംയുക്തമായി പേയ്മെന്റ് സംവിധാനം രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ ഇന്ത്യയും അമേരിക്കൻ ഡോളറിനും ഡോളറിന്റെ ആശ്രയിക്കുന്ന മറ്റു അന്താരാഷ്ട്ര സംവീധാനങ്ങൾക്കും പകരം സംവിധാനം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

# സാമ്പത്തിക അസമത്വം കുറഞ്ഞു.

കോവിഡ് മഹാമാരി രാജ്യത്തിൻറെ സമ്പത്ത് വ്യവസ്ഥയെ വലിയരീതിയിൽത്തന്നെ ബാധിക്കുകയുണ്ടായി. അടച്ചിടൽ അവസാനിപ്പിച്ചുതുടങ്ങിയതിന് ശേഷം സമ്പത്ത്വ്യവസ്ഥ വളർച്ചയിലേക്ക്

തിരിച്ചുവരുന്നുണ്ടെങ്കിലും മൊത്തഉല്പാദനം ഇപ്പോഴും 2019 നേക്കാൾ 10 ശതമാനത്തിലുമേറെ കുറവാണ്. സമ്പത്ത്വ്യവസ്ഥയിലുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ എപ്പോഴും പാവപ്പെട്ടവരെ ആയിരിക്കും കൂടുതലായും ബാധിക്കുക. ഇത്തവണയും മഹാമാരിയും തുടർന്നുണ്ടായ അടച്ചിടലും രാജ്യത്തെ ദാരിദ്ര്യം വളർത്തുകതന്നെ ചെയ്തു. ലോകബാങ്കിന്റെ നിർവചനപ്രകാരമുള്ള ദരിദ്രരുടെ എണ്ണം 2019 ൽ 7.6 % ആയിരുന്നത് 2021 ൽ 11.7 ശതമാനമായി ഉയർന്നു. എന്നാൽ രാജ്യത്തെ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള അന്തരം (സാമ്പത്തിക അസമത്വം) ഈ കാലഘട്ടത്തിൽ കുറഞ്ഞു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

## രാജ്യത്തെ സാമ്പത്തിക അസമത്വവുമായി ബന്ധപ്പെട്ട ചില കണക്കുകൾ

2019 ൽ നിന്നും 2021 ആയപ്പോഴേക്കും രാജ്യത്തെ സാമ്പത്തിക അസമത്വത്തിൽ കുറവുണ്ടായതായി കണക്കുകൾ പറയുന്നു.

നഗരപ്രദേശങ്ങളിൽ കണക്കുകൾ നോക്കുകയാണെങ്കിൽ 2019 ൽ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന നിലയിലുള്ള 25 % വീടുകളിലെ ശരാശരി മാസവരുമാനം 45000 രൂപ ആയിരുന്നു. ഈ കാലഘട്ടത്തിൽ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന 25 % വരുന്ന വീടുകളിലെ ശരാശരി മാസവരുമാനം 8000 രൂപയും ആയിരുന്നു. 2021 ആയപ്പോഴേക്കും സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന നിലയിലുള്ള 25 % വീടുകളിലെ ശരാശരി മാസവരുമാനം 30 % കുറഞ്ഞപ്പോൾ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന 25 % വരുന്ന വീടുകളിലെ ശരാശരി മാസവരുമാനം മഹാമാരിക്ക് മുൻപുണ്ടായിരുന്ന നിലയിൽ തുടരുകയാണുണ്ടായത്. അതായത് രാജ്യത്തിൻറെ സാമ്പത്തിക അസമത്വം 15 -20 ശതമാനം കുറഞ്ഞു എന്നർത്ഥം.

## കാരണങ്ങൾ

- മൂന്ന് തരത്തിലാണ് പ്രധാനമായും വരുമാനസ്രോതസ്സുകൾ ഉള്ളത്. അവ സർക്കാർ ആനുകൂല്യങ്ങൾ, ബിസിനസിൽനിന്നുള്ള ലാഭം, കൂലി അഥവാ ശമ്പളം. ഇതിൽ സർക്കാരിൽ നിന്നുള്ള വരുമാനം സാമ്പത്തിക അസമത്വം കുറക്കാൻ കാര്യമായ പങ്ക് വഹിച്ചിട്ടില്ല.

- സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന 25 % വീടുകളിൽ 7 % പേർ മാത്രമാണ് ബിസിനസിനെ വരുമാനസ്രോതസായി ആശ്രയിക്കുന്നത്. എന്നാൽ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന നിലയിലുള്ള 25 % വീടുകളിൽ 15 ശതമാനത്തോളം വീടുകളും വരുമാനസ്രോതസായി

ബിസിനസിനെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ ബിസിനസിൽ ഉണ്ടായ തകർച്ച കൂടുതൽ ഉയർന്നവരുമാനമുള്ളവരെ ബാധിച്ചു.

- സാമ്പത്തികമായി ഏറ്റവും ഉയർന്ന നിലയിലുള്ള 25% വീടുകളിൽ 65 % വീടുകൾ കൂലി അഥവാ ശമ്പളം വരുമാനസ്രോതസ്സായി കാണുന്നവരാണ്. എന്നാൽ സാമ്പത്തികമായി ഏറ്റവും താഴെ നിൽക്കുന്ന 25 % വീടുകളിൽ 80 % വീടുകൾ കൂലി അഥവാ ശമ്പളം വരുമാനസ്രോതസായി കാണുന്നവരാണ്. ഇതിൽ സാമ്പത്തികമായി ഏറ്റവും ഉയർന്ന നിലയിലുള്ള 25% വീടുകൾ കൂടുതലായും ആശ്രയിക്കുന്നത് സേവനമേഖലയെ ആണ്. സാമ്പത്തികപ്രതിസന്ധി മറ്റുമേഖലയെക്കാൾ കൂടുതൽ ആവശ്യകത കുറച്ചത് സേവനങ്ങൾക്കായിരുന്നു.

# സൗജന്യ വൈദ്യുതിയും പ്രശ്നങ്ങളും.

പലപ്പോഴും രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ തെരെഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുമെന്ന് പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ട്. നിലവിൽ വൈദ്യുതിയുമായി ബന്ധപ്പെട്ട മൊത്തം സബ്സിഡിയുടെ 70 ശതമാനവും കർഷകർക്കായുള്ള സൗജന്യ വൈദ്യുതിയുടെ രൂപത്തിലാണ് നൽകപ്പെടുന്നത്. ഇത് വൈദ്യുതി വിതരണകമ്പനികളെ നഷ്ടത്തിലാക്കുന്നു എന്ന് മാത്രമല്ല രാജ്യത്തെ വ്യവസായ-വ്യാപാര ഉപഭോക്താക്കൾക്ക് ഉയർന്ന താരിഫിന്റെ രൂപത്തിൽ തിരിച്ചടി നേരിടേണ്ട സാഹചര്യവും സൃഷ്ടിക്കുന്നു.

## സൗജന്യ വൈദ്യുതിയുടെ പ്രശ്നങ്ങൾ

- വൈദ്യുതി വിതരണകമ്പനികളെ നഷ്ടത്തിലേക്ക് നയിക്കുന്നു. ഇത് കമ്പനികളുടെ ഭാഗത്തുനിന്ന് മികച്ച സേവനം ലഭ്യമാക്കുന്നതിന് തടസമാകുന്നു.

- വിതരണ കമ്പനികൾക്ക് വൈദ്യുതി ഉത്പാദകർക്ക് സമയത്ത് പണം നല്കാൻ സാധിക്കാതെ പോകുകയും അത് 'പവർ കട്ടി'ലേക്ക് നയിക്കുകയും ചെയ്യുന്നു. വൈദ്യുതി നിർമ്മാണ കമ്പനികൾക്ക് നിലവിൽ വിതരണ കമ്പനികൾ നൽകാനുള്ളത് 1.4 ലക്ഷം കോടി രൂപയാണ്. ഇത് വൈദ്യുതി നിർമ്മാണ കമ്പനികളെയും ദോഷകരമായി ബാധിക്കുന്നു.

ACHARYA An influential mentor

- പരിസ്ഥിതിസൗഹാർദ്ധപരമായ സൗരോർജ്ജം പോലുള്ളവ വീടിന്റെ മുകളിലും മറ്റും പാനലുകൾ വെച്ച് ഉല്പാദിപ്പിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന.

- അമിതോപഭോഗത്തിന് കാരണമാകുന്നു.

- സൗജന്യമായി വൈദ്യുതി ലഭിക്കുന്നതുകൊണ്ടുതന്നെ വലിയ തോതിൽ ജലസേചനം ആവശ്യമുള്ള നെല്ല്,ഗോതമ്പ് തുടങ്ങിയ ജലം വലിയതോതിൽ ആവശ്യമുള്ള വിളകളുടെ കൃഷിക്ക് കർഷകർ മുൻഗണന നൽകുന്നു. ഇത് പഞ്ചാബ്,ഹരിയാന പോലുള്ള സംസ്ഥാനങ്ങളിലെ മണ്ണിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നു.

- പഞ്ചാബ്, ഹരിയാന പോലുള്ള സംസ്ഥാനങ്ങളെ ജലദൗർലഭ്യതയിലേക്ക് നയിക്കുന്നു.

## ചെയ്യേണ്ടത് (Way forward)

ACHARYA
An influential mentor

- സൗജന്യ വൈദ്യുതി നല്കുന്നതിന് പകരം സബ്സിഡി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് എത്തിക്കുക.

- സബ്സിഡി നൽകുകയാണെങ്കിൽ അതിന് നിശ്ചിത യുണിറ്റ് പരിധി വെക്കുക.

- കാർഷിക ആവശ്യത്തിനുപയോഗിക്കുന്നതിനും കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും വ്യത്യസ്തമായ മീറ്റർ ഘടിപ്പിക്കുക.

- യഥാർത്ഥ ആവശ്യക്കാർക്ക് മാത്രം സബ്സിഡി നൽകുക.

# ശ്രീലങ്കയിലെ സാമ്പത്തിക പ്രതിസന്ധി

ശ്രീലങ്ക നിലവിൽ വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ശ്രീലങ്കയുടെ വിദേശനാണ്യ ശേഖരം വലിയരീതിയിൽ കുറയുകയും അവശ്യസാധനങ്ങൾ പോലും ഇറക്കുമതി ചെയ്യാൻ

സാധികാത്ത സാഹചര്യത്തിലേക്ക് എത്തുകയും ചെയ്തു. ഇതോടെ രാജ്യം ക്ഷാമം നേരിടുന്ന സാഹചര്യമായി. നിലവിൽ ശ്രീലങ്കയിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്.

## സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ച ഘടകങ്ങൾ

- ശ്രീലങ്കയുടെ പ്രധാന വരുമാന സ്രോതസ്സ് എന്നത് വിനോദ സഞ്ചാര മേഖലയാണ്. രാജ്യത്തിൻറെ മൊത്തം ജി.ഡി.പി.യുടെ 10 ശതമാനവും സംഭാവന ചെയ്യുന്നത് വിനോദ സഞ്ചാര മേഖലയാണ്. കോവിഡ് മഹാമാരി വന്നതോടെ രാജ്യത്തെ വിനോദ സഞ്ചാര മേഖലക്കുണ്ടായ തിരിച്ചടി രാജ്യത്തിൻറെ വരുമാനത്തെ സാരമായി ബാധിച്ചു.

- രാജ്യത്തിൻറെ വലിയതോതിലുള്ള വിദേശ കടം മറ്റൊരു പ്രതിസന്ധിയാണ്. ചൈനയുമായുള്ള കടം മാത്രം ഏകദേശം 5 ബില്യൺ അമേരിക്കൻ ഡോളറിനെക്കാൾ കൂടുതലാണ്. കൂടാതെ ഇന്ത്യക്കും ജപ്പാനും വലിയ തോതിലുള്ള കടബാധ്യത ശ്രീലങ്കക്കുണ്ട്.

- 100 ശതമാനം ഓർഗാനിക് കൃഷിരീതി അവലംബിക്കാനായി രാജ്യത്ത് കെമിക്കൽ വളങ്ങൾ നിരോധിച്ചത് മറ്റൊരു തിരിച്ചടിയായി മാറി. കാർഷികോത്പാദനത്തെ ഇത് ദോഷകരമായി ബാധിച്ചു. ഭക്ഷ്യോത്പാദനങ്ങളുടെ വിലക്കയറ്റത്തിനും ക്ഷാമത്തിനും ഇതും ഒരു കാരണമായി.

- വിദേശനാണ്യ ശേഖരത്തിൽ ഉണ്ടായ കുറവ് മറ്റൊരു കാരണമായി മാറി. തുടർച്ചയായി കയറ്റുമതി കുറയുകയും ഇറക്കുമതി കൂടുകയും ചെയ്തതോടെ രാജ്യത്തെ വിദേശനാണ്യശേഖരം കുറയാൻ തുടങ്ങി. 2019 ൽ 7.5 ബില്യൺ അമേരിക്കൻ ഡോളർ ആയിരുന്നു ശ്രീലങ്കയുടെ വിദേശനാണ്യശേഖരം. ഇത് 2021 ആയപ്പോഴേക്കും 2.8 ബില്യൺ അമേരിക്കൻ ഡോളർ ആയി കുറഞ്ഞു. ഇതോടെ അവശ്യ സാധനങ്ങൾ പോലും ഇറക്കുമതി ചെയ്യാൻ സാധിക്കാത്ത സാഹചര്യം വന്നു. ഇത് ശ്രീലങ്കൻ രൂപയുടെ മൂല്യം കുറയുന്നതിനും അത് രാജ്യത്ത് വിലക്കയറ്റത്തിനും ഇടവരുത്തി.

- ആവശ്യവസ്തുക്കളായ പഞ്ചസാര, ധാന്യങ്ങൾ, പയറുവർഗങ്ങൾ തുടങ്ങിയവക്കായി ഇറക്കുമതിയെ ആശ്രയിക്കേണ്ടി വരുന്നത് പ്രശ്നം കൂടുതൽ വഷളാക്കുന്നു സാഹചര്യമുണ്ടാക്കി.

# ഇന്ത്യയുടെ പെട്രോളിയം സ്ട്രാറ്റജിക് റിസർവ്

അന്താരാഷ്ട്ര വിപണിയിൽ പെട്രോളിയത്തിനുണ്ടാകുന്ന വിലക്കയറ്റം രാജ്യങ്ങളുടെ സമ്പത്ത്‌വ്യവസ്ഥയിൽ ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ച് ഇന്ന് ലോകവ്യാപകമായി ചർച്ച ചെയ്യപ്പെടുകയാണ്. എണ്ണ വിലവർധന തടയാൻ രാജ്യങ്ങൾ തങ്ങളുടെ സ്ട്രാറ്റജിക് റിസർവ്വുകൾ ഉപയോഗിക്കുകയോ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്. എന്നാൽ നിലവിൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത് രണ്ടു വഴിയും ഇന്ധന വിലവർദ്ധനവ് തടയാൻ സാധിക്കാത്ത സാഹചര്യമാണ്.

ഇന്ത്യക്ക് ആവശ്യമുള്ള അസംസ്കൃത എണ്ണയുടെ 85 ശതമാനവും പ്രകൃതിവാതകത്തിന്റെ 50 ശതമാനവും നിലവിൽ ഇന്ത്യ ഇറക്കുമതി ചെയ്യുകയാണ്. ഇപ്പോൾ റഷ്യ-യുക്രൈൻ യുദ്ധത്തെ തുടർന്നുണ്ടാകുന്ന ഇന്ധനവിലവർദ്ധനവ് തടയാൻ ഇന്ത്യയെ സംബന്ധിച്ചിടത്തോളം സ്ട്രാറ്റജിക് റിസർവിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

## ഇന്ത്യയുടെ സ്ട്രാറ്റജിക് റിസർവിന്റെ അവസ്ഥ

ACHARYA
An influential mentor

- ഇന്ത്യൻ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 'ഇന്ത്യൻ സ്ട്രാറ്റജിക് പെട്രോളിയം റിസർവ്വ് ലിമിറ്റഡ്' എന്ന പേരിലുള്ള കമ്പനിയാണ് നിലവിൽ പെട്രോളിയം സ്ട്രാറ്റജിക് റിസർവ് സൂക്ഷിക്കുന്നത്. 5.33 മില്യൺ ടണ്ണിന്റെ ശേഷി ഇതിനുണ്ട്.

- സ്ട്രാറ്റജിക് പെട്രോളിയം റിസർവിന്റെ രണ്ടാം ഘട്ടം വികസിപ്പിക്കാൻ ഇന്ത്യൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 6.5 മില്യൺ ടണ്ണിന്റെ അധിക ശേഖരം നിലവിൽ വരും. എന്നാൽ ഈ രണ്ടാം ഘട്ടത്തിന്റെ വികസനം ശരിയായ രീതിയിൽ മുന്നോട്ട് പോകുന്നില്ല. ആവശ്യമായ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് പ്രധാന പ്രശ്നം. 2020-21 ലെ കേന്ദ്ര ബജറ്റിൽ ഇതിനായി 210 കോടി രൂപ വകയിരുത്തിയിരുന്നു.

- ഇന്ന് ഇന്ത്യയുടെ നിലവിലെ സ്ട്രാറ്റജിക് റിസർവ് തികയാത്ത സാഹചര്യമാണുള്ളത്. 2019-20 ലെ ഉപഭോഗഘടന കണക്കിലെടുക്കുകയാണെങ്കിൽ നിലവിലെ സ്ട്രാറ്റജിക് റിസർവ് കേവലം 9.5 ദിവസത്തേക്ക് മാത്രം തികയുന്നതാണ്. കൂടാതെ 2021 നവംബർ മാസത്തിൽ സ്ട്രാറ്റജിക് റീസർവിൽ നിന്നും 5 മില്യൺ ബാരൽ എണ്ണ പുറത്തെടുക്കാൻ ഇന്ത്യ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

- ആഗോള തലത്തിൽ എണ്ണ വിലയിൽ ഉണ്ടാകുന്ന ചാഞ്ചാട്ടത്തിന്റെ ആഘാതത്തിൽ നിന്നും സമ്പത്ത്‌വ്യവസ്ഥയെ സംരക്ഷിച്ചുനിർത്താൻ ഇന്ത്യ തങ്ങളുടെ സ്ട്രാറ്റജിക് റിസർവ് ശേഷി ഉയർത്തേണ്ടത് ആവശ്യമാണ്.

## ബിൽഡ് - ബാക്ക് ബെറ്റർ വേൾഡ്(B3W)

ജി-7 രാജ്യങ്ങൾ ചേർന്നുള്ള സംരംഭമാണ് ബിൽഡ്-ബാക്ക് ബെറ്റർ വേൾഡ് എന്നത്. വികസ്വര രാജ്യങ്ങൾക്കും അവികസിത രാജ്യങ്ങൾക്കും കോവിഡ് ആശ്വാസവും ഒപ്പം അടിസ്ഥാന സൗകര്യ വികസനത്തിനും സാമ്പത്തിക വളർച്ചക്കും സാഹചര്യം സൃഷ്ടിക്കുകയാണ് പദ്ധതി ചെയ്യുന്നത്.

സംരംഭത്തിന്റെ ഭാഗമായി ജി.7 രാജ്യങ്ങളും ഒപ്പം താല്പര്യമുള്ള മറ്റു രാജ്യങ്ങളും ചേർന്ന് വികസ്വര രാജ്യങ്ങളിലും അവികസിത രാജ്യങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ സ്വകാര്യ നിക്ഷേപം സാധ്യമാക്കും.

ACHARYA
An influential mentor

### നാല് മേഖലകളെ ലക്ഷ്യം വെച്ചാകും നിക്ഷേപത്തിന് വഴിയൊരുക്കുക. അവ:

- കാലാവസ്ഥ
- ആരോഗ്യം
- ഡിജിറ്റൽ സാങ്കേതിക വിദ്യ
- ലിംഗസമത്വം

### ചില നിർദ്ദേശകതത്വങ്ങളുടെ അടിസ്ഥാനത്തിലാകും സംരംഭം മുന്നോട്ടു പോകുക. അവ:

**മൂല്യാധിഷ്ഠിതമായ വികസനം** : സംരംഭത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന വികസനപ്രവർത്തനങ്ങൾ സുതാര്യവും സ്ഥായിയായതും ആയിരിക്കും.

**ഉയർന്ന നിലവാരം**: ബ്ലൂ ഡോട്ട് നെറ്റ്വർക്ക് മുന്നോട്ടുവെക്കുന്ന നിലവാരവുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കപ്പെടുന്നയാകും നിർമ്മാണപ്രവർത്തനങ്ങൾ.

**കാലാവസ്ഥാ-സൗഹൃദപരം**: പാരീസ് കരാറിലെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സഹായകരമാകുന്ന രീതിയിലായിരിക്കും നിർമ്മാണപ്രവർത്തനങ്ങൾ.

പ്രധാനമായും ചൈനയുടെ ബെൽറ്റ് ആൻഡ് റോഡ് പദ്ധതിക്ക് ബദലായി ഈ സംരംഭത്തെ കാണാം .

# പ്രതിരോധ മേഖലയുടെ സ്വദേശിവൽക്കരണം.

പ്രതിരോധ മേഖലയുടെ സ്വദേശിവൽക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആയുധങ്ങളും മറ്റു പ്രതിരോധ ഉൽപ്പന്നങ്ങളും രാജ്യത്തിനകത്തുതന്നെ വികസിപ്പിക്കാനും നിർമ്മിക്കാനുമുള്ള ശേഷി കൈവരിക്കുകയും അതുവഴി ഇത്തരം വസ്തുക്കളുടെ ഇറക്കുമതി കുറക്കുകയുമാണ്.

ACHARYA An influential mentor

## പശ്ചാത്തലം

1980 കളിൽ തന്നെ പ്രതിരോധ മേഖലയിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡി.ആർ.ഡി.ഓ ക്ക് സർക്കാർ വലിയ ധനസഹായം നൽകി വരുന്നുണ്ട്. ഈ മേഖലയിൽ ഒരു വലിയ തുടക്കമായി 1983 ൽ സർക്കാർ അംഗീകാരം നൽകിയ ഇന്റഗ്രേറ്റഡ് ഗൈഡഡ് മിസൈൽ ഡെവലപ്മെന്റ് പ്രോഗ്രാമിനെ കാണാം. 4 തരത്തിലുള്ള മിസൈൽ സംവിധാനങ്ങൾ വികസിപ്പിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. അവ:

- പ്രിഥ്വി
- ആകാശ്

- ത്രിശൂൽ

- നാഗ

പ്രതിരോധ ഉല്പന്നങ്ങൾക്കാവശ്യമായ, ഇന്ത്യക്കകത്ത് ഉൽപ്പാദിപ്പിക്കുന്ന ഘടകങ്ങൾ രാജ്യത്തിൻറെ മൊത്തം പ്രതിരോധ ഉൽപ്പന്നങ്ങൾ വാങ്ങിക്കാനാവശ്യമായ ചെലവിന്റെ എത്ര ശതമാനം വരും എന്ന കാണിക്കുന്ന സൂചികയാണ് സെൽഫ്-റിലയൻസ് ഇൻഡക്സ്. 1990 ൽ ആരംഭിച്ച 10-ഇയർ-സെൽഫ്-റിലയൻസ് പദ്ധതിയുടെ ഫലമായി സെൽഫ് റിലയൻസ് ഇൻഡക്സ് 1992-93 ലെ 30 ശതമാനത്തിൽ നിന്നും 2005 ആയപ്പോഴേക്കും 70 ശതമാനമായി ഉയർന്നു.

എന്നാൽ സ്വദേശീയമായ ഇത്തരം ശ്രമങ്ങൾ നമ്മുടെ പ്രതിരോധ ആവശ്യങ്ങൾ നികത്താൻ പര്യാപ്തമായിരുന്നില്ല. അതുകൊണ്ടുതന്നെ വിദേശരാജ്യങ്ങളുമായി ചേർന്നുകൊണ്ട് സംയുക്തമായി ആയുധങ്ങൾ വികസിപ്പിക്കാനും നിർമ്മിക്കാനുമുള്ള ശ്രമങ്ങൾ ഇന്ത്യ ആരംഭിച്ചു. അതിന്റെ ഭാഗമായി 1998 ൽ ഇന്ത്യ 'ബ്രഹ്മോസ് സൂപ്പർസോണിക് മിസൈൽ ഉണ്ടാക്കാനുള്ള കരാർ റഷ്യയുമായി ഒപ്പിട്ടു. പിന്നീട് ഫ്രാൻസ്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളുമായും ഇത്തരത്തിലുള്ള കരാറുകൾ ഇന്ത്യ ഒപ്പുവെക്കുകയുണ്ടായി.

ACHARYA
An influential mentor

## എന്തിനാണ് പ്രതിരോധ മേഖലയിലെ സ്വദേശിവൽക്കരണം?

- ഇന്ത്യയുടെ അതിർത്തികൾ പലതും കൃത്യമായി അടക്കപ്പെടാത്തതാണ്. അതുകൊണ്ടുതന്നെ വലിയ രീതിയിലുള്ള സുരക്ഷാ ഭീഷണി നിലവിൽ ഇന്ത്യക്ക് ഉണ്ട്. ഈ സാഹചര്യത്തിൽ ആയുധ നിർമ്മാണ മേഖലയിലെ ആശ്രിതത്വം സുരക്ഷാ ഭീഷണി വർദ്ധിപ്പിക്കുന്നു.

- ലോകത്തിൽ ഏറ്റവും കൂടുതൽ ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. വലിയ തുകക്കുള്ള ഈ ഇറക്കുമതി രാജ്യത്തിൻറെ ഫിസ്കൽ ഡെഫിസ്റ്റ് വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

- പ്രതിരോധ മേഖലയിലെ സ്വദേശി വൽക്കരണം വലിയ തോതിലുള്ള തൊഴിൽസൃഷ്ടിക്ക് ഇടവരുത്തും. കണക്കുകൾ പ്രകാരം ആയുധ

ഇറക്കുമതിൽ 20 മുതൽ 25 ശതമാനം വരെയുള്ള കുറവ് ഏകദേശം ഒരു ലക്ഷത്തിൽ അധികം നേരിട്ടുള്ള തൊഴിൽസൃഷ്ടിക്ക് കാരണമാകും.

- ആയുധ നിർമ്മാണ മേഖലയിൽ സ്വയംപര്യാപ്തത നേടുന്ന ഇന്ത്യയെ ഒരു ആഗോള ശക്തിയാക്കാൻ സഹായിക്കും.

## പ്രതിരോധമേഖലയിലെ സ്വയംപര്യാപ്തത - ഇപ്പോഴത്തെ സാഹചര്യം

**ഐ.എൻ.എസ് വിക്രാന്ത്** - ഇന്ത്യയിൽ നിർമ്മിക്കുന്ന ആദ്യത്തെ വിമാനവാഹിനി കപ്പൽ ആണിത്.

**അരിഹന്ത്** - ഇന്ത്യ തദ്ദേശീയമായി നിർമ്മിക്കുന്ന ആദ്യത്തെ ന്യൂക്ലിയർ സബ് മറൈൻ ആണിത്.

**അർജുൻ ടാങ്ക്** - ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച മൂന്നാം തലമുറയിൽപ്പെട്ട യുദ്ധ ടാങ്ക് ആണിത്.

ACHARYA

# മാവോയിസ്റ്റ് സ്വാധീനമുള്ള മേഖലകൾ കുറഞ്ഞതായി ആഭ്യന്തര മന്ത്രാലയം

രാജ്യത്ത് മാവോയിസ്റ്റ് സ്വാധീനമുള്ള ജില്ലകളുടെ എണ്ണം 41 ആയി കുറഞ്ഞെന്ന് കേന്ദ്ര-ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്കുകൾ പറയുന്നു. 2010 ൽ ഇത് 96 ജില്ലകൾ ആയിരുന്നു.

## ഇടതുപക്ഷ തീവ്രവാദം ഇന്ത്യയിൽ

ആഗോളതലത്തിൽ മാവോയിസം എന്ന പേരിലും ഇന്ത്യയിൽ നക്സലിസം എന്ന പേരിലും ഇടതുപക്ഷ തീവ്രവാദം അറിയപ്പെടുന്നുണ്ട്.

## നക്സലിസം എന്ന പേര് വന്നതെങ്ങനെ?

1967 ൽ ബംഗാളിലെ നക്സൽബാരി എന്ന ഗ്രാമത്തെ കുറിച്ചുകൊണ്ടാണ് നക്സലിസം എന്ന പേര് ഉപയോഗിച്ചുതുടങ്ങിയത്. ഗ്രാമത്തിലെ കർഷകരെ പീഡിപ്പിച്ചുകൊണ്ടിരുന്ന ഭൂപ്രഭുക്കന്മാർക്കെതിരെ വിപ്ലവം

നയിച്ചുകൊണ്ടാണ് നക്സലിസം ആരംഭിക്കുന്നത്. കർഷകർക്കായി ഭൂമി വീതിച്ചുനൽകുക എന്നതായിരുന്നു ആവശ്യം.

പിന്നീട് ഛത്തീസ്ഗഡ്, ഒഡിഷ, ആന്ധ്രാപ്രദേശ് തുടങ്ങിയ കിഴക്കൻ സംസ്ഥാനങ്ങളിലെ അവികസിത മേഖലകളിലേക്ക് ഈ ആശയവും പ്രവർത്തനരീതിയും പടർന്നു.

## ഇടതുപക്ഷ തീവ്രവാദത്തിന് കാരണമായ ഘടകങ്ങൾ

ധാതുലവണങ്ങളാൽ സമ്പുഷ്ടമായ മേഖല ആയിരുന്നിട്ടും ഇവിടങ്ങളിലെ വികസനമില്ലായ്മയാണ് പ്രധാനമായും മാവോയിസം വളരാൻ കാരണമായി മാറിയത്. മാവോയിസം ശക്തിപ്രാപിച്ച മേഖലകൾ കൂടുതലും ഗോത്രമേഖലകൾ ആണ്.

### ഗോത്രമേഖലയിലെ അസന്തുഷ്ടി

ACHARYA
An influential mentor

- സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ പല പ്രവർത്തനങ്ങളും ഗോത്ര മേഖലയിലെ അസന്തുഷ്ടിക്ക് കാരണമായി മാറി.
- 1980 ലെ വനസംരക്ഷണ നിയമം പലപ്പോഴും ഗോത്രവിഭാഗക്കാർക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചു.
- ഇത്തരം മേഖലകളിലെ വികസനപ്രവർത്തനങ്ങൾ പലപ്പോഴും വലിയരീതിയിലുള്ള കുടിയൊഴിപ്പിക്കലുകൾക്ക് വഴിയൊരുക്കി.

### അഴിമതി

ഭരണമേഖലയിലെ അഴിമതിയും കാര്യക്ഷമതയില്ലായ്മയും നക്സലിസം വളരുന്നതിന് വഴിയൊരുക്കി.

## സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ

- ഇത്തരം മേഖലകളിലെ വികസനപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനോടൊപ്പം മറ്റു സുരക്ഷാ നടപടികളും സർക്കാർ സ്വീകരിച്ചുവന്നു.

- ഓപ്പറേഷൻ ഗ്രീൻ ഹണ്ട് : 2009 -10 കാലഘട്ടത്തിൽ ആരംഭിച്ച പദ്ധതി പ്രകാരം നക്സൽ ബാധിത പ്രദേശങ്ങളിൽ വലിയ രീതിൽ സുരക്ഷാ സൈനികരെ വിന്യസിച്ചു.

- ആസ്പിരേഷണൽ ഡിസ്ട്രിക്ട് പദ്ധതി : രാജ്യത്തെ വികസന കാര്യത്തിൽ പിറകിൽ നിൽക്കുന്ന ജില്ലകളിൽ ദ്രുതഗതിയിൽ വികസനം നടപ്പാക്കുക എന്ന ലക്ഷ്യവുമായി 2018 ൽ ആരംഭിച്ച പദ്ധതിയാണിത്.

- നക്സൽ ബാധിത പ്രദേശങ്ങളിലെ മൊബൈൽ കണക്ടിവിറ്റി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം മേഖലകളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്ന നടപടികൾ 2014 മുതൽ മൊബൈൽ ടവർ പ്രോജക്ട് എന്ന പേരിൽ നടപ്പാക്കുന്നു.

## ആഗോളതലത്തിൽത്തന്നെ ഭക്ഷ്യ-വിതരണ സംവിധാനത്തിൽ മാറ്റങ്ങൾ അനിവാര്യമാകുന്നു.

ആഗോളതലത്തിൽ തന്നെ വർദ്ധിച്ചുവരുന്ന പട്ടിണിക്കും വിശപ്പിനും പരിഹാരം കാണണമെങ്കിൽ ഭക്ഷ്യോത്പാദനത്തിലും വിതരണത്തിലും തുടങ്ങി ഭക്ഷ്യോപഭോഗത്തിൽ വരെ മാറ്റങ്ങൾ ആവശ്യമാണ്. സുസ്ഥിരവികസനത്തിന് ഇത് അനിവാര്യമാകുന്നു. 2030 ആകുമ്പോഴേക്കും ലക്ഷ്യം വെക്കുന്ന 17 സുസ്ഥിര വികസനലക്ഷ്യങ്ങളിൽ 11 എണ്ണവും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടതാണ്.

## ഈ മേഖലയിൽ ലോകരാജ്യങ്ങൾക്ക് പ്രത്യേകിച്ച് വികസ്വര രാജ്യങ്ങൾക്ക് ഇന്ത്യയിൽ നിന്നും നിരവധി പാഠങ്ങൾ പഠിക്കാൻ സാധിക്കും.

- ഗുരുതരമായ ഭക്ഷ്യക്ഷാമത്തിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ കയറ്റി അയക്കുന്ന സാഹചര്യത്തിലേക്കെത്തിയ ഇന്ത്യയുടെ വളർച്ച മാതൃകാപരമാണ്. ഭൂപരിഷ്കരണം, പൊതുനിക്ഷേപം, അടിസ്ഥാനസൗകര്യവികസനം, നിയന്ത്രണവ്യവസ്ഥകളും സംവിധാനങ്ങളും, വിപണനമേഖലയിലെ പരിഷ്കാരങ്ങൾ, ഗവേഷണം തുടങ്ങി വിപുലമായ ശ്രമങ്ങളിലൂടെയാണ് ഇന്ത്യ

ഭക്ഷ്യസുരക്ഷാ മേഖലയിൽ സ്വയംപര്യാപ്തതയുടെ പാതയിലെത്തിയത്.

- ഹരിത വിപ്ലവത്തിലൂടെ ഭക്ഷ്യോത്പാദനം വലിയരീതിയിൽ വർദ്ധിപ്പിക്കുകയും ഒപ്പം കുറഞ്ഞ താങ്ങുവിലയിലൂടെ കർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുകയും ചെയ്തു.

- 2013 ലെ ഭക്ഷ്യസുരക്ഷാ നിയമത്തിലൂടെ ഭക്ഷണം നിയമപരമായ അവകാശമാക്കി മാറ്റി.

- പൊതുവിതരണസംമ്പ്രദായത്തിലൂടെ താഴെത്തട്ടിലേക്ക് ഭക്ഷ്യധാന്യ വിതരണം കാര്യക്ഷമമാക്കുകയും മിഡ് -ഡേ സ്കീം പോലുള്ള പദ്ധതികൾ വഴി വിദ്യാലയങ്ങളിലൂടെ പോഷകാഹാരങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്തു.

- 1991 നും 2015 നും ഇടക്കുള്ള കാലഘട്ടം എന്നത് രാജ്യത്തെ ഭക്ഷ്യോത്പാദനമേഖലയിലെ വൈവിധ്യവത്കരണത്തിന്റെ കാലഘട്ടം ആയിരുന്നു. മത്സ്യകൃഷി മേഖലയിലും പാലുല്പാദന മേഖലയിലും ഹോർട്ടികൾച്ചർ മേഖലയിലും കൂടുതൽ ശ്രദ്ധ നൽകി.

ACHARYA
An influential mentor

## ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട നിലനിൽക്കുന്ന ഭീഷണികൾ

- **കാലാവസ്ഥാവ്യതിയാനം**: കാലാവസ്ഥാവ്യതിയാനവും അശാസ്ത്രീയമായ രീതിയിലുള്ള ഭൂവിനിയോഗവും കാർഷികമേഖലയിൽ ഭീഷണിയാകുന്നു.

- **ഭക്ഷ്യവൈവിധ്യം:** നെൽക്കൃഷിയിലും ഗോതമ്പ് കൃഷിയിലും ശ്രദ്ധ കേന്ദ്രീകരിച്ചത് പോഷകഗുണമുള്ള മറ്റു വിളകൾക്ക് ദോഷകരമാകുകയും അത് പോഷകാഹാര ലഭ്യതയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.

- **പോഷകാഹാരക്കുറവ്**: ഇന്ത്യയിലെ പോഷകാഹാരക്കുറവ് കണക്കുപ്രകാരം ആഗോള ശരാശരിയേക്കാൾ അൻപത് ശതമാനം അധികമാണ്. രാജ്യത്ത് ആവശ്യത്തിലധികം ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുമ്പോഴും ജനസംഖ്യയുടെ 15 ശതമാനത്തോളം പേര് പോഷകാഹാരക്കുറവ് നേരിടുന്നു. പോഷകവൽക്കരണം നടത്തിയ

അരി പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിലോടെയും 'പോഷൻ അഭിയാൻ' തുടങ്ങിയ പദ്ധതികളിലൂടെയും രാജ്യത്തെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ ശ്രമിച്ചു വരുന്നു.

- സൂക്ഷിപ്പ് സ്ഥലങ്ങളുടെ അപര്യാപ്തതയും വിതരണ സംവിധാനത്തിന്റെ കാര്യക്ഷമതയിലെ കുറവും കാരണം വലിയ അളവ് ഭക്ഷ്യധാന്യങ്ങൾ നശിക്കുന്നു.

## ചെയ്യേണ്ടത്

- വിളകളിലെ വൈവിധ്യവൽക്കരണം : നെല്ലും ഗോതമ്പിനുമപ്പുറം പയറുവർഗ്ഗങ്ങൾ പോലുള്ള മറ്റുവിളകൾക്കും സർക്കാർ പ്രോത്സാഹനം നൽകുകയും അവയുടെ കൃഷി വിപുലമാക്കുകയും വേണം

- കാർഷിക-ഉല്പാദന സംഘങ്ങൾ പോലുള്ളവയെ ശക്തിപ്പെടുത്തണം.

- കാർഷികമേഖലയിൽ ആധുനിക സാങ്കേതികവിദ്യകളുടെ സേവനം ലഭ്യമാക്കണം.

- കാർഷികേതര മേഖലയുടെ വളർച്ചയുടെ കാർഷികമേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറക്കണം.

ACHARYA
An influential mentor

# എനേബിൾ ദി ഡിസേബിൾ

2030 ആകുമ്പോഴേക്കുമുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാധ്യമാകണമെങ്കിൽ ലോകത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട എല്ലാവർക്കും നീതിയും ക്ഷേമവും ലഭ്യമാകേണ്ടതുണ്ട്. ഐക്യരാഷ്ട്ര സഭ ജനറൽ സെക്രട്ടറി ഈയ്യിടെ അംഗവൈകല്യം സംഭവിച്ചവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ ഇൻക്ലൂസിവ് ആയ ലോകം സൃഷ്ടിയ്ക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായിരുന്നു.

## ലോകത്തിൽ അംഗവൈകല്യം ഉള്ളവരുമായി ബന്ധപ്പെട്ട കണക്കുകൾ

- ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ലോകത്തിലെ മൊത്തം ജനസംഖ്യയുടെ 15 ശതമാനത്തോളം ഏതെങ്കിലും തരത്തിലുള്ള അംഗവൈകല്യം നേരിടുന്നവരാണ്.

- ലോകത്തിൽ ഏതെങ്കിലും തരത്തിൽ അംഗവൈകല്യം നേരിടുന്നവരുടെ 80 ശതമാനത്തോളം അധിവസിക്കുന്നത് വികസ്വര രാജ്യങ്ങളിലാണ്.

## പ്രശ്നങ്ങൾ

- അംഗവൈകല്യമുള്ള സ്ത്രീകളും പെൺകുട്ടികളും അക്രമങ്ങൾക്ക് ഇരയാകാനുള്ള സാധ്യത കൂടുതലാണ്.

- സമൂഹം ഇവരോട് കാണിക്കുന്ന വേർതിരിവ് ഇവർക്ക് വിദ്യാഭ്യാസം, ആരോഗ്യസുരക്ഷ, ജോലി, തുടങ്ങിയവ ലഭിക്കുന്നതിന് തടസ്സമായി മാറുന്നു.

- കോവിഡ് മഹാമാരിയും തുടർന്നുണ്ടായ നിയന്ത്രണങ്ങളും ഇവരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കി.

ACHARYA
An influential mentor

## ചെയ്യേണ്ടത്

- അംഗവൈകല്യം ഉള്ളവരുടെയും അവകാശങ്ങളും മറ്റും സമൂഹം ഉൾക്കൊള്ളാൻ തയ്യാറാകുകയും അവരെ ഉൾപ്പെടെ എല്ലാവരെയും മാനുഷിക പരിഗണനയോടെയും ബഹുമാനത്തോടെയും സമൂഹം വീക്ഷിക്കാൻ തയ്യാറാകുകയും വേണം.
- അംഗവൈകല്യം ഉള്ളവർക്ക് എല്ലാ വിധ മാനുഷികാവകാശങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

- അംഗവൈകല്യം ഉള്ളവരെ സമൂഹത്തിന്റെ മുഖ്യശ്രേണിയിലേക്ക് കൊണ്ടുവരാനാവശ്യമായ ഇടപെടലുകൾ സർക്കാരുകളുടെ ഭാഗത്ത് നിന്നുണ്ടാകണം.

## സർക്കാർ പദ്ധതികൾ

**ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ**

അംഗവൈകല്യം ഉള്ളവർക്ക് സമൂഹത്തിൽ സ്വാതന്ത്രരായും അഭിമാനത്തോടെയും ജീവിക്കാൻ തക്കതായ രീതിയിൽ സമൂഹത്തിന്റെ എല്ലാ മേഖലയിലും അവർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതി ആണിത്.

ഗതാഗതം, കെട്ടിടങ്ങൾ, വിവരസാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിലെല്ലാം അംഗവൈകല്യം സംഭവിച്ചവർക്ക് ആവശ്യമായ സൗകര്യങ്ങൾ പദ്ധതി വഴി ഉറപ്പാക്കാൻ ശ്രമിക്കുന്നു.

**ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം.**

അംഗവൈകല്യം സംഭവിച്ചവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്ന എൻ.ജി.ഓ കൾക്ക് പദ്ധതി പ്രകാരം സാമ്പത്തിക സഹായം സർക്കാർ ലഭ്യമാക്കുന്നു.

# പി.എം പോഷൻ (പ്രൈം മിനിസ്റ്റർ പോഷൻ) പദ്ധതി

ASHAYA
An influential mentor

സർക്കാർ സ്കൂളുകളിലും സർക്കാർ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്ന പ്രൈം മിനിസ്റ്റർ പോഷൻ പദ്ധതിക്ക് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകി. ആദ്യഘട്ടത്തിൽ വരുന്ന അഞ്ച് വർഷത്തേക്കാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്.

വിദ്യാർത്ഥി/ വിദ്യാർഥിനികൾക്ക് സ്കൂളിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന നിലവിലെ മിഡ്-ഡേ മീൽ പദ്ധതി പി.എം പോഷൻ പദ്ധതിയിൽ ലയിക്കും.

## എന്താണ് മിഡ്-ഡേ മീൽ പദ്ധതി?

- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിൽ 1995 ൽ ആരംഭിച്ച പദ്ധതിയാണിത്.

- പദ്ധതിപ്രകാരം ആറ് വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് സ്കൂളിൽ ഉച്ചഭക്ഷണം ലഭ്യമാക്കും. ഒന്നാം

ക്ളാസുമുതൽ എട്ടാം ക്ളാസുവരെയുള്ള കുട്ടികൾക്കാണ് പദ്ധതിയുടെ ഗുണം ലഭിച്ചുവന്നത്.

## എന്താണ് പി.എം പോഷൻ പദ്ധതി?

- ഈ പദ്ധതി പ്രകാരം പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്കും, അതായത് ബാലവാടിയിൽ പഠിക്കുന്ന കുട്ടികൾക്കും ഉച്ചഭക്ഷണം ലഭ്യമാക്കും.

- പദ്ധതിപ്രകാരം അനീമിയ കൂടുതലുള്ള ജില്ലകളിലും ആസ്പിരേഷണൽ ജില്ലകളിലും അനുബന്ധ-പോഷകാഹാരങ്ങൾകൂടി കുട്ടികൾക്ക് ലഭ്യമാക്കും.

- നിലവിൽ ഏതെങ്കിലും സംസ്ഥാനം കുട്ടികൾക്ക് ഉച്ചഭകഷണത്തോടൊപ്പം പാൽ, മുട്ട തുടങ്ങിയ അനുബന്ധ പോഷകാഹാരങ്ങൾ നല്കാൻ തീരുമാനിച്ചാൽ അതിന്റെ ചെലവ് കേന്ദ്രസർക്കാർ വഹിക്കില്ലായിരുന്നു. അതായത് അരി, ഗോതമ്പ്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവക്ക് മാത്രമാണ് കേന്ദ്രം ചെലവ് വഹിക്കുന്നത്. എന്നാൽ പി.എം. പോഷൻ പദ്ധതി പ്രകാരം ആ നിയന്ത്രണം കേന്ദ്രസർക്കാർ വേണ്ടെന്നു വെച്ചു.

- ആഘോഷദിവസങ്ങൾ പോലുള്ള പ്രത്യേക ദിവസങ്ങളിൽ കുട്ടികൾക്ക് പ്രത്യേക ഭക്ഷണങ്ങൾ സമൂഹത്തിലെ എല്ലാവരും ചേർന്ന് നൽകുന്ന "തീർത്ഥിഭോജൻ" എന്ന ആശയത്തെ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു.

s

## എന്തുകൊണ്ട് ഈ പദ്ധതി?

- 2020 ലെ ഗ്ലോബൽ ന്യൂട്രിഷൻ റിപ്പോർട്ട് പ്രകാരം 2025 ആകുമ്പോഴേക്കുമുള്ള ഗ്ലോബൽ ന്യൂട്രിഷൻ ലക്ഷ്യം നേടാൻ സാധ്യതയില്ലാത്ത 88 രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

- മൊത്തം 107 രാജ്യങ്ങൾ ഉൾപ്പെടുന്ന ആഗോള വിശപ്പ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 94 ആണ്.

- ലോകത്ത് വളർച്ചാ മുരടിപ്പ് നേരിടുന്ന മൊത്തം കുട്ടികളുടെ 30 ശതമാനവും ഇന്ത്യയിലാണ്.

# 'സാർക്'ന്റെ പ്രാധാന്യം

ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയാണ് 'സാർക്'. ലോകത്തിലെ മൊത്തം ഭൂപ്രദേശത്തിന്റെ 3 ശതമാനവും ജനസംഖ്യയുടെ 21 ശതമാനവും സാർക് രാജ്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇന്ത്യ, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, മാലിദ്വീപ്, ശ്രീലങ്ക, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളാണ് സ് 'സാർക്'ലെ അംഗങ്ങൾ

## സാർക്ക്'ന്റെ ചരിത്രം

1979'ൽ യു.എസ്.എസ്.ആർ അഫ്ഗാനിസ്ഥാൻ കയ്യടക്കിയതോടെ ദക്ഷിണേഷ്യയിലെ സുരക്ഷാ വിഷയത്തിൽ ആശങ്കകൾ വന്നുതുടങ്ങി. ഈ സാഹചര്യത്തിൽ 1981ൽ 7 രാജ്യങ്ങളുടെ വിദേശകാര്യമന്ത്രിമാർ കൊളോമ്പോയിൽ ഒത്തുചേരുകയും അവിടെവെച്ചു ദക്ഷിണേഷ്യയുടെ സുരക്ഷാപരവും വ്യാപാരപരവുമായും ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനുള്ള വേദി എന്ന നിലക്ക് ഒരു സംഘടന രൂപീകരിക്കാൻ ബംഗ്ലാദേശിന്റെ ഭാഗത്തു നിന്നും നിർദ്ദേശം വരുകയും ചെയ്തു. ആദ്യ ഘട്ടത്തിൽ ഇന്ത്യയും പാകിസ്ഥാനും ഒഴികെ ബാക്കി രാജ്യങ്ങളെല്ലാം അതിനെ പിന്തുണക്കുകയും പിന്നീട് ഇന്ത്യയും പാകിസ്ഥാനും പിന്തുണക്കുന്ന സാഹചര്യം വരുകയും ചെയ്തു.

ACHARYA
An influential mentor

ഈ ഏഴ് രാജ്യങ്ങൾ പിന്നീട് 1983'ൽ ധാക്കയിൽ ഒത്തുചേരുകയും 'സാർക്ക്' ഔദ്യോഗികമായി രൂപീകരിക്കുകയും ചെയ്തു. ഇതേ യോഗത്തിൽ വെച്ച അംഗരാജ്യങ്ങൾ പരസ്പരം സഹകരിക്കേണ്ടതായ അഞ്ച് മേഖലകൾ തീരുമാനിക്കുകയും ചെയ്തു അവ:

- കൃഷി
- ഗ്രാമവികസനം
- വാർത്താവിനിമയം
- കാലാവസ്ഥാപഠനം

- ആരോഗ്യവും ജനസംഖ്യാപരവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയാണ്.

## സർക്കിന്റെ ലക്ഷ്യങ്ങൾ

- ദക്ഷിണേഷ്യയിലെ ജനക്ഷേമം ഉറപ്പുവരുത്തുകയും അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക.

- മേഖലയുടെ സാമ്പത്തിക വളർച്ചയും സാമൂഹിക വികസനവും സാംസ്കാരിക വികസനവും ഉറപ്പുവരുത്തുക.

- ദക്ഷിണേഷ്യയുടെ സ്വയംപര്യാപ്തത

- പരസ്പരധാരണയും വിശ്വാസവും വളർത്തുക

- മറ്റുമേഖലയിലെ വികസ്വര രാജ്യങ്ങളുമായുള്ള സഹകരണം

ACHARYA
An influential mentor

## 'സാർക്ക്'ന്റെ പ്രാധാന്യം

- മേഖലയിലെ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരസ്പരം ചർച്ചയിലൂടെ പരിഹരിക്കാതെ പോകുമ്പോൾ പ്രശ്നങ്ങൾ അപ്രകാരം പരിഹരിക്കാനുള്ള വേദിയായി 'സാർക്' നിലകൊള്ളുന്നു.

- കാലാവസ്ഥാവ്യതിയാനം. ഭക്ഷ്യസുരക്ഷ, മഹാമാരി തുടങ്ങിയ വിഷയങ്ങളിലെ പരസ്പര സഹകരണം.

- ദാരിദ്ര്യം, നിരക്ഷരത, പോഷകക്കുറവ്, പ്രകൃതി ദുരന്തങ്ങൾ, വ്യവസായികവും സാങ്കേതികപരവുമായ പിന്നോക്കാവസ്ഥ തുടങ്ങി 'സാർക്ക്' രാജ്യങ്ങൾ നേരിടുന്നത് ഒരേ പ്രശ്നങ്ങളാണ്.

## 'സാർക്ക്'ന്റെ വെല്ലുവിളികൾ

- **പരസ്പര സ്പർദ്ധ** - ഇന്ത്യയും പാകിസ്ഥാനും ഉൾപ്പെടെ 'സാർക്ക്'ലെ പല അംഗരാജ്യങ്ങളും തമ്മിൽ അതിർത്തിത്തർക്കം ഉൾപ്പെടെയുള്ള വിഷയങ്ങൾ നിലനിൽക്കുന്നു.

- ഇതുവരെ സമഗ്രമായ ഒരു വ്യാപാര കരാർ ഉണ്ടാക്കാൻ 'സാർക്ക്'ന് സാധിച്ചിട്ടില്ല.

- **ഇന്ത്യ-പാകിസ്ഥാൻ പ്രശ്നങ്ങൾ** - സംഘടനയിലെ ഏറ്റവും ശക്തമായ രണ്ട് അംഗരാജ്യങ്ങളാണ് ഇന്ത്യയും പാകിസ്ഥാനും അതുകൊണ്ടുതന്നെ ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രശ്നങ്ങൾ സംഘടനയുടെ വളർച്ചക്ക് തടസ്സമാകുന്നു.

## ഇന്ത്യയെ സംബന്ധിച്ചിടത്തോളം 'സാർക്ക്'ന്റെ പ്രാധാന്യം

- ഇന്ത്യയുടെ വിദേശനയതിന്റെ പ്രധാന ഭാഗമാണ് 'അയൽക്കാർ ആദ്യം' എന്ന നയം. സംഘടനയിലെ അംഗങ്ങളെല്ലാം ഇന്ത്യയുടെ അയൽ രാജ്യങ്ങളാണ്.

- മേഖലയിലെ രാജ്യങ്ങളിൽ ചൈനക്കുള്ള സ്വാധീനം ചെറുക്കൻ 'സാർക്ക്' ഇന്ത്യക്ക് ഉപകാരപ്രദമാകും.

- മേഖലയിൽ സമാധാനവും സുരക്ഷയും ഉറപ്പു വരുത്താൻ 'സാർക്ക്' സഹായിക്കും. രാജ്യത്തിൻറെ വളർച്ചക്ക് മേഖലയിലെ സുരക്ഷയും സമാധാനവും ആവശ്യമാണ്.

- 'സാർക്ക്'ലെ അംഗരാജ്യങ്ങൾ എല്ലാം തന്നെ സാമ്പത്തികപരമായും സൈനികപരമായും സാങ്കേതികപരമായും ഇന്ത്യയേക്കാൾ പിറകിലാണ്. അതുകൊണ്ടുതന്നെ 'സാർക്ക്' വഴിയുള്ള ഇടപെടലുകളിലൂടെ മേഖലയിലെ നേതൃത്വപാടവം തെളിയിക്കാൻ ഇന്ത്യക്ക് സാധിക്കും.

ACHARYA
An influential mentor

ACHARYA
An influential mentor